സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഡിസംബർ 2025 | വാല്യം 52 ലക്കം 9 | പേജ് 12 | വില ₹10.00

UNITY Monthly | December 2025 | Volume 52 Issue 9 | Chief Editor: JAISON JOSEPH | Page 12 | Price ₹10.00

# എൽഡിഎഫ് ഭരണത്തോടുള്ള വെറുപ്പും രോഷവും നിർണ്ണയിച്ച പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഫലം

***തദ്ദേശ തിരഞ്ഞെടുപ്പിൽ പതിവിന് വിപരീതമായി യുഡിഎഫ് മികച്ച വിജയം നേടിയിരിക്കുന്നു. പഞ്ചായത്തീരാജ് നിയമം വന്നതിനുശേഷം നടന്നിട്ടുള്ള ഏഴ് തദ്ദേശ തിരഞ്ഞെടുപ്പുകളിലെയും ഏറ്റവും വലിയ വിജയമാണ് യുഡിഎഫ് നേടിയിട്ടുള്ളത്. സംസ്ഥാനത്ത് പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിക്കാൻ വേണ്ടുന്ന അനുകൂല ഘടകങ്ങൾ പലതും ഉണ്ടായിട്ടും സിപിഐ(എം) നയിക്കുന്ന മുന്നണി പരാജയപ്പെട്ടു.***

**അ**ധികാരത്തിന്റെ ബലം ഉപയോഗിച്ച്, തങ്ങൾക്ക് ഗുണകരമായ നിലയിൽ വാർഡ് വിഭജനം നടത്തി. യഥാർത്ഥ വോട്ടർമാരിൽ ഒരു വിഭാഗത്തെ പട്ടികയിൽനിന്ന് പുറത്താക്കി. തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ആനുകൂല്യ പ്രഖ്യാപനങ്ങൾ നടത്തിജനപക്ഷമുഖംമൂടിയണിഞ്ഞു. എന്നിട്ടും സിപിഐ(എം)നേക്കാൾ അതീവ ദുർബ്ബലമായ പ്രാദേശിക സംഘടനാ സംവിധാനം മാത്രമുള്ള കോൺഗ്രസ് നയിക്കുന്ന മുന്നണിക്കു മുമ്പിൽ ഇടതുമുന്നണി പരാജയപ്പെട്ടു. എന്തുകൊണ്ട്? പിണറായി സർക്കാരിന്റെ കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലത്തെ ജനവിരുദ്ധ നയങ്ങളും സമരവിരുദ്ധ സമീപനവും ജനങ്ങൾക്കിടയിൽ സൃഷ്ടിച്ച അസംതൃപ്തിയുടെയും വെറുപ്പിന്റെയും രോഷത്തിന്റെയും ആഴമാണ് ഈ തിരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുന്നത്.

2025 ഡിസംബർ 9, 11 തീയതികളിലായി നടന്ന സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടന്നത് ഡിസംബർ 13 നാണ്. പ്രാഥമിക വിവരങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്തുകളിൽ 7 എണ്ണം വീതം യുഡിഎഫും എൽഡിഎഫും നേടി. കഴിഞ്ഞ തവണ നേടിയ 321 ഗ്രാമ പഞ്ചായത്തുകളുടെ സ്ഥാനത്ത് യുഡിഎഫ്, ഇക്കുറി 505 പഞ്ചായത്തുകളുടെ ഭരണമാണ് നേടിയത്. എ.ഡിഎഫിന്റേത് കഴിഞ്ഞ തവണത്തെ 514ൽ നിന്നും 340 ആയി കുറയുകയും ചെയ്തു. ബ്ലോക്ക് പഞ്ചായത്തുകളിലും യുഡിഎഫിനാണ് നേട്ടം. നാലു കോർപ്പറേഷനുകളുടെ ഭരണം യുഡിഎഫ് നേടിയപ്പോൾ ഒന്ന് എൽഡിഎഫും മറ്റൊന്ന് എൻഡിഎയും നേടി. മുൻസിപ്പാലിറ്റികളിലും യുഡിഎഫിനു തന്നെയാണ് മേൽക്കൈ. ഇത്തരമൊരു ഫലം സൃഷ്ടിക്കാനിടയാക്കിയ ഘടകങ്ങൾ എന്തൊക്കെയാണ്?

### എൽഡിഎഫിന്റെ അനുകൂല ഘടകങ്ങളെ നിഷ്പ്രഭമാക്കിയ ഭരണവിരുദ്ധ വികാരം

സംസ്ഥാനത്ത് പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഇടതു കക്ഷികൾ നയിക്കുന്ന മുന്നണി ജയിക്കുന്നത് പതിവ് കാഴ്ചയാണ്. 2010ലെ തിരഞ്ഞെടുപ്പിലൊഴികെ ഏതാണ്ട് എല്ലാ തദ്ദേശ തിരഞ്ഞെടുപ്പിലും ഇടതുമുന്നണിയാണ് ഭൂരിപക്ഷം സീറ്റുകളിലും ജയിച്ചിട്ടുള്ളത്. ഇടതു കക്ഷികൾക്ക് പ്രത്യേകിച്ചും സിപിഐ(എം)ന് പതിവായി ജയിക്കാനിട നൽകുന്ന അനുകൂല ഘടകങ്ങളിൽ ഒന്ന് പ്രാദേശിക സംഘടനാ സംവിധാനമാണ്. പ്രധാന എതിരാളി

(ശേഷം 2–ാം പേജിൽ)



സംയുക്ത കിസാൻ മോർച്ചയുടെ നേതാവും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പൊളിറ്റ് ബ്യൂറോ അംഗവുമായ സഖാവ് സത്യവാൻ ഒഡിയഷയിൽ കിയോഞ്ജർ ജില്ലയിൽ കർഷകരുടെ യോഗത്തിൽ പ്രസംഗിക്കുന്നു.

### ഒഡിഷയിലെ ദരിദ്രകർഷകരുടെ ജിൻഡാൽ–പോസ്കോ വിരുദ്ധ സമരം

## സഖാവ് സത്യവാനെ ആക്രമിച്ചതിൽ പ്രതിഷേധം ശക്തമാകുന്നു

**സം**യുക്ത കിസാൻ മോർച്ച (എസ്കെഎം) ദേശീയ നേതാവും ഓൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടനയുടെ (AIKKMS) പ്രസിഡന്റുമായ സഖാവ് സത്യവാനും മറ്റ് കർഷക നേതാക്കൾക്കും നേരെ ഒഡിഷയിലെ കിയോഞ്ജർ ജില്ലയിലുണ്ടായ ആക്രമണത്തെ എസ്കെഎം ശക്തമായി അപലപിച്ചു. ആർഎസ്എസ്-ബിജെപി ഗുണ്ടകൾ നടത്തിയ ഈ ആക്രമണം, രാജ്യസ്നേഹികളായ കർഷകരെ ഭീഷണിപ്പെടുത്തി, പോസ്കോ, ജിൻഡാൽ കമ്പനികളുടെ നിർബന്ധിത ഭൂമി ഏറ്റെടുക്കലിനെതിരായ സമരത്തിൽനിന്ന് പിന്തിരിപ്പിക്കാനുള്ള ഹീനപദ്ധതിയാണ്.

ലാത്തികളും മറ്റായുധങ്ങളുമായി എത്തിയ ഗുണ്ടകൾ സത്യവാൻ ഉൾപ്പെടെയുള്ള നേതാക്കളെയും പ്രവർത്തകരെയും ആക്രമിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്തു. ഗുണ്ടകൾ ഇവരെ ബലംപ്രയോഗിച്ച് തുറുമുങ്കാ പോലീസ് സ്റ്റേഷനിലെത്തിച്ചു. പോലീസിന്റെ സാന്നിധ്യത്തിലും ഗുണ്ടകൾ നേതാക്കളെ ആക്രമിക്കുകയുണ്ടായി. പോലീസ് ഇവരെ മണിക്കൂറുകളോളം നിയമവിരുദ്ധമായി തടങ്കലിൽ വെച്ചതിനു ശേഷമാണ് വിട്ടയച്ചത്.

കുറ്റവാളികളെ അറസ്റ്റുചെയ്ത് അവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കണമെന്നും, ക്രമസമാധാനം ഉറപ്പാക്കണമെന്നും,പ്രതിഷേധിക്കാനുള്ള പൗരരുടെ ജനാധിപത്യപരമായ

(ശേഷം 3–ാം പേജിൽ)

### മോദി സർക്കാരിന്റെ ലേബർ കോഡുകൾ

## അനിയന്ത്രിതമായ തൊഴിൽ ചൂഷണത്തിന് മുതലാളിമാർക്ക് നിയമപരമായ ഒത്താശ നൽകുന്നു

***അഞ്ചുവർഷംമുമ്പ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട നാല് ലേബർ കോഡുകൾ 2025 നവംബർ 21 മുതൽ രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടുള്ള പ്രഖ്യാപനം പ്രധാനമന്ത്രി നടത്തിയിരിക്കുകയാണ്. തൊഴിലാളികൾ രക്തംനൽകി പൊരുതി സ്ഥാപിച്ചിരുന്ന 29 സുപ്രധാന തൊഴിൽ നിയമങ്ങൾ ഇതോടെ ഇല്ലാതായിരിക്കുന്നു. 2019 മുതൽ രാജ്യത്തെ ട്രേഡ് യൂണിയനുകളും തൊഴിലാളികളും പണിമുടക്കുകൾ ഉൾപ്പെടെ അനേകം പ്രക്ഷോഭണങ്ങൾ നടത്തി എതിർത്തിരുന്ന തൊഴിലാളിവിരുദ്ധ ലേബർ കോഡുകളാണ് മോദി സർക്കാർ തികച്ചും ഏകാധിപത്യപരമായി നടപ്പിലാക്കാൻ തുനിഞ്ഞിരിക്കുന്നത്.***

**തൊ**ഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച് ചർച്ചചെയ്യാനുള്ള രാജ്യത്തെ ഉയർന്ന ഔദ്യോഗിക സംഘടനയായ ഇന്ത്യൻ ലേബർ കോൺഫറൻസ് (ILC) വിളിച്ചുചേർത്ത് ചർച്ച ചെയ്യാൻപോലും കേന്ദ്രസർക്കാർ തയ്യാറാകാതെയാണ് ഇത് നടപ്പിലാക്കുന്നത്. കേന്ദ്ര ട്രേഡ് യൂണിയനുകൾ നിരന്തരം ആവശ്യപ്പെട്ടിട്ടും 10 വർഷമായി ഐഎൽസി വിളിച്ചു ചേർക്കാൻ സർക്കാർ തയ്യാറായിട്ടില്ല. നാല് ലേബർ കോഡുകൾ നടപ്പിലാക്കുന്നതിലൂടെ അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതത്തിൽ മൗലികവും ഘടനാപരവുമായ ആഘാതങ്ങൾക്ക് വഴിവെക്കും:

1)'നിശ്ചിത കാലയളവിലുള്ള തൊഴിൽ' (Fixed Term Employment) എന്ന വ്യവസ്ഥ, അതായത് "ഒരു നിശ്ചിത കാലയളവിലേക്ക് എഴുതപ്പെട്ട തൊഴിൽ കരാറിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിയെ നിയമിക്കുന്നത്" സംബന്ധിച്ച് 2020ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിലെ(ഐആർ കോഡ്) സെക്ഷൻ 2(o) പ്രകാരം ചേർത്തിരിക്കുന്നു. ഇത് ഭാവിയിൽ 'സ്ഥിരം ജോലി', 'ജോലി സുരക്ഷിതത്വം' എന്ന സങ്കൽപ്പത്തിന് അന്ത്യം കുറിക്കുമെന്ന് മാത്രമല്ല, സ്ഥാപന ഉടമകൾക്ക് തൊഴിലാളികളെ യഥേഷ്ടം 'നിയമിക്കുക-പിരിച്ചുവിടുക' (Hire & Fire) എന്ന നയം വ്യാപകമായി നടപ്പിലാക്കാനുള്ള അനുമതിപത്രമായി ഇത് മാറും.

2) 2020ലെ ഐആർ കോഡിലെ സെക്ഷൻ 62(1) പ്രകാരം, പണിമുടക്കുന്നതിന് 14 ദിവസത്തെ 'പണിമുടക്ക് നോട്ടീസ്' നൽകണമെന്ന വ്യവസ്ഥ എല്ലാ വ്യാവസായിക സ്ഥാപനങ്ങളിലും ഏർപ്പെടുത്തിയിരിക്കുന്നു. നിലവിൽ ഈ വ്യവസ്ഥ അവശ്യ സേവനങ്ങളിൽ (Public Utility Services) ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ ബാധകമായിരുന്നുള്ളൂ. ഇവിടെ സർക്കാർ തൊഴിലാളികൾക്ക് പണിമുടക്കാനുള്ള അവകാശത്തിന് (Right to Strike) പൊതുവിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്.

3) അതേസമയം മുതലാളിമാർക്ക് ഫാക്ടറി അടച്ചിട്ടുകൊണ്ട് തൊഴിൽ നിഷേധിക്കാൻ അധി

(ശേഷം 4–ാം പേജിൽ)

പേജ് 6 വംശീയ അതിക്രമങ്ങൾ സുഡാനിൽ സൃഷ്ടിക്കുന്ന സാമൂഹ്യ പ്രതിസന്ധി
പേജ് 8 വോട്ടിംഗ് മെഷീന്റെ സോഫ്റ്റ്‌വെയർ തിരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതെങ്ങനെ ?
പേജ് 10 വന്ദേമാതരത്തെ ചൊല്ലി ബിജെപി നേതാക്കൾ വിവാദമുണ്ടാക്കുന്നതിന്റെ ലക്ഷ്യമെന്ത് ?

# ഭൂരിപക്ഷവർഗ്ഗീയതയുടെ പ്രചരണത്തിലൂടെ നേട്ടം കൊയ്യാനുള്ള സിപിഐ(എം)ന്റെ തീക്കളി ബിജെപി മുതലെടുക്കുന്നു

(1–ാം പേജിൽ നിന്ന്)

യായിട്ടുള്ള കോൺഗ്രസ്സിന്റെ പ്രാദേശിക ഘടകങ്ങൾ താരതമ്യേന, സജീവമായി പ്രവർത്തിക്കുന്നവയല്ല. നാമനിർദ്ദേശപത്രിക ചട്ടങ്ങൾക്കനുസരിച്ച് പൂരിപ്പിക്കാതെ പോയതിനാൽ മാത്രം യുഡിഎഫിന്റെ ആറ് പത്രികകൾ തള്ളിപ്പോവുകയുണ്ടായി എന്നതിൽ നിന്നും അവരുടെ പ്രാദേശിക സംഘടനയുടെ കാര്യക്ഷമത എത്രത്തോളമെന്ന് അളക്കാവുന്നതേയുള്ളൂ. ആർഎസ്എസിന്റെ പിൻബലത്തിൽ ബിജെപിയുടെ പ്രാദേശിക സംഘടനാ സംവിധാനം കാര്യക്ഷമമാണെന്നതിനാലാണ് രാഷ്ട്രീയ പിന്തുണ ഇല്ലെങ്കിലും ചില വാർഡുകളിൽ ബിജെപി ജയിക്കുന്നത്. രാഷ്ട്രീയ പിന്തുണയുടെ ബലാബലത്തിനപ്പുറം സംഘടനാസംവിധാനത്തിന്റെ ബലമാണ് പരീക്ഷിക്കപ്പെടുന്നത് എന്ന ചുരുക്കം. എന്നിട്ടും കോൺഗ്രസ് നയിക്കുന്ന യുഡിഎഫിന് ഉജ്വലമായ വിജയം കൈവരിക്കാൻ കഴിഞ്ഞതെന്തുകൊണ്ടാണ്?

പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ എൽഡിഎഫിന് വളരെ അനുകൂലമായി പ്രവർത്തിക്കുന്ന മറ്റൊരു പ്രധാന ഘടകം കുടുംബശ്രീ യൂണിറ്റുകളും അയൽക്കൂട്ടസംരംഭങ്ങളുമാണ്. പെരുകുന്ന ജീവിത പ്രാരാബ്ധങ്ങൾ നിമിത്തം വായ്പ വാങ്ങിയേ നിലനിൽക്കാനാവൂ എന്ന സാഹചര്യം, അയൽക്കൂട്ടങ്ങളും സ്വയം സഹായ സംഘങ്ങളും താഴേത്തട്ടിലുള്ള ജീവിതത്തിന് ഒഴിവാക്കാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. പഞ്ചായത്ത് ഭരണത്തിലെ മേധാവിത്വം ഉപയോഗപ്പെടുത്തി ഔദ്യോഗികമായി കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ താഴേത്തട്ടിൽ വലിയതോതിൽ സ്വാധീനം ചെലുത്താൻ സിപിഐ(എം)ന് കഴിയുന്നു.

10 വർഷമായി അധികാരത്തിലിരുന്ന ഇടതുമുന്നണി അതിന്റെ ഭരണസംവിധാനത്തെ സമ്പൂർണ്ണമായും ദുരുപയോഗം ചെയ്താണ് ഡിലിമിറ്റേഷൻ എന്ന വാർഡു വിഭജനപ്രക്രിയ നടത്തിയത്. ഭൂമിശാസ്ത്രപരമായി വിചിത്രാകൃതിയിൽ വാർഡുകൾ പുനസംഘടിപ്പിച്ചും വാർഡുകൾ തമ്മിലുള്ള ജനസംഖ്യാനുപാതം കാറ്റിൽ പറത്തിയും നടത്തിയ ഈ പ്രക്രിയ, ഒരു സാധാരണ രാഷ്ട്രീയകാലാവസ്ഥയിൽ ഇടതുമുന്നണിക്ക് അനായാസജയം ഒരുക്കിക്കൊടുക്കുന്നതായിരുന്നു. എങ്കിലും സിപിഐ(എം) നയിക്കുന്ന മുന്നണി വിജയിച്ചില്ല. എത്രയൊക്കെ അനുകൂലഘടകങ്ങളുണ്ടായിരുന്നെങ്കിലും അവയെയൊക്കെ നിഷ്പ്രഭമാക്കത്തക്കവിധമായിരുന്നു ജനങ്ങൾ അഭിമുഖീകരിക്കുന്ന ജീവിത യാഥാർത്ഥ്യങ്ങൾ എന്നതാണ് അതിനു കാരണം.

## ജനദ്രോഹഭരണത്തിന്റെ റെക്കോഡ് തകർത്ത പിണറായി സർക്കാർ

കഴിഞ്ഞ ഒരു പതിറ്റാണ്ടായി പിണറായി വിജയൻ നയിക്കുന്ന ജനദ്രോഹ ഭരണം മൂന്നരക്കോടി വരുന്ന ജനങ്ങളുടെ ജീവിതത്തിൽ ഏൽപ്പിച്ചിട്ടുള്ള പ്രഹരം സകല റെക്കോഡും കടത്തിവെട്ടിയിരിക്കുന്നു. ജീവിതച്ചെലവുകളിൽ നട്ടുവൊടിക്കുന്നത് നിത്യോപയോഗസാധനങ്ങളുടെ അതിഭീമമായ വിലയാണ്. എത്ര ചുരുക്കി ജീവിച്ചാലും സാധാരണക്കാർക്ക് രണ്ടറ്റവും കൂട്ടിമുട്ടിക്കാനാവുന്നില്ല. വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിൽ പിണറായി ഭരണം പൂർണ്ണമായ പരാജയമായി മാറി. തൊഴിൽ രാഹിത്യവും വരുമാനമില്ലായ്മയും ജനങ്ങളെ പരിഭ്രാന്തരാക്കുന്നു. ഒരു നാളും അടച്ചുതീരാനാകാത്ത കടക്കെണിയിലാണ് കുടുംബങ്ങളെല്ലാമെന്ന് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിലെ പഠനങ്ങൾ ആധികാരികമായി സ്ഥാപിക്കുന്നു. പണിചെയ്ത് ലഭിക്കുന്ന പരിമിതവരുമാനം വട്ടിപ്പലിശക്കാർക്ക് നൽകി മുടിയുകയാണ് സംസ്ഥാനത്തെ ഓരോ കുടുംബവും.

**പഞ്ചായത്ത് തിരഞ്ഞെടുപ്പ്**

ഇടതുസർക്കാരിന്റെ ഭരണത്തിൻകീഴിൽ പൊതുജനാരോഗ്യരംഗത്ത് തകരാൻ ഇനി ബാക്കിയൊന്നുമില്ല എന്ന നിലയിലാണ്. പതിനായിരങ്ങളും ലക്ഷങ്ങളും മുടക്കിയാലേ സർക്കാരാശുപത്രികളിൽപ്പോലും ചികിൽസ ലഭിക്കൂ എന്ന സ്ഥിതിയിലെത്തി യിരിക്കുന്നു. പേടിപ്പെടുത്തുന്ന ചികിൽസാച്ചെലവുകളുടെ മുമ്പിൽ ജനങ്ങൾ നിസ്സഹായരാകുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർ നടത്തിയ പരസ്യപ്രതികരണം, സംസ്ഥാനത്തെ സർക്കാർ ചികിൽസാ സംവിധാനങ്ങളുടെ തകർച്ചയുടെ യഥാർത്ഥ സ്ഥിതിയെ വെളിവാക്കുന്നു.

ഇടതുഭരണത്തിൻ കീഴിൽ സ്കൂൾതലം മുതൽ ഉന്നതതലം വരെ വിദ്യാഭ്യാസമേഖല താറുമാറായിക്കഴിഞ്ഞിരിക്കുന്നു. ഭീമമായ തുക മുടക്കി മാത്രം നേടേണ്ട ഒന്നായി വിദ്യാഭ്യാസം മാറി. ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആയി കേരളത്തെ മാറ്റുമെന്നായിരുന്നു പിണറായി സർക്കാരിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനങ്ങൾ. എന്നാലിന്ന് നമ്മുടെ കോളേജുകളിൽ പരമ്പരാഗത ബിരുദ – ബിരുദാനന്തര കോഴ്സുകളിൽ പഠിക്കാൻ വിദ്യാർത്ഥികൾ തന്നെ ഇല്ലാതായിരിക്കുന്നു. ഇടതു സർക്കാരിന്റെ പരിഷ്കാരങ്ങൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർത്തു. സുനിശ്ചിതമായ ജോലിയും ഭാവിയും സ്വപ്നംകണ്ടുകൊണ്ടാണ് സംസ്ഥാനത്തെ ലക്ഷക്കണക്കിന് യുവാക്കൾ ഭീമമായ വിദ്യാഭ്യാസവായ്പ എടുത്ത് വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്നത്. എന്നാൽ അവിടങ്ങളിൽ നിന്നും അവർ പുറത്താക്കപ്പെടുകയാണ്. തിരികെ എത്തുന്ന നമ്മുടെ കുട്ടികളെ കാത്തിരിക്കുന്നത് വിവരിക്കാനാകാത്ത ദുരന്തങ്ങളാണ്.

സംസ്ഥാനത്തിന്റെ പൊതുകടം 5 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു. മുൻഗണനാക്രമത്തിൽ ഏറ്റവും പ്രാഥമികമായി നിറവേറ്റേണ്ട, ഒരിക്കലും മുടക്കാൻ പാടില്ലാത്ത സാമ്പത്തിക വിനിയോഗങ്ങളെല്ലാം മുടങ്ങിയിരിക്കുന്നു. പട്ടിക ജാതി – പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഇ ഗ്രാന്റ് മുടങ്ങുന്നത് വർഷങ്ങളായി തുടരുകയാണ്. ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ നൽകുന്നത് നിലച്ചിട്ട് മാസങ്ങളും വർഷങ്ങളും കഴിഞ്ഞു. കെട്ടിട നിർമ്മാണ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട തൊഴിലാളികളുടെ പെൻഷൻ മുടങ്ങിയിട്ട് 18 മാസം പിന്നിട്ടുകഴിഞ്ഞു എന്നത് ഒരു ഉദാഹരണം മാത്രം. മെഡിക്കൽ കോളേജുകളിൽ മരുന്നും ശസ്ത്രക്രിയ ഉപകരണങ്ങളും വിതരണം ചെയ്യുന്ന കമ്പിനികൾ, സർക്കാർ പണം നൽകാത്തതിനാൽ ആശുപത്രികളിൽ നൽകിയ ഉപകരണങ്ങൾ തിരിച്ചെടുക്കുന്ന നാണക്കേടിനും കേരളം സാക്ഷ്യം വഹിച്ചു.

“പൂച്ച പെറ്റുകിടക്കുന്നു” എന്ന് പറയുമ്പോഴും, ഖജനാവിലെ പണമെടുത്ത് ആരെയും ഭയമില്ലാതെ നടത്തുന്ന ആർഭാടവും ധൂർത്തും കണ്ട് ജനങ്ങൾ അക്ഷരാർത്ഥത്തിൽ ക്ഷമയുടെ നെല്ലിപ്പലക കണ്ടു കഴിഞ്ഞു. ഇരുപതും മുപ്പതും വാഹനങ്ങളുടെ അകമ്പടിയോടെ എഴുന്നള്ളുന്ന മുഖ്യനും സർക്കാർ വാങ്ങിക്കൂട്ടുന്ന ആഡംബരവാഹനങ്ങളും സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഒരു ഗുണവും ചെയ്യാത്ത, അടിക്കടിയുള്ള വിദേശപര്യടനങ്ങളും മന്ത്രി മന്ദിരങ്ങളുടെ മോടിപിടിപ്പിക്കലും കോടികൾ മുടക്കിയുള്ള ആഘോഷങ്ങളും എല്ലാം ജനങ്ങളെ വെല്ലുവിളിക്കുന്ന നടപടികളായി തുടരുകയാണ്.

## എൽഡിഎഫ് ഭരണത്തിൽ അഴിമതിയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാകുന്നു

ഈ സർക്കാർ അഴിമതിക്കാരെ സംരക്ഷിക്കുകയാണെന്ന് കേരള ഹൈക്കോടതി നിരീക്ഷിച്ചത് രണ്ട് മാസങ്ങൾക്കുമുമ്പാണ്. അതിനുശേഷമാണ് ശബരിമലയിലെ സ്വർണ്ണക്കൊള്ള പുറത്തുവരുന്നത്. സിപിഐ(എം) മുൻ എംഎൽഎയും ജില്ലാ സെക്രട്ടേറിയറ്റംഗവുമായ പത്മകുമാറും മറ്റൊരു നേതാവായ എ.വാസുവും സ്വർണ്ണക്കൊള്ളയുടെ പ്രതികളെന്ന നിലയിൽ കഴിഞ്ഞ മൂന്ന് ആഴ്ചയായി ജയിലിലാണ്. ശബരിമലയിൽ നിന്നും സ്വർണ്ണം മോഷണം പോയി എന്ന് സിപിഐ(എം) അംഗീകരിക്കുന്നുണ്ടെങ്കിൽ, അതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് എങ്ങിനെയാണ് അവർക്ക് ഒഴിഞ്ഞുമാറാനാവുക? ദേവസ്വം ഭരണത്തിനായി സിപിഐ(എം) തിരഞ്ഞെടുത്ത നേതാക്കളാണ് പ്രതികളായി തുറുങ്കിൽ കിടക്കുന്നത്. അടിമുടി അഴിമതിയിൽ ആണ്ടുമുങ്ങിയ പിണറായി ഭരണം, സിപിഐ(എം)ന്റെ മുൻഅഴിമതി ഭരണങ്ങളെയെല്ലാം കവച്ചുവച്ചിരിക്കുകയാണ്. ശശിധരൻ കർത്തായ്ക്കും കൂട്ടാളികൾക്കും തോട്ടപ്പള്ളിയിൽ നിന്ന് കരിമണൽക്കൊള്ള നടത്താൻ അനുമതി നൽകിയതിന്റെ പ്രത്യുപകാരം മാത്രമാണ് മുഖ്യമന്ത്രിയുടെ മകൾക്ക് ലഭിച്ച ലക്ഷങ്ങളുടെ തുക. ഒരു സന്ദേഹത്തിനുപോലും സാധ്യതയില്ലാത്ത വിധമുള്ള നഗ്നമായ അഴിമതിയാണ് എക്സാലോജിക് ഇടപാട്. ഒപ്പം പിപിഇ കിറ്റ് ഇടപാട് ഉൾപ്പടെയുള്ളതും മറ്റും.

സിപിഐ(എം) ന്റെ എല്ലാ തലങ്ങളിലുമുള്ള നേതാക്കൾ പണസമ്പാദനത്തിനായി എന്തു നീചമാർഗ്ഗവും അലംബിക്കുന്നവരായി മാറിക്കഴിഞ്ഞിരിക്കുന്നു. വ്യക്തിജീവിതത്തിന്റെ എല്ലാ വശങ്ങളിലും അഴുകിയ മുതലാളിത്തസംസ്കാരത്തിന്റെ സ്വാധീനം ഇന്ന് അവരിൽ കാണാം. സഹകരണ ബാങ്കുകളിലെ നിക്ഷേപക്കൊള്ള, നഗരങ്ങളിൽ ഭൂമി ഇടപാടുകൾ, ക്വാറി ഇടപാടുകൾ, മണൽക്കൊള്ള, ബ്ലേഡ് കമ്പിനികൾ, മുതലാളിമാർക്കുവേണ്ടിയുള്ള പവർ ബ്രോക്കറിംഗ്, മദ്യത്തിന്റെയും രാസലഹരിയുടെയും വിൽപ്പന തുടങ്ങി സാമൂഹ്യവിരുദ്ധമായ എല്ലാ പ്രവർത്തനങ്ങളിലും സിപിഐ(എം) നേതാക്കളും പ്രവർത്തകരും സംസ്ഥാനമാകെ വ്യാപരിക്കുന്നു. പിണറായി ഭരണം ഇത്തരം മാഫിയാ പ്രവർത്തനങ്ങൾക്കൊന്നാകെ തണലൊരുക്കുകയാണ് ചെയ്യുന്നത്. ജനങ്ങളുടെ കൺമുമ്പിൽ നടന്നുകൊണ്ടിരിക്കുന്ന അഴമതികൾക്കെതിരെ ജനഹൃദയങ്ങളിൽ രൂപപ്പെടുന്ന അതിശക്തമായ രോഷം തിരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിച്ചിട്ടുണ്ട്.

## അഹന്തയും അപരപുച്ഛവും മുഖമുദ്രയാക്കിയ പിണറായി ഭരണം

ഇതൊന്നും ആരും ചോദ്യം ചെയ്യാൻ പാടില്ലത്രേ! എതിരഭിപ്രായങ്ങളോട് തികഞ്ഞ അസഹിഷ്ണുത പുലർത്തുന്ന മുഖ്യൻ ജനാധിപത്യത്തെ സംബന്ധിച്ച് നാട്ടുകാർക്ക് പ്രബോധനം നൽകും. നിയമസഭയിൽ ചോദ്യം ഉയർത്തിയ പ്രതിപക്ഷ സാമാജികരോട് ഉറഞ്ഞുതുള്ളി പ്രതികരിക്കുന്ന മുഖ്യനെ നമ്മൾ കണ്ടു. മാധ്യമങ്ങളോടാകട്ടെ, അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ ഏകപക്ഷീയമായ റേഡിയോ പ്രഭാഷണങ്ങളാണ്. പത്രസമ്മേളനങ്ങളിൽ മുൻകൂർ തയ്യാറാക്കിയ തിരക്കഥ പ്രകാരം ദേശാഭിമാനി സൗകര്യപ്രദമായ മൂന്ന് ചോദ്യങ്ങൾ ചോദിക്കും. അതിനു മറുപടി പറയുന്നതോടെ പത്രസമ്മേളനം അവസാനിക്കും. മുഖ്യമന്ത്രിയെ വിമർശിച്ചുകൊണ്ട് ചോദ്യങ്ങൾ ഉന്നയിക്കാൻ ഒരാളെയെങ്കിലും അനുവദിക്കാറുണ്ടോ. ഭയമോ സങ്കോചമോ ഇല്ലാതെ തന്നോട് സംവദിക്കാൻ ആരോഗ്യകരമായി പ്രോൽസാഹിപ്പിക്കുന്ന ഒരു സമീപനം മുഖ്യമന്ത്രിയിൽ നിന്ന് ഇന്നോളം നാമാരും കണ്ടിട്ടില്ല. ധിക്കാരത്തിന്റെയും അഹന്തയുടെയും പ്രതീകമായി മാറിയ പിണറായി ഭരണത്തോടുള്ള ജനങ്ങളുടെ വെറുപ്പ് അതിന്റെ പാരമ്യത്തിലാണ്.

ഇടതു മുന്നണിയുടെ രണ്ടാം വരവിനു ഇടയാക്കിയ ആസൂത്രിതവും ചിട്ടയായതുമായ പിആർ വർക്കിലൂടെ ഈ സർക്കാരിന്റെ ജനവിരുദ്ധതയെ മറച്ചുവയ്ക്കാമെന്ന നീചബുദ്ധിയാണവരെ നയിക്കുന്നത്. അതിനായി ഖജനാവിൽ നിന്നും കോടികളാണ് ഒഴുക്കുന്നത്. അതിദരിദ്രരില്ല എന്ന് പ്രഖ്യാപിച്ച മഹോൽസവം പൊടിപൊടിക്കാൻ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് വേണ്ടി നീക്കിവച്ച തുകയിൽ നിന്നും ഒന്നരക്കോടി രൂപയാണ് എടുത്തത്. സംസ്ഥാനത്തിന്റെ തകർന്ന സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് തരിമ്പെങ്കിലും ആശങ്കയോ പരിഗണനയോ ഇല്ലാതെ, എന്തിന് ഒരു മനസ്സാക്ഷിക്കുത്തു പോലുമില്ലാതെ ഈ വിധത്തിൽ ഖജനാവ് മുടിപ്പിക്കുന്നതിന്റെ പിറകിൽ അധികാരം എവ്വിധവും നിലനിർത്താനുള്ള ത്വര മാത്രമാണുള്ളത്.

## ഭൂരിപക്ഷവർഗ്ഗീയതയുടെ പ്രചാരണത്തിലൂടെ നേട്ടം കൊയ്യാനുള്ള സിപിഐ(എം)ന്റെ തീക്കളി ബിജെപി മുതലെടുക്കുന്നു

പാർലമെന്റ് തിരഞ്ഞെടുപ്പിനു ശേഷം ഭൂരിപക്ഷവർഗ്ഗീയതയെ മുതലെടുക്കാനായി സിപിഐ(എം) നടത്തിക്കൊണ്ടിരിക്കുന്ന പ്രചാരണം ഒരു തീക്കളിയായി മാറുകയാണ്. മതസ്പർദ്ധ വളർത്തുംവിധം പരസ്യ പ്രസ്താവനകൾ നടത്തുന്ന വെള്ളാപ്പള്ളി നടേശനുമായുണ്ടാക്കിയ ബാന്ധവവും ന്യൂനപക്ഷവിരുദ്ധ പ്രസ്താവനകളും ഇടതുപക്ഷവിശ്വാസികളിൽ അമർഷമുണ്ടാക്കി. സംസ്ഥാനത്തിന്റെ മതേതരഘടനയുടെ മേൽ കനത്ത ആഘാതമേൽപ്പിക്കുന്ന ഈ പ്രചാരവേല, വർഗ്ഗീയതയുടെ മൊത്തക്കച്ചവടക്കാരായ ബിജെപി ഫലപ്രദമായി ഉപയോഗിക്കുകയാണെന്ന് തിരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നു. ബിജെപിയുടെ ആഖ്യാനങ്ങളെ ബലപ്പെടുത്തത്തക്കവിധം ഇടതുപക്ഷ കേന്ദ്രങ്ങളിൽ നിന്ന് പ്രചാരണം ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന വിപത്ത് എന്തായിരിക്കുമെന്ന് അറിഞ്ഞുകൂടാ

(ശേഷം 3–ാം പേജിൽ)

# പണസമ്പാദനത്തിനായുള്ള സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾക്കും അഴിമതിക്കും നേതൃത്വംനൽകുന്ന എൽഡിഎഫ് സർക്കാർ

(2-ാം പേജിൽ നിന്ന്)

ത്ത പാർട്ടിയല്ല സിപിഐ(എം). കേരളത്തിന്റെ മതേതര ഘടനയ്ക്ക് എന്തുതന്നെ സംഭവിച്ചാലും വേണ്ടില്ല, തങ്ങൾക്ക് പത്ത് വോട്ട് കിട്ടിയാൽ മതി എന്ന ചെന്നായ ബുദ്ധിയാണ് സിപിഐ(എം) പ്രയോഗിക്കുന്നത്. അതിന് കേരളം നൽകേണ്ടി വരുന്ന വില വലുതായിരിക്കുമെന്നതിൽ സംശയമില്ല. ഇടതുമുന്നണി, വിശേഷിച്ചും സിപിഐ(എം) നടത്തിയ വർഗ്ഗീയ പ്രചാരണത്തിൽ മനംമടുത്ത മതേതര വിശ്വാസികൾ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ അവർക്കെതിരെ വോട്ട് ചെയ്യുകയുണ്ടായി.

### സമരവിരുദ്ധ സമീപനത്തിലൂടെ ജനങ്ങളെ ശത്രുക്കളാക്കിയ പിണറായി സർക്കാർ

കുടുംബത്തെ നിലനിർത്താൻ മിനിമം കൂലിയെങ്കിലും നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏറ്റവും നിർദ്ധനരായ ആശാ പ്രവർത്തകർ നടത്തിയ സമരത്തോട് ഇടതെന്ന പേരു വഹിക്കുന്ന ഈ സർക്കാർ കാട്ടിയ ക്രൂരതയും അവഗണനയും കേരള ജനതയ്ക്ക് ഒരിക്കലും മറക്കാനാവില്ല, പൊറുക്കാനാവില്ല. സെക്രട്ടേറിയറ്റിനു മുമ്പിൽ 266 ദിവസം വെയിലിലും മഴയിലും വലഞ്ഞ്, പട്ടണി കിടന്ന ആശമാരുടെ പ്രശ്നങ്ങൾ കേൾക്കാൻ, പരിഹരിക്കാൻ തയ്യാറാകാതിരുന്ന സർക്കാരിന്റെ തൊഴിലാളി വിരുദ്ധത വോട്ടിംഗിൽ പ്രതിഫലിച്ചിട്ടുണ്ട്. ഏതാണ്ട് എല്ലാ മാധ്യമങ്ങളും ഒരേസ്വരത്തിൽ അത് ആവർത്തിച്ചിട്ടുണ്ട്. കെറെയിൽ സിൽവർ ലൈൻ വിരുദ്ധ സമരം, വനിതാ സിപിഒ റാങ്ക് ഹോൾഡർമാരുടെ സമരം ഏറ്റവും ഒടുവിൽ കോഴിക്കോട് ജില്ലയിലെ ഫ്രഷ് കട്ട് മാലിന്യ വിരുദ്ധ സമരം തുടങ്ങിയ ജനകീയ സമരങ്ങളോട് കാട്ടിയ ശത്രുതാപരമായ നടപടികൾ കേരളത്തിന് പൊറുക്കാനാവില്ല.

### ജനങ്ങളെ അപമാനിച്ച എം.എം.മണിയുടെ പ്രസ്താവനയിൽ സിപിഐ(എം) മനോഭാവം പ്രതിഫലിക്കുന്നു

തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ എന്തെങ്കിലും നക്കാപ്പിച്ച എറിഞ്ഞുകൊടുത്ത് വോട്ടുനേടാമെന്ന മാടമ്പി മനോഭാവമാണ് പിണറായിയെയും സംഘത്തെയും നയിക്കുന്നത്. 'ക്ഷേമപ്രവർത്തനങ്ങളിൽ നിന്നെല്ലാം വാങ്ങിച്ചു നല്ല ഭംഗിയായിട്ട് ശാപ്പാട് കഴിച്ച ആളുകൾ നൈമിഷിക വികാരത്തിന്റെ പേരിൽ വോട്ടു ചെയ്തു നന്ദികേട് കാണിച്ചു. നല്ല ഒന്നാന്തരം പെൻഷൻ മേടിച്ചവർ എന്നിട്ട് എതിർവോട്ട് ചെയ്തെന്ന് പറഞ്ഞാൽ, അതിന്റെ പേര് ഒരു മാതിരി പിറപ്പപണിയെന്നു പറയും', ഈ വാക്കുകൾ സിപിഐ(എം) എം.എൽ.എയും സംസ്ഥാന നേതാവുമായ എം.എം.മണിയുടേതാണ്. ജനങ്ങളുടെ അഭിമാനബോധത്തെ പുച്ഛിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്യുന്ന ഈ പ്രസ്താവന ജനാധിപത്യത്തിന്റെ അന്തസത്തയോടുള്ള വെല്ലുവിളിയാണ്. അടിമകളും വിധേയപ്പെട്ടുനിൽക്കേണ്ടവരുമായി ജനങ്ങളെ കാണുന്ന ഫ്യൂഡൽ സമീപനം, അധികാരത്തിന്റെ ധാർഷ്ട്യം തുടങ്ങി സിപിഐ(എം) എന്ന പാർട്ടി കൊണ്ടുനടക്കുന്ന ജനാധിപത്യ വിരുദ്ധതയുടെ ഘടകങ്ങളെല്ലാം ഈ പ്രസ്താവനയിലുണ്ട്. പ്രസ്തുത പ്രസ്താവനയെ തള്ളിപ്പറയാതെ, എം.എം.മണിയുടെ നാടൻ ശൈലി മാത്രമാണ് അതെന്ന് വിശേഷിപ്പിച്ച് പ്രസ്താവനയെ ലഘൂകരിക്കുകയും അതിലൂടെ പരോക്ഷമായി പിന്തുണക്കുകയും ചെയ്ത സിപിഐ(എം) സംസ്ഥാന സെക്രട്ടറി പ്രസ്താവന തങ്ങളുടേതുകൂടിയാണെന്ന് അടിവരയിട്ടു. തടിരക്ഷിക്കാൻ വേണ്ടി മാത്രം പ്രസ്താവന പിൻവലിച്ചെങ്കിലും സിപിഐ(എം)ന്റെ മാടമ്പി മനോഭാവത്തിൽ മാറ്റം വന്നതായി കേരളത്തിൽ ആരും കരുതുന്നില്ല.

**പഞ്ചായത്ത് തിരഞ്ഞെടുപ്പ്**

ഓരോ തിരഞ്ഞെടുപ്പു കഴിയുന്തോറും പ്രചാരണം മലീമസവും ദുർഗന്ധപൂരിതവും ആകുന്നതാണു നാം കാണുന്നത്. മുന്നണികളെ സംബന്ധിച്ചിടത്തോളം അതാണ് ആശ്വാസകരവും. ജനജീവിതത്തിന്റെ വിങ്ങുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്യേണ്ട. ഭരണത്തിലെത്തിയാൽ അലോസരപ്പെടുത്തുന്ന ഓർമ്മപ്പെടുത്തലുകളെ പേടിക്കേണ്ടതില്ല. അപ്പോൾ ആരാണു ജനകീയ പ്രശ്നങ്ങളിൽ നിന്നകന്നു നിന്നുകൊണ്ട് ജനങ്ങളെ കൂടുതൽ വഞ്ചിക്കുന്നത് അവർക്കാണു ജയസാധ്യത. ഈ കബളിപ്പിക്കലിൽ ഇത്തവണ മുന്നിൽ നിന്നത് ഇടതുജനാധിപത്യമുന്നണി തന്നെയാണ്. പത്തു വർഷത്തോളമായി ഭരിച്ച് ജനവിരുദ്ധതയുടെ പാരമ്യത്തിലെത്തിയ പിണറായി സർക്കാർ മോദിനയങ്ങളുടെ നടത്തിപ്പിലൂടെയും അഴിമതിയുടെയും ജനദ്രോഹത്തിന്റെയും പരമ്പരകളിലൂടെയും കടുത്ത ജനരോഷത്തിനിരയായിരുന്നു. ഏറ്റവുമൊടുവിൽ ശബരിമലയിലെ സ്വർണ്ണക്കൊള്ളയിൽ ഉന്നതനേതാക്കൾ തന്നെ അഴികൾക്കുള്ളിലുമായി. ജനങ്ങൾക്കുതകാത്ത 'വികസനകഥകൾ'കൊണ്ടൊന്നും പച്ചപിടിക്കില്ലെന്ന സ്ഥിതി വന്നു. അർജ്ജുനനുവേണ്ടി കരുതിവച്ച കർണ്ണന്റെ വേൽ ഘടോൽക്കചനു വേണ്ടി ഉപയോഗിക്കേണ്ടി വന്ന കൗരവരുടെ ഗതികേടുപോലെ നിയമസഭാ തിരഞ്ഞെടുപ്പിനു വേണ്ടി കരുതിവച്ച പീഡന, ഗർഭ കേസ് എടുത്തു പയറ്റേണ്ടി വന്നു. ജനങ്ങളുടെ ജീവൽപ്രശ്നങ്ങളൊന്നും ഈ തിരഞ്ഞെടുപ്പു പ്രചാരണത്തിൽ ചർച്ചയായില്ല. വ്യക്തികളെ ലക്ഷ്യമാക്കി മസാലകൾ ചേർത്ത ആരോപണങ്ങളും അഴിമതി ആരോപണങ്ങളും പ്രചാരണത്തിൽ നിറഞ്ഞു.

അധികാരവികേന്ദ്രീകരണത്തിന്റെ പേരിൽപ്രാദേശികസമൂഹത്തിന്റെ സ്വയംഭരണവും വികസനവും സിദ്ധാന്തമായി പറയുന്നതെങ്കിലും വികസനത്തിന്റെ ഭാരം ജനങ്ങളുടെ ചുമലിലേക്ക് എടുത്തുവയ്ക്കുന്നതാണ് യഥാർത്ഥത്തിൽ നടക്കുന്നത്. പ്രാദേശിക സ്വയംഭരണം പോകട്ടെ, സ്വന്തം പഞ്ചായത്തിൽ ഒരു മദ്യശാലയോ മദ്യനിർമ്മാണ ഫാക്ടറിയോ വേണ്ടെന്നു തീരുമാനിക്കാൻ പോലുമുള്ള അധികാരം പഞ്ചായത്ത് സ്ഥാപനങ്ങൾക്കില്ല എന്നുമുള്ള വസ്തുതയും കഴിഞ്ഞ വർഷങ്ങളിൽ ജനങ്ങൾ മനസ്സിലാക്കിയിരുന്നു. കൂടുതൽ വലിയ അധികാരങ്ങൾ തേടിയുള്ള യാത്രയിലെ ഇടത്താവളങ്ങളായാണ് മുന്നണികൾ തിരഞ്ഞെടുപ്പിനെ കണ്ടത്. കേരളത്തിലും കേന്ദ്രത്തിലും അധികാരം കൈയാളുന്ന മുന്നണികൾ നാളിതുവരെ കാണാത്ത തരത്തിലുള്ള ധൂർത്താണ് പ്രചാരണത്തിൽ കാണിച്ചത്. അക്ഷരാർത്ഥത്തിൽ പണത്തിന്റെ കുത്തൊഴുക്കായിരുന്നു. അടുത്ത അഞ്ചുവർഷം കൊണ്ട് നേടാനുള്ളതിനു വേണ്ട നിക്ഷേപമാണിതെന്നു ജനങ്ങൾ ന്യായമായും ധരിച്ചു പോകുന്ന സ്ഥിതി വിശേഷം.

ഇക്കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിനെ ഒരു രാഷ്ട്രീയ പോരാട്ടമാക്കി മാറ്റാൻ യുഡിഎഫ് ഒന്നും ചെയ്യാതിരുന്നിട്ടും ജനങ്ങൾ അവർക്ക് വോട്ട് ചെയ്തത്, ഭരണനയങ്ങൾക്കെതിരെയുള്ള വികാരം അത്രമേൽ ശക്തമായിരുന്നു എന്നതിനാലാണ്. യുഡിഎഫിന് അനുകൂലമായ വിധിയെഴുത്ത് എന്നതിനും അപ്പുറത്ത് എൽഡിഎഫിനെതിരായ വികാരപ്രകടനമാണ് തിരഞ്ഞെടുപ്പിൽ ഉണ്ടായത്.

തിരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയ പോരാട്ടമായി മാറുമ്പോഴാണ് സർക്കാർ നയങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ വിലയിരുത്തൽ തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നതിൽ ഏറ്റവും പ്രധാന ഘടകമായി പ്രവർത്തിക്കുന്നത്. അങ്ങിനെയൊരു സ്ഥിതി, അതായത് രാഷ്ട്രീയ നയങ്ങളെ ആധാരമാക്കി ഒരു വിധിയെഴുത്ത് ഇപ്പോൾ ഭൂരിപക്ഷം തിരഞ്ഞെടുപ്പിലും നടക്കുന്നില്ല. അധികാരത്തിലിരിക്കുന്ന കക്ഷികൾ മാത്രമല്ല പ്രതിപക്ഷത്തിരിക്കുന്നവരും അത്തരമൊരു വിധിയെഴുത്ത് ലക്ഷ്യം വയ്ക്കുന്നില്ല. അപ്രകാരമൊന്ന് നടക്കണമെങ്കിൽ നയങ്ങളെ ആധാരമാക്കിയുള്ള ജനാധിപത്യ ചർച്ചകളും വിശകലനങ്ങളുമായിരിക്കണം തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ നടക്കേണ്ടത്. നയങ്ങളെ സംബന്ധിച്ച് വൻതോതിൽ ജനങ്ങൾ ഒന്നാകെ പങ്കാളികളാകുന്ന വസ്തുനിഷ്ഠമായ പരിശോധനകൾ നടക്കണം. ജനങ്ങൾക്ക് അത്തരമൊരു രാഷ്ട്രീയ പരിശീലനം നൽകാൻ രാഷ്ട്രീയ കക്ഷികൾ ഭയപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഭരണവും നയങ്ങളും സന്ദേഹമില്ലാത്തവിധം ധനികവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ മാത്രമാവുകയും അതുകൊണ്ടുതന്നെ പൂർണ്ണമായും ജനങ്ങൾക്കെതിരാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നയങ്ങളെ സംബന്ധിച്ച ചർച്ചയും പരിശോധനയും തങ്ങൾക്ക് വിനയാകുമെന്ന് എല്ലാ വ്യവസ്ഥാപിത പ്രസ്ഥാനങ്ങളും തിരിച്ചറിഞ്ഞിരിക്കുന്നു. ഇക്കാരണങ്ങളാൽ തെരഞ്ഞെടുപ്പിന്റെ ജനാധിപത്യപരമായ അന്തസ്സത്ത പൂർണ്ണമായും ചോർത്തിക്കളയുന്ന ഒന്നായി തിരഞ്ഞെടുപ്പ് പ്രചാരണം മാറിയിരിക്കുന്നു. ജനജീവിതം അഭിമുഖീകരിക്കുന്ന ഗൗരവതരമായ രാഷ്ട്രീയ വിഷയങ്ങൾ ഒന്നും തന്നെയും തിരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടുന്നില്ല. തിരഞ്ഞെടുപ്പ്, കഴമ്പുള്ള ഒരു രാഷ്ട്രീയ പോരാട്ടമല്ലാതായി മാറിക്കഴിഞ്ഞു.

ഈ ഫലം ജനജീവിതത്തെ മാറ്റാനുതകുന്നതല്ല എന്ന യാഥാർത്ഥ്യം ഉള്ളുകൊണ്ടു നാം മനസ്സിലാക്കണം. ആസുരമായ ശക്തിയോടെ 'സിൽവർ ലൈൻ വികസനം'അടിച്ചേല്പിക്കാൻ വന്ന സർക്കാരിനെതിരെ വിട്ടുവീഴ്ചയില്ലാതെ പൊരുതിയ കിടപ്പാടം നഷ്ടപ്പെടുന്നവരും, ഓണറേറിയം വർദ്ധിപ്പിക്കാതെ 'അനന്തപുരിയുടെ മണ്ണിൽ നിന്നും തിരിച്ചു വീട്ടിൽ കേറില്ല' എന്ന ധീരനിലപാടെടുത്ത ആശാവർക്കർമാരും കാണിച്ചുതന്ന ജനാധിപത്യപോരാട്ടത്തിന്റെ പാത മാത്രമാണ് ജനങ്ങൾക്കു മുന്നിൽ തുറന്നു കിടക്കുന്നത്. മറ്റെല്ലാ വഴികളുമടഞ്ഞിരിക്കുന്നു. ഈ പാതയിലൂടെ നമുക്കു മുന്നേറാം. ■

---

### ജിൻഡാൽ-പോസ്കോ വിരുദ്ധ സമരം

(1-ാം പേജിൽ നിന്ന്)

അവകാശങ്ങൾ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് സംയുക്ത കിസാൻ മോർച്ച ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജിക്ക് കത്തയച്ചു.

ജിൻഡാൽ-പോസ്കോ പ്രതിരോധ് മഞ്ചിന്റെ ബാനറിൽ പോസ്കോ, ജിൻഡാൽ കമ്പനികളുടെ നിർബന്ധിത ഭൂമി ഏറ്റെടുക്കലിൽനിന്ന് തങ്ങളുടെ ഫലഭൂയിഷ്ഠമായ കൃഷിഭൂമി സംരക്ഷിക്കാൻ സമരം ചെയ്യുന്ന ഗ്രാമവാസികളുടെ ഒരു പൊതുയോഗത്തിൽ സംസാരിച്ച് ഡിസംബർ 9, 2025ന് കിയോഞ്ജർ ജില്ലയിലെ ജാമുനപോസി ഗ്രാമത്തിൽനിന്ന് മടങ്ങുകയായിരുന്ന സഖാവ് സത്യവാനും മറ്റും നേരെയാണ് ഈ ഹീനമായ ആക്രമണമുണ്ടായത്. ജിൻഡാൽ കുടുംബം ബിജെപി കുടുംബത്തിന്റെ ഭാഗമാണ്, പോസ്കോ ഒരു കൊറിയൻ ബഹുരാഷ്ട്ര കമ്പനിയാണ്.

ഗ്രാമങ്ങൾ തങ്ങളുടെ പരമ്പരാഗത വാസസ്ഥലമാണെന്നും, തങ്ങളുടെ ജീവിതവും ഉപജീവന മാർഗ്ഗവും സ്വത്വവും ഗ്രാമവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നവെന്നും, ഒരു കാരണവശാലും ഈ ബഹുരാഷ്ട്ര കമ്പനികൾക്കു വേണ്ടി തങ്ങളുടെ ഭൂമി വിട്ടുകൊടുക്കില്ലെന്നും അവസാനംവരെ പോരാടുമെന്നുമാണ് ഗ്രാമീണരുടെ തീരുമാനം.

സമരം ചെയ്യുന്ന ഗ്രാമവാസികളുടെ മനോവീര്യം തകർക്കാൻ പോലീസ് സേനയും സാമൂഹ്യവിരുദ്ധരും ചേർന്ന് പലതവണ ഗ്രാമീണരെ ആക്രമിച്ചു. നവംബർ 26ന് അർദ്ധരാത്രിയിൽ ഒരു വലിയ പോലീസ് സംഘം ഗ്രാമങ്ങൾ വളയുകയും ജിൻഡാൽ-പോസ്കോ പ്രതിരോധ് മഞ്ച് സെക്രട്ടറിയായ സഖാവ് ബേണധർ സർദാർ ഉൾപ്പെടെ 5 നേതാക്കളെ അറസ്റ്റുചെയ്യുകയും വ്യാജകേസുകൾ ചുമത്തുകയും ചെയ്തു. അവർ ഇപ്പോൾ ജയിലിലാണ്. സഖാവ് സത്യവാനും മറ്റ് നേതാക്കളും ഗ്രാമവാസികളുടെ യോഗത്തിൽ പങ്കെടുക്കുകയും എസ്കെഎമ്മിന്റെ പേരിൽ അവർക്ക് പിന്തുണ നൽകുകയും ചെയ്തു.

ഗ്രാമീണരെ സ്വന്തം മണ്ണിൽ നിന്ന് പിഴുതെറിയാൻ അനുവദിക്കില്ലെന്ന് നേതാക്കൾ പ്രഖ്യാപിച്ചു. രാജ്യത്തിന്റെയും ജനങ്ങളുടെയും ആസ്തികൾ വിദേശ ചൂഷകർക്കും അവരുടെ നാട്ടിലെ സുഹൃത്തുക്കൾക്കും വിൽക്കാനുള്ള ഹീന പദ്ധതികൾ പുറത്തുവരുമെന്നും ഭയന്നാണ് ആർഎസ്എസ്-ബിജെപി പരസ്യമായി ഇത്തരമൊരു നിയമവിരുദ്ധമായ നടപടി കൈക്കൊണ്ടത്. ഈ സംഘടിത ക്രിമിനൽ പ്രവർത്തനങ്ങൾ, ഭൂമി വിട്ടുകൊടുക്കാൻ താൽപര്യമില്ലാത്ത കർഷകരിൽനിന്ന് ഭൂമി തട്ടിയെടുക്കുന്നതിന് വഴിയൊരുക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. ഇത് ജനാധിപത്യ പ്രസ്ഥാനത്തിന് നേരെ മാത്രമല്ല, സാധാരണക്കാരായ പാവപ്പെട്ട ജനങ്ങളുടെ ജീവിതത്തിനുകൂടി നേരെയുള്ള ഹീനമായ ആക്രമണമാണ്. ഫാസിസ്റ്റ് ബിജെപി സർക്കാരിന്റെയും ബഹുരാഷ്ട്ര കമ്പനികളുടെയും സംയുക്ത ആക്രമണത്തെ ധീരതയോടെ ചെറുത്തുതോൽപ്പിക്കാൻ ജനാധിപത്യ ശക്തികളോടും കഷ്ടപ്പെടുന്ന ജനങ്ങളോടും സംയുക്ത കിസാൻ മോർച്ച (എസ്കെഎം) ആഹ്വാനം ചെയ്തു. ■

# സ്വതന്ത്ര ഭാരതം ദർശിച്ച ഏറ്റവും തൊഴിലാളി വിരുദ്ധമായ നിയമമാണ് മോദി സർക്കാരിന്റെ ലേബർ കോഡുകൾ

(1–ാം പേജിൽ നിന്ന്)

കാരം നൽകുകയാണ് സർക്കാർ. ഫാക്ടറി, ഖനി, പ്ലാന്റേഷൻ എന്നിങ്ങനെയുള്ള വ്യാവസായിക സ്ഥാപനങ്ങളിൽ, ശരാശരി പ്രവൃത്തി ദിവസങ്ങളിൽ 300ൽ താഴെ തൊഴിലാളികളാണ് ജോലി ചെയ്തിരുന്നതെങ്കിൽ, അവിടെയുള്ള ലേ-ഓഫ്, പിരിച്ചുവിടൽ, സ്ഥാപനം അടച്ചുപൂട്ടൽ എന്നിവയ്ക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. (നിലവിൽ 100ൽ താഴെ തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാപനങ്ങളിലാണ് ഈ വ്യവസ്ഥ ഉണ്ടായിരുന്നത്). ഇവിടെ, ഉടമകൾക്ക് അവരുടെ ആവശ്യങ്ങൾക്കും താൽപ്പര്യങ്ങൾക്കും അനുസരിച്ച് ലേ-ഓഫ്, പിരിച്ചുവിടൽ, അടച്ചുപൂട്ടൽ എന്നിവയ്ക്ക് സർക്കാർ സ്വതന്ത്ര അധികാരം നൽകുന്നു. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം തൊഴിൽ സ്ഥാപനങ്ങളും ഈ പരിധിയിൽ താഴെ ആയതിനാൽ തൊഴിലാളികളുടെ ജീവിതത്തെയും ഉപജീവനത്തെയും ഈ വ്യവസ്ഥ അനിശ്ചിതത്വത്തിലാക്കും. [ഐ.ആർ. കോഡ് 2020–ലെ സെക്ഷൻ 77(1), സെക്ഷൻ 78, സെക്ഷൻ 79, സെക്ഷൻ 80 എന്നിവ].

4) 300ൽ താഴെ തൊഴിലാളികൾ ജോലി ചെയ്യുന്ന വ്യാവസായിക സ്ഥാപനങ്ങളിൽ ഹാജർ, അവധി, സസ്പെൻഷൻ, പിരിച്ചുവിടൽ തുടങ്ങിയ തൊഴിൽ സംബന്ധമായ കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സർട്ടിഫൈഡ് സ്റ്റാൻഡിംഗ് ഓർഡർ (Certified Standing Order) ഇനി മുതൽ ഉണ്ടായിരിക്കുന്നതല്ല. നിലവിൽ 100ന് മുകളിൽ തൊഴിലാളികളുള്ള സ്ഥാപനങ്ങൾ സ്റ്റാൻഡിംഗ് ഓർഡറിന്റെ പരിധിയിൽ വരുമായിരുന്നു. ഓട്ടോമേഷനും മറ്റ് സംവിധാനങ്ങളും കാരണം ഇപ്പോൾ 85%–ത്തിലധികം സ്ഥാപനങ്ങളിലും 300ൽ താഴെ തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. അതിനാൽ ഗണ്യമായ എണ്ണം തൊഴിലാളികൾ സർട്ടിഫൈഡ് സ്റ്റാൻഡിംഗ് ഓർഡറിന്റെ പരിധിക്ക് പുറത്താകുകയും, തന്മൂലം അവർ തൊഴിലുടമകളുടെ ഇഷ്ടത്തിനും കൽപ്പനകൾക്കും ഇരയാകുകയും ചെയ്യും. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം തൊഴിലാളികളുടെയും ജീവിതമാർഗ്ഗത്തെ ഈ നീക്കം താറുമാറാക്കും. [ഐആർ കോഡ് 2020ലെ സെക്ഷൻ 28(1)].

5) മിനിമം വേതനത്തിന് (Minimum Wages) പുറമെ ആദ്യമായി 'തറ വേതനം' (Floor Wages) എന്ന വ്യവസ്ഥ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിലെ തറ വേതനം 178 രൂപയാണ്. ഇത് ഏതെങ്കിലും പ്രത്യേക വിഭാഗം ജോലിക്കായി നിശ്ചയിച്ചിട്ടുള്ള മിനിമം വേതനത്തേക്കാൾ വളരെ കുറവാണ്. സർക്കാർ ഇനി ഒരു വിഭാഗം ജോലികളെയും മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ലെന്ന് മനസ്സിലാക്കാം. അങ്ങനെ, മിനിമം വേതനത്തിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടാത്ത സ്ഥാപന ഉടമകളുടെ താല്പര്യത്തിനായി, തുച്ഛമായ തുകയുള്ള 'തറ വേതനം' എന്ന വ്യവസ്ഥ അവതരിപ്പിച്ചിരിക്കുന്നു. [സെക്ഷൻ 9, വേജ് കോഡ്]

6. നിലവിൽ, സ്ഥാപനങ്ങളിലെ സ്ഥിരസ്വഭാവമുള്ള ജോലികളിൽ കരാർ തൊഴിലാളികളെ (contract labour) ഏർപ്പാടാക്കാൻ തൊഴിലുടമകളെ അനുവദിച്ചിരുന്നില്ല. എന്നാൽ ലേബർ കോഡ് ഈ വ്യവസ്ഥ ലംഘിച്ചിരിക്കുകയാണ്. സ്ഥാപനത്തിന്റെ'ഏത് കാതലായ പ്രവർത്തനത്തിനും ആവശ്യമായത് ' എന്ന് സൂചിപ്പിക്കുന്ന 'പ്രധാന പ്രവർത്തനങ്ങളിൽ (Core Activities)' കരാർ തൊഴിലാളികളെ നിയമിക്കാൻ തൊഴിലുടമകളെ അനുവദിച്ചിരിക്കുന്നു. ഇവിടെ 'പ്രധാന പ്രവർത്തനം' എന്ന വാക്കിന് 'സ്ഥിര സ്വഭാവമുള്ള ജോലി' എന്ന വാക്കിന്റെ അതേ അർത്ഥമാണുള്ളത്. ഇത് പൂർണ്ണമായും കരാർവത്കരണത്തിലേക്കുള്ള (contractorisation) ഒരു ചുവടുവെയ്പ്പാണ്. [OSHWC കോഡ് 2020ലെ സെക്ഷൻ 2(p), സെക്ഷൻ 57]

**ലേബർ കോഡുകൾ**

7. സെക്ഷൻ 2(w) പ്രകാരം, 'ഫാക്ടറി' എന്ന നിർവചനത്തിൽ വൈദ്യുതിയുടെ സഹായത്തോടെയോ അല്ലാതെയോ ജോലി ചെയ്യുമ്പോൾ ആവശ്യമായ തൊഴിലാളികളുടെ കുറഞ്ഞ എണ്ണം നിലവിൽ 10 മുതൽ മുകളിലേക്ക് എന്നായിരുന്നു. അത് പുതിയ കോഡിൽ 20 അല്ലെങ്കിൽ 40 ആയി ഉയർത്തിയിരിക്കുന്നു. ഈ വ്യവസ്ഥ കാരണം സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ തുടങ്ങിയ നിയമപരമായ എല്ലാ ആനുകൂല്യങ്ങളിൽനിന്നും വൻതോതിൽ തൊഴിലാളികൾ ഒഴിവാക്കപ്പെടും.

8. കരാർ തൊഴിലാളികളെ സംബന്ധിച്ച വ്യവസ്ഥകൾ നിലവിൽ ബാധകമായ നിയമപ്രകാരം കഴിഞ്ഞ 12 മാസങ്ങളിൽ ഏതെങ്കിലും ഒരു ദിവസം 20ഓ അതിലധികമോ കരാർ തൊഴിലാളികളെ നിയമിക്കുന്ന സ്ഥാപനങ്ങൾക്കോ കരാറുകാർക്കോ ബാധകമായിരുന്നു. ആ സ്ഥാനത്ത്, ഇനിമേൽ 50ഓ അതിലധികമോ കരാർ തൊഴിലാളികളെ നിയമിക്കുന്ന സ്ഥാപനങ്ങൾക്കോ കരാറുകാർക്കോ ആയിരിക്കും ബാധകമാകുക. അതിനാൽ, വലിയൊരു വിഭാഗം കരാർ തൊഴിലാളികൾ എല്ലാ നിയമപരിരക്ഷകളുടെയും പരിധിക്ക് പുറത്താവുകയും കടുത്ത ചൂഷണത്തിന് വിധേയരാവുകയും ചെയ്യും. [OSHWC കോഡ് 2020ലെ സെക്ഷൻ 45(1)]

**നാല് തൊഴിൽ കോഡുകളും തൊഴിലാളിവർഗ്ഗത്തെ വർദ്ധിച്ചുവരുന്ന അനിശ്ചിതത്വത്തിലേക്കും ദുരിതത്തിലേക്കും തള്ളിവിടുകയാണ്. സ്വകാര്യവൽക്കരണത്തിന്റെയും മാറി വരുന്ന ബിസിനസ്സ് താല്പര്യങ്ങളുടെയും അത് നിർവഹിക്കുന്ന ഭരണക്രമത്തിന്റെയും ആവശ്യകതകൾ നിറവേറ്റുന്നതിനുവേണ്ടി പടച്ചുണ്ടാക്കിയതാണ് ഇവ.**

9. ലേബർ കോഡിൽ ഇൻസ്പെക്ടർ-കം-ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ട്. നിലവിലെ നിയമ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ ലേബർ ഓഫീസർമാർ (Labour Enforcement Officers) വിവിധ നിയമങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് നേരിട്ട് പരിശോധിക്കാൻ ബാധ്യസ്ഥരായിരുന്നു. ഇപ്പോൾ സ്ഥാപനങ്ങളിലെ നേരിട്ടുള്ള പരിശോധനകൾക്ക് വിപരീതമായി, തൊഴിലുടമകളിൽ നിന്ന് വെബ് അധിഷ്ഠിത പരിശോധനയിലൂടെയും ഇലക്ട്രോണിക് രീതിയിലും വിവരങ്ങൾ ആവശ്യപ്പെടുന്നതിലാണ് കോഡ് ഊന്നൽ നൽകുന്നത്. ഇതുവഴി തൊഴിലാളികളിൽ നിന്ന് ഒന്നും നേരിൽ കേൾക്കാനാവില്ല. ഗവൺമെന്റിന് അനുയോജ്യമാണെന്ന് കരുതുന്ന പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ നേരിട്ടുള്ള പരിശോധനകൾ നടത്തുകയുള്ളൂ. ഈ വ്യവസ്ഥ തൊഴിലാളികളുടെ താല്പര്യത്തെ പൂർണ്ണമായും വഞ്ചിക്കുകയും, സ്ഥാപന ഉടമകളുടെ നിയമലംഘനങ്ങൾക്ക് പ്രോത്സാഹനം നൽകുകയും, കേസെടുക്കൽ പരിമിതപ്പെടുകയും ചെയ്യും. അതിലൂടെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' എന്ന ചൂഷണമന്ത്രം സുഗമമാക്കുകയും ചെയ്യും. [വേതന കോഡ് 2019ലെ സെക്ഷൻ 51, സാമൂഹിക സുരക്ഷാ കോഡ് 2020ലെ സെക്ഷൻ 122, OSHWC കോഡ് 2020ലെ സെക്ഷൻ 34]

10. നിലവിൽ കരാർ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നില്ല. എന്നാൽ സാമൂഹിക സുരക്ഷാ കോഡ് 2020ലെ സെക്ഷൻ 2(26) 'ജീവനക്കാരൻ (Employee)' എന്ന നിർവചനത്തിൽ കരാർ തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കരാർ തൊഴിലാളികൾക്ക് ഇപ്പോൾ ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ട്. എന്നാൽ കോഡിൽ ഇതേക്കുറിച്ച് വ്യക്തമായി ഒന്നും പരാമർശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഇതൊരു പ്രചാരണോപാധി മാത്രമാവാനാണ് സാധ്യത. എൻഫോഴ്സ്മെന്റ് സംവിധാനങ്ങൾക്ക് കൂച്ചുവിലങ്ങിട്ടിരിക്കുന്നത് കൊണ്ട് തൊഴിലാളികൾക്ക് ഈ ആനുകൂല്യം അനുഭവവേദ്യമാക്കുന്നത് പ്രയാസകരമാവും.

11. 'ഗിഗ് തൊഴിലാളി (Gig worker)', 'പ്ലാറ്റ്ഫോം തൊഴിലാളി (Platform Worker)' എന്നീ ആശയങ്ങൾ സാമൂഹിക സുരക്ഷാ കോഡ് 2020–ലെ സെക്ഷൻ 2(35), സെക്ഷൻ 2(60) എന്നിവ പ്രകാരം നമ്മുടെ തൊഴിൽ നിയമങ്ങളിൽ ആദ്യമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കോഡിൽ പറഞ്ഞിരിക്കുന്നത് പോലെ, പരമ്പരാഗതമായ 'തൊഴിലുടമ – ജീവനക്കാരൻ' ബന്ധത്തിന് പുറത്ത് പ്രത്യേക സേവനങ്ങൾ ആവശ്യാനുസരണം നൽകുന്നതിനും അതുവഴി വരുമാനം നേടുന്നതിനും വേണ്ടി മറ്റ് സ്ഥാപനങ്ങളെയോ വ്യക്തികളെയോ സമീപിക്കാൻ ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവേശിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന വ്യക്തികളെയാണ് ഇത് സൂചിപ്പിക്കുന്നത്. അതിനാൽ, ലേബർ കോഡുകളിൽ നിർവചിച്ചിട്ടുള്ള 'തൊഴിലാളി' എന്ന പദവി ഇവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ഗിഗ്/പ്ലാറ്റ്ഫോം ഉടമസ്ഥനോ സംസ്ഥാനത്തിനോ യാതൊരു ഉത്തരവാദിത്തവുമില്ല, കൂടാതെ തൊഴിലാളികൾ ഈ സംവിധാനങ്ങളുടെ ഉടമസ്ഥരുടെ നിയന്ത്രണമില്ലാത്ത ചൂഷണത്തിന് വിധേയരാകുകയും ചെയ്യും.

12. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികൾക്കും വേണ്ടി ഒരു കോൺട്രിബ്യൂട്ടറി സോഷ്യൽ സെക്യൂരിറ്റി സ്കീം രൂപീകരിക്കുമെന്ന് OSHWC കോഡ് 2020–ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, 5 വർഷം കഴിഞ്ഞിട്ടും അത്തരമൊരു പദ്ധതി ഇതുവരെ രൂപീകരിച്ചിട്ടില്ല.

13. നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾ പ്രകാരം, തൊഴിലുടമകൾ നടത്തുന്ന തൊഴിൽ നിയമലംഘനങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും ക്രിമിനൽ നടപടികളോ പിഴയോ അല്ലെങ്കിൽ പിഴയും തടവും ചേർത്തോ ശിക്ഷിക്കപ്പെടാവുന്ന വ്യവസ്ഥകൾ ഉണ്ടായിരുന്നു. അതിനു വിരുദ്ധമായി, തൊഴിൽ കോഡുകളിൽ ഇവയൊക്കെ ഫലത്തിൽ ശിക്ഷാർഹമല്ലാതാക്കിയിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്ത് (ഒത്തുതീർപ്പാക്കി) പ്രതികൾക്ക് പ്രയോജനം നേടാനാണ് ഇത്.

[Sec.56(1) – വേതന കോഡ് 2019], [Sec.89(1)– I R കോഡ് 2020], [Sec.138(1)– സാമൂഹ്യ സുരക്ഷാ കോഡ് 2020], [Sec.114(1)– OSHWC കോഡ് 2020]

14. 'നിയമവിരുദ്ധമായ സ്ട്രൈക്ക്' എന്ന് വിഷയത്തിൽ I R കോഡ് 2020 ലെ വ്യവസ്ഥകൾ, തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ നിയമപരമായി മുന്നോട്ട് പോകുന്നതിനെ വരെ തടസ്സപ്പെടുത്തുന്ന തരത്തിൽ വലിയ തുക പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. ന്യായവും നീതിയും എല്ലാ സാഹചര്യങ്ങളിലും നിയമപരമാകണമെന്നില്ല എന്നത് കൂടെ ഈ സാഹചര്യത്തിൽ ഓർക്കണം. [Sec.86(5), (13), (15), (16) of I R കോഡ് 2020]

കേന്ദ്ര ഗവൺമെന്റ് തൊഴിൽ കോഡുകളെക്കുറിച്ച് യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ടുള്ള പ്രചാരണങ്ങൾ നടത്തുകയാണ്. ഈ കാപട്യം വെളിവാക്കുന്ന രണ്ട് കാര്യങ്ങൾ ശ്രദ്ധിക്കുക:–

a) ഗ്രാറ്റുവിറ്റി പേയ്മെന്റ് സംബന്ധിച്ച്– "ഒരു ജീവനക്കാരൻ അഞ്ച് വർഷത്തിൽ കുറയാത്ത തുടർച്ചയായ സേവനം പൂർത്തിയാക്കിയെങ്കിൽ മാത്രമേ തൊഴിലുടമ ഗ്രാറ്റുവിറ്റി നൽകാൻ ബാധ്യസ്ഥനാകൂ..." കൂടാതെ, ഒരു ജീവനക്കാരന്റെ തൊഴിൽ അവസാനിക്കുന്നത് മരണമോ, വൈകല്യമോ, അല്ലെങ്കിൽ ഫിക്സഡ് ടേം എംപ്ലോയ്മെന്റിന്റെ കാലാവധി പൂർത്തിയാകുന്നതോ കാരണമാണെങ്കിൽ, അഞ്ച് വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കേണ്ട ആവശ്യമില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. [Sec.53(1)– & Sec.53(2) (സാമൂഹ്യ സുരക്ഷാ കോഡ് 2020)] അതിനർത്ഥം, ഗ്രാറ്റുവിറ്റി പേയ്മെന്റ് ഒരു വർഷത്തെ സേവനം പൂർത്തിയാക്കിയ ഉടൻ തന്നെ നൽകുമെന്ന പ്രചാരണം തൊഴിലാളികളെ കബളിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണ്. മരണത്തിന്റെ സാഹചര്യമൊഴിച്ചാൽ അഞ്ചു വർഷം പൂർത്തിയാക്കണം എന്നാണ്. അഞ്ചു വർഷം തുടർച്ചയായി പണി നൽകണമെന്ന യാതൊരു വ്യവസ്ഥയും പുതിയ കോഡുകളിൽ ഇല്ലതാനും.

b) ഏറ്റവും കുറഞ്ഞ വേതനത്തിന്റെ പേയ്മെന്റ് സംബന്ധിച്ച്– വേതന കോഡ് 2019 ലെ സെക്ഷൻ 5 പറയുന്നു, "തൊഴിലുടമ ഒരു തൊഴിലാളിക്കും ഗവൺമെന്റ് വിജ്ഞാപനം ചെയ്ത ഏറ്റവും കുറഞ്ഞ വേതനത്തേക്കാൾ കുറഞ്ഞ വേതനം നൽകാൻ പാടില്ല". എല്ലാ തൊഴിലാളികൾക്കും ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുമെന്നാണോ ഇത് സൂചിപ്പിക്കുന്നത്? ഒരിക്കലുമല്ല. അതേ വ്യവസ്ഥ നിലവിലുള്ള നിയമങ്ങളിലും ഉണ്ട്. പക്ഷെ യഥാർത്ഥത്തിൽ മിനിമം വേതനം ലഭിക്കുന്ന തൊഴിലാളികൾ ചുരുക്കമാണ്. ഇവിടെ, നിയമം നടപ്പാക്കുന്നതിലെ കാർക്കശ്യം ആണ് ഈ

(ശേഷം 5–ാം പേജിൽ)

# ലേബർ കോഡുകൾക്കായി കരട് ചട്ടം തയ്യാറാക്കി മുതലാളിത്ത ഇംഗിതത്തിന് കൂട്ടുനിൽക്കുന്ന എൽഡിഎഫ് സർക്കാർ

**നാ**ലു ലേബർ കോഡുകൾ സംസ്ഥാനങ്ങളിൽ നടപ്പിലാക്കാൻ ആവശ്യമായ സംസ്ഥാന റൂളുകൾ ഉണ്ടാക്കണമെന്ന് കേന്ദ്രസർക്കാർ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. തൊഴിൽ, കൺകറന്റ് ലിസ്റ്റിൽ പെട്ടതാണെന്നിരിക്കെ സംസ്ഥാനങ്ങൾക്ക് ശക്തമായ നിലപാടെടുക്കാൻ കഴിയുന്നതാണ്. ഫെഡറലിസത്തിനുനേരെ കേന്ദ്രസർക്കാർ നടത്തുന്ന കടന്നുകയറ്റത്തെ എതിർക്കുന്നവരാണ് ബിജെപി ഇതര സംസ്ഥാന സർക്കാരുകൾ. ആ പ്രതിരോധ സാധ്യത ഉപയോഗപ്പെടുത്തി ലേബർ കോഡിനെതിരെ എൽഡിഎഫ് സർക്കാർ യാതൊരു നീക്കങ്ങളും നടത്തിയില്ല.

കേന്ദ്രസർക്കാർ ആവശ്യപ്പെട്ട ഉടൻ 2021 ഡിസംബർ മാസത്തിൽ നാലു ലേബർ കോഡുകൾക്കും സംസ്ഥാന റൂളുകൾ ഉണ്ടാക്കി കേന്ദ്രത്തിന് അയച്ചുകൊടുക്കുകയാണ് ഉണ്ടായത്. ഇപ്പോൾ, നവംബർ 21ന് 4 ലേബർ കോഡുകളും നടപ്പിലാക്കാനുള്ള കേന്ദ്രവിജ്ഞാപനം വന്നപ്പോൾ കേരളത്തിൽ ലേബർകോഡുകൾക്ക് സംസ്ഥാന റൂളുകൾ രൂപീകരിച്ച പ്രശ്നം മാധ്യമങ്ങൾ ചർച്ചയാക്കുകയുണ്ടായി. പിഎംശ്രീ പദ്ധതി സംസ്ഥാനത്ത് മുന്നണിയിലോ ഘടകകക്ഷികളുമായോ ആലോചിക്കാതെ ഒളിച്ചുകടത്തിയ പോലെയാണ് ലേബർ കോഡുകൾക്ക് സംസ്ഥാനത്ത് റൂളുകൾ ഉണ്ടാക്കിയത്.

ഇതുമായി ബന്ധപ്പെട്ട് പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളും വാദഗതികളുമാണ് പുറത്തുവന്നത്. തങ്ങൾ ലേബർ കോഡുകൾ ഒളിച്ചു കടത്തിയിട്ടില്ലെന്നും സംസ്ഥാനത്തെ ട്രേഡ് യൂണിയനുകളുമായി നാലു വർഷംമുമ്പുതന്നെ കൂടിയാലോചന നടത്തിയിട്ടുണ്ടെന്നും മന്ത്രി വി.ശിവൻകുട്ടി തെളിവുകൾ സഹിതം മാധ്യമങ്ങളോട് പറയുകയുണ്ടായി. അതേസമയം സിഐറ്റിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം, ഞങ്ങൾക്കൊന്നുമറിയില്ല, പറഞ്ഞവരോട് ചോദിക്കൂ എന്നും, കരട് വിജ്ഞാപനം എന്നൊരു സംഭവം കേരളത്തിൽ ഇല്ല എന്നും ഉണ്ടാവുകയുമില്ല എന്നുമാണ് പറഞ്ഞത്. സിഐറ്റിയു സംസ്ഥാന പ്രസിഡന്റും എൽഡിഎഫ് കൺവീനറുമായ ടി.പി. രാമകൃഷ്ണൻ ആകട്ടെ, അങ്ങനെയൊരു ചർച്ച നടന്നിട്ടേയില്ല എന്നാണ് പറഞ്ഞത്. അതേസമയം ഇവർ ലേബർ വകുപ്പ് ഉദ്യോഗസ്ഥരാണ് കരട് റൂളുകൾ രൂപീകരിച്ചതെന്നും പറയുന്നുണ്ട്. എഐറ്റിയുസി നേതാവ് കെ.പി.രാജേന്ദ്രൻ പറയുന്നത്, തൊഴിലാളി യൂണിയനുകളുമായി നടത്തിയ ചർച്ചകളിലെല്ലാം തൊഴിൽ കോഡുകൾക്കെതിരെയാണ് സർക്കാർ നിലപാട് എടുത്തത് എന്നാണ്. മന്ത്രി വി.ശിവൻകുട്ടി ലേബർ വകുപ്പ് ഉദ്യോഗസ്ഥരെ തള്ളിപ്പറയാൻ തയ്യാറല്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുമ്പോൾ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറയുന്നത്, വരയ്ക്കപ്പുറം ഉദ്യോഗസ്ഥർ സഞ്ചരിക്കുമ്പോൾ എങ്ങിനെ വരയ്ക്കുള്ളിൽ നിർത്താമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അറിയാമെന്നാണ്.

ഇങ്ങനെ പരസ്പരവിരുദ്ധവും അഴകൊഴമ്പനുമായ നിലപാടുകൾ ഉത്തരവാദത്തപ്പെട്ട മന്ത്രിയും നേതാക്കളും വിളിച്ചു പറയുന്നതിൽനിന്നുതന്നെ കള്ളക്കളി വെളിവാകുന്നുണ്ട്. സംസ്ഥാനത്തെ തൊഴിലാളികളെയും ഇടതുപക്ഷ വിശ്വാസികളെയും തെറ്റിദ്ധരിപ്പിക്കാനും, സർക്കാർ നടത്തിയ തൊഴിലാളി വഞ്ചന കൈയോടെ പിടിക്കപ്പെട്ടപ്പോൾ ഉണ്ടായ ജാള്യത മറച്ചു പിടിക്കാനുമാണ് ഈ ഉരുണ്ടുകളികളെല്ലാം.

എന്താണ് യഥാർത്ഥ വസ്തുത? 2019-20 കാലയളവിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട ലേബർ കോഡുകളെ, അഖിലേന്ത്യാതലത്തിൽ ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകൾ സംയുക്തമായി എതിർക്കുകയും പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയ പ്രക്ഷോഭണം നടത്തി വരികയുമായിരുന്നു. ഇത്തരം സമരങ്ങളുടെകൂടി പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ തന്നെ കോഡുകൾക്ക് സെൻട്രൽ റൂൾസ് ഉണ്ടാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വേഗത കുറച്ചു. അതേസമയം, ലേബർ കോഡുകളിൽ സംസ്ഥാന റൂളുകൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കേന്ദ്രസർക്കാരിന്റെ ഈ അറിയിപ്പ് ലഭിച്ച ഉടൻ അനുകൂലമായി പ്രതികരിച്ച സംസ്ഥാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായി കേരളം മാറി. ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് രൂപീകരിച്ച സംസ്ഥാന റൂളുകളിൽ അഭിപ്രായം അറിയിക്കുന്നതിനായി 2022 ജൂലൈ 2ന് തിരുവനന്തപുരം ദർബാർ ഹാളിൽ സംസ്ഥാന സർക്കാർ ട്രേഡ് യൂണിയൻ നേതാക്കളുടെയും തൊഴിലുടമകളുടെയും ഒരു യോഗം വിളിച്ചുചേർക്കുന്ന വിധം വേഗത്തിലായിരുന്നു ഇത്. നാല് ലേബർ കോഡുകൾക്കും സംസ്ഥാന ലേബർ വകുപ്പ് തയ്യാറാക്കിയ കരട് റൂളുകളുടെ വിജ്ഞാപനത്തിന് അന്തിമാനുമതി തേടിക്കൊണ്ടായിരുന്നു ഈ യോഗം വിളിച്ചിരുന്നത്. കേന്ദ്ര ട്രേഡ് യൂണിയനുകളിൽ ഒന്നായ എഐയുറ്റിയുസി അതിൽ പങ്കെടുത്തിരുന്നു.

"അസാധാരണം" എന്നും "ആധികാരികമായി പ്രസിദ്ധം ചെയ്യുന്നത്" എന്നും തലക്കെട്ടോട് കൂടിയ കേരള ഗസറ്റ് വിജ്ഞാപനമായാണ് 4 ലേബർ കോഡുകൾക്കും കരട് റൂളുകൾ സർക്കാർ വിജ്ഞാപനം ചെയ്തത്. കോഡ് ഓൺ വേജ്-2019 (2021 ഡിസംബർ 15 നും) ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്-2020 (2021 ഡിസംബർ 17 നും) കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി-2020 (2021 ഡിസംബർ 16നും) ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്-2020 (2020 ഡിസംബർ 30നും) ആണ് സംസ്ഥാന ഗസറ്റ് മുഖാന്തരം വിജ്ഞാപനം ചെയ്തത്. വിജ്ഞാപനം ചെയ്യപ്പെട്ട് 45 ദിവസത്തിനകം ഭേദഗതികൾ സമർപ്പിക്കണമെന്നും വിജ്ഞാപനത്തിലുണ്ട്.

പ്രസ്തുത യോഗത്തിൽ എഐയുറ്റിയുസി 4 കരട് റൂളുകളും ആവശ്യമായ സമയത്തിനുള്ളിൽ യൂണിയനുകൾക്ക് ലഭ്യമാക്കാത്തതിൽ വിമർശനം രേഖപ്പെടുത്തുകയുണ്ടായി. മാത്രമല്ല, കേന്ദ്ര റൂളുകൾ പോലും അന്തിമമാക്കാത്ത സാഹചര്യത്തിൽ സംസ്ഥാനം ഇത്രമാത്രം വേഗത്തിൽ സംസ്ഥാന കരട് റൂളുകൾ വിജ്ഞാപനം ചെയ്തതിലുള്ള എതിർപ്പും രേഖപ്പെടുത്തിയിരുന്നു. സംസ്ഥാന സർക്കാർ ലേബർ കോഡുകൾക്കെതിരാണെന്ന് ഒരുഭാഗത്ത് പറയുമ്പോൾ തന്നെ അതിന് സംസ്ഥാന റൂളുകൾക്ക് രൂപം കൊടുക്കുന്ന ഇരട്ടത്താപ്പിനെ കുറിച്ചും സൂചിപ്പിക്കുകയുണ്ടായി.

സിഐറ്റിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരിം കേന്ദ്രസർക്കാർ ലേബർ കോഡുകൾ അന്തിമമാക്കാൻ രൂപീകരിച്ച പാർലമെന്ററി കമ്മിറ്റി അംഗമെന്ന നിലയിൽ, സംസ്ഥാന റൂളുകൾ ഉണ്ടാക്കുന്നതിൽ കേരളം ഇത്രയധികം വേഗത കാണിക്കേണ്ടതില്ലെന്നു ഉപദേശിക്കുകയുണ്ടായി.

ഇതിൽനിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. സംസ്ഥാന സർക്കാർ ലേബർ കോഡിനെതിരെ ഒരു ഭാഗത്ത് പറയുന്നുണ്ടെങ്കിലും, പ്രവർത്തിയിൽ കോഡ് സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള വ്യഗ്രതയാണ് കാണിക്കുന്നത്. മറ്റേത് സംസ്ഥാനത്തേക്കാളും ധൃതിയിൽ സംസ്ഥാന കരട് റൂളുകൾക്ക് രൂപം കൊടുക്കുകയും അത് കേന്ദ്രത്തിന് അയച്ചു കൊടുക്കുകയും ചെയ്തു. ഫെഡറലിസത്തിന്റെമേൽ കേന്ദ്രം കൈയേറ്റം നടത്തുന്നുണ്ടെന്ന് വിലപിക്കുന്ന സർക്കാർ അക്കാര്യത്തിൽ ചെറുവിരൽ അനക്കാൻപോലും തയ്യാറായില്ല.

യഥാർത്ഥത്തിൽ ലേബർ കോഡുകളിൽ പറഞ്ഞിട്ടുള്ള തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ എൽഡിഎഫ് സർക്കാർ തുടക്കം മുതൽ മുൻകൈ എടുക്കുകയുണ്ടായി. ലേബർ കോഡിന്റെ മുഖ്യ മുദ്രാവാക്യം "ഈസ് ഓഫ് ഡൂയിങ് ബിസിനസ് " ആണെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളസർക്കാരും മുഖ്യമന്ത്രിയും എപ്പോഴും ഉയർത്തിപ്പിടിച്ചതും ഉരുവിട്ടതും "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" ആണ്. തൊഴിലാളികളെ ഒരു ഉപാധിയും ഇല്ലാതെ ചൂഷണം ചെയ്യുന്നതിനുള്ള നിയമപരമായ ഉറപ്പാണ് ഈ പദ്ധതി. അത് കോർപ്പറേറ്റുകളുടെയും മുതലാളികളുടെയും താല്പര്യമാണ്. അതിനനുസരിച്ചാണ് ലേബർ കോഡുകളുടെ രൂപീകരണം എന്ന് ഏവർക്കും അറിയുകയും ചെയ്യാം. എന്നാൽ, "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് " രാജ്യത്ത് നടപ്പിലാക്കുന്നതിൽ ഒന്നാം സ്ഥാനം രണ്ട് തവണയും കേരളം നേടിയിരിക്കുന്നു! കേന്ദ്രസർക്കാരിൽ നിന്നും ഇതിന്റെ ബഹുമതിപത്രം വാങ്ങിയതിനെ അഭിമാനപൂർവ്വം കൊട്ടിഘോഷിക്കുകയാണ് ഇടതുപക്ഷത്തിന്റെ പേരിൽ ഭരിക്കുന്ന സംസ്ഥാന മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും!

ലേബർ കോഡിലെ മറ്റു തൊഴിലാളി വിരുദ്ധ വ്യവസ്ഥകളായ ഫിക്സഡ് ടേം എംപ്ലോയ്മെന്റ്, തൊഴിൽസമയം വർധിപ്പിക്കൽ, തൊഴിലിന്റെ കരാർവൽക്കരണം, സ്ഥിരം തൊഴിൽ ഇല്ലാതാക്കൽ, മിനിമം കൂലി നിയമം അസാധുവാക്കൽ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ നിന്നും ഉദ്യോഗസ്ഥരെ ഒഴിവാക്കൽ, തൊഴിലിടങ്ങളിലെ പരിശോധന വേണ്ടെന്നുവെക്കൽ, ട്രേഡ് യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള ഫീസ് പത്തുമടങ്ങായി വർദ്ധിപ്പിക്കൽ തുടങ്ങിയവയെല്ലാം സംസ്ഥാനത്ത് എൽഡിഎഫ് ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. കെഎസ്ആർടിസി, കെഎസ്ഇബി തുടങ്ങിയ സംഘടിതമേഖലയിലും അസംഘടിത മേഖലയിലും ഈ വ്യവസ്ഥകൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

ഇപ്രകാരം തൊഴിൽമേഖലയിൽ നാനാതരം അവകാശനിഷേധങ്ങൾ നടപ്പിലാക്കുമ്പോഴും അതിനെതിരെ യാതൊരു സമരവും ഉയർന്നുവരാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുന്നു. അതിനായി സിഐറ്റിയു, എഐറ്റിയുസി തുടങ്ങിയ യൂണിയനുകളുടെ നേതൃത്വങ്ങളെ ഉപയോഗിക്കുകയാണ്. തൊഴിലാളി സമരങ്ങളോട് ഒരു ഇടതുപക്ഷ സർക്കാർ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത സമീപനമാണ് ഈ സർക്കാർ വച്ചുപുലർത്തുന്നത്. സമീപകാലത്ത് നടന്ന ആശാസമരം 266 ദിവസം നീണ്ടുപോയത് സർക്കാരിന്റെ ഈ തൊഴിലാളി വിരുദ്ധ സമീപനം ഒന്നുകൊണ്ടുമാത്രമാണ്. ഇത് കേവലം യാദൃശ്ചികമായി ഉണ്ടാകുന്നതല്ല എന്ന് തൊഴിലാളികൾ തിരിച്ചറിയണം. അദാനി-അംബാനി- യൂസഫലിമാരുടെ പറുദീസയായി കേരളത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ന് സർക്കാർ നയങ്ങൾ രൂപീകരിക്കുന്നത്. സ്വാഭാവികമായും കോർപ്പറേറ്റുകൾക്ക് അനുകൂല നിലപാടെടുക്കുകയെന്നാൽ തൊഴിലാളികൾക്കും തൊഴിൽ അവകാശങ്ങൾക്കുമെതിരെ നിൽക്കുക എന്നുതന്നെയാണ്. തൊഴിലാളിവർഗ്ഗത്തെക്കുറിച്ച് പ്രസംഗിക്കുന്നുണ്ടെങ്കിലും മുതലാളി വർഗ്ഗത്തിന്റെ നിലപാടാണ് സർക്കാരിനുള്ളത്.

കേന്ദ്രസർക്കാരിന്റെ നവലിബറൽ നയങ്ങളും നടപടികളും എല്ലാ രംഗത്തും സംസ്ഥാനത്ത് നടപ്പിലാക്കാൻ എൽഡിഎഫ് സർക്കാർ കാണിക്കുന്ന വ്യഗ്രത ഇന്ന് കൃത്യമായും ഏവർക്കും മനസ്സിലാകുന്നുണ്ട്. ഇത് സർക്കാരിന്റെയും അതിനെ നയിക്കുന്ന സിപിഐ(എം), സിപിഐ പാർട്ടികളുടെയും വർഗ്ഗപരമായ നിലപാട് തന്നെയാണ്. എന്തൊക്കെ കൗശലങ്ങൾ പ്രയോഗിച്ചാലും അത് മറച്ചുപിടിക്കാൻ കഴിയാത്തവിധം തെളിഞ്ഞുവരികയാണ്. ■

---

## ലേബർ കോഡുകൾ

(4-ാം പേജിൽ നിന്ന്)

വ്യവസ്ഥ നടപ്പിലാവുന്നു എന്ന് ഉറപ്പിക്കാനുള്ള മാർഗ്ഗം. പക്ഷെ, ലേബർ കോഡുകൾ ഈ സുപ്രധാനഘടകത്തെ,എൻഫോഴ്സ്മെന്റ് സംവിധാനത്തെ ഒരു വലിയ പരിധി വരെ അട്ടിമറിച്ചിരിക്കുകയാണ്.

നാല് തൊഴിൽ കോഡുകളും അടിസ്ഥാനപരമായി, തൊഴിലാളിവർഗ്ഗത്തെ വർദ്ധിച്ചുവരുന്ന അനിശ്ചിതത്വത്തിലേക്കും ദുരിതത്തിലേക്കും തള്ളിവിടുകയാണ്. സ്വകാര്യവൽക്കരണത്തിന്റെയും മാറി വരുന്ന ബിസിനസ്സ് താല്പര്യങ്ങളുടെയും അതിന്റെ ആവശ്യകതകൾ നിർവഹിക്കുന്ന ഭരണക്രമത്തിന്റെയും ആവശ്യകതകൾ നിറവേറ്റുന്നതിനുവേണ്ടി പടച്ചുണ്ടാക്കിയതാണ്. ഇത് കൂട്ടായ വിലപേശൽ (collective bargaining) തടസ്സപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്. പ്ലാറ്റ്ഫോം വർക്ക്, ഫിക്സഡ് ടേം എംപ്ലോയ്മെന്റ്, ആകമാന കരാർവൽക്കരണം എന്നിവ ആവിഷ്കരിക്കുന്നതിലൂടെ തൊഴിൽ മേഖല ക്രമാതീതമായി അനൗപചാരികവൽക്കരിക്കപ്പെടുകയാണ്. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' ഉറപ്പാക്കാനും മുതലാളിത്തത്തിന്റെയും സ്വകാര്യ മൂലധനത്തിന്റെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനും അതുവഴി തൊഴിലാളി വർഗ്ഗത്തെ നിരുപാധികം ചൂഷണം ചെയ്യാൻ വഴിയൊരുക്കാനുമാണ് ഈ നീക്കം. ■



# വംശീയ അതിക്രമങ്ങൾ സുഡാനെന്ന ആഫ്രിക്കൻ രാജ്യത്ത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രതിസന്ധി

**എണ്ണ, പ്രകൃതിവാതകം, സ്വർണ്ണം, മറ്റ് ധാതുക്കൾ എന്നിവയാൽ സമ്പന്നമായ ഒരു കിഴക്കൻ ആഫ്രിക്കൻ രാജ്യമാണ് സുഡാൻ. അവിടെ 2023 ഏപ്രിൽ മുതൽ സുഡാനീസ് ആംഡ് ഫോഴ്സസ്(SAF)ഉം റാപ്പിഡ് സപ്പോർട്ട് ഫോഴ്സസ്(RSF) എന്ന വിമത സേനയും തമ്മിലുള്ള ആഭ്യന്തരയുദ്ധം നടന്നു വരികയാണ്. റാപ്പിഡ് സപ്പോർട്ട് ഫോഴ്സ് വളർന്നുവന്നത് 2019ലെ അട്ടിമറിക്ക് ശേഷമാണ്. സുഡാന്റെ ഇന്നത്തെ ഭരണാധികാരിയായ ജനറൽ അബ്ദുൽ ഫത്താഹ് അൽ–ബുർഹാനും ആർഎസ്എഫിന്റെ നേതാവും യുദ്ധപ്രഭുവുമായ മുഹമ്മദ് ഹംദാൻ ദഗാലോയും തമ്മിലുള്ള അധികാര വടംവലിയാണ് ഈ ആഭ്യന്തരയുദ്ധത്തിന് തീകൊളുത്തിയത്.**

ദക്ഷിണ സുഡാനിലെ ദാർഫൂറിൽ വംശഹത്യാപരമായ കൊലപാതകങ്ങളുടെയും ബലാത്സംഗത്തിന്റെയും പേരിൽ കുപ്രസിദ്ധമായ ജാൻജവീഡ് എന്ന കൂലിപ്പട്ടാളത്തിൽ നിന്നാണ് ആർഎസ്എഫ് രൂപം കൊണ്ടത്. രാജ്യത്തുടനീളം നടക്കുന്ന ഈ സംഘർഷത്തിൽ 1,50,000ത്തിലധികം ആളുകൾ മരിക്കുകയും ഏകദേശം 14 ദശലക്ഷം ആളുകൾ വീടുകൾ വിട്ട് പലായനം ചെയ്യുകയും ചെയ്തു. 3 ദശലക്ഷം ആളുകൾ ചാഡ്, എത്യോപ്യ, ദക്ഷിണ സുഡാൻ തുടങ്ങിയ അയൽ രാജ്യങ്ങളിലേക്ക് പലായനം ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഏകദേശം 50 ദശലക്ഷം വരുന്ന, ജനസംഖ്യയുടെ പകുതിയിലധികം പേരും കടുത്ത വിശപ്പിന്റെ പിടിയിലാണ്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങൾ തകർന്നു. കൂടാതെ, 12 ദശലക്ഷത്തിലധികം പെൺകുട്ടികളും സ്ത്രീകളും ലൈംഗിക അതിക്രമങ്ങൾ നേരിട്ടു. ഒരുകാലത്ത് സജീവ തലസ്ഥാനമായിരുന്ന ഖാർത്തൂം ഇപ്പോൾ വളരെ ശോചനീയമായ അവസ്ഥയിലാണ്. ഗസയ്ക്കൊപ്പം സുഡാനും, അധിനിവേശത്തിന്റെയും കൊള്ളയുടെയും സാമ്രാജ്യത്വ കുതന്ത്രങ്ങൾകൊണ്ട് കടുത്ത മാനുഷിക പ്രതിസന്ധി നേരിടുകയാണ്.

## സാമ്രാജ്യത്വ സ്രാവുകളുടെ ലക്ഷ്യങ്ങളിലൊന്ന്

സുഡാൻ 1899 മുതൽ 1955 വരെ ഒരു ബ്രിട്ടീഷ് കോളനി ആയിരുന്നു. 1956 ജനവരി 1ന് അത് സ്വാതന്ത്ര്യം നേടി. നൂറ്റാണ്ടുകളായി സൗഹാർദ്ദത്തോടെ ജീവിക്കുകയും, പരസ്പരം വിവാഹം കഴിക്കുകയും, പൊതുവായ സാംസ്കാരിക-മതപരമായ പ്രത്യേകതകൾ പങ്കുവെക്കുകയും ചെയ്ത വംശീയ വൈവിധ്യമുള്ള ഒരു രാജ്യമായിരുന്നു സുഡാൻ എന്ന് എടുത്തുപറയേണ്ടതുണ്ട്. എന്നാൽ, ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തിന്റെ ദീർഘകാലത്തെ അടിച്ചമർത്തലിനുകീഴിൽ, അതിന്റെ വിഭവങ്ങൾ വിദേശ ഭരണാധികാരികളാൽ കൊള്ളയടിക്കപ്പെട്ടു. രാജ്യം അവികസിതമായും ദരിദ്രമായും തുടർന്നു. ക്ഷാമം, വരൾച്ച, മറ്റ് ദുരിതങ്ങൾ ഇവ കടുത്ത ഭക്ഷ്യക്ഷാമത്തിന് കാരണമാവുകയും രാജ്യത്ത് വ്യാപകമായ പട്ടിണിയും പോഷകാഹാരക്കുറവും ഉണ്ടാവുകയും ചെയ്തു.

ദേശീയ വികാരത്താൽ പ്രചോദിതമായ സ്വതന്ത്ര സുഡാൻ, അതിന്റെ സാമ്പത്തിക വിഭവങ്ങൾ സ്വതന്ത്രമായി വികസിപ്പിക്കാനുള്ള ഒരു നയം പിന്തുടരാൻ ദീർഘകാലമായി ശ്രമിച്ചിരുന്നു. എന്നാൽ, ആ ശ്രമത്തെ പരാജയപ്പെടുത്തുന്നതിനായി, അമേരിക്കൻ-ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികളും അവരുടെ കൂട്ടാളികളും പഴയ കോളനിയുടെ വിഭവങ്ങളിലും രാഷ്ട്രീയത്തിലും നിയന്ത്രണം നിലനിർത്താൻ വേണ്ടി, തങ്ങളുടെ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയം പിന്തുടർന്നു. അവർ വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ അവിശ്വാസവും ഭിന്നിപ്പും വളർത്തുകയും ദാരിദ്ര്യത്തിൽ വലയുന്ന പട്ടിണിക്കോലങ്ങളായ സുഡാനീസ് ജനതയ്ക്കിടയിൽ, പ്രത്യേകിച്ച് തെക്കൻ സുഡാനിലെ ഗോത്രവർഗ്ഗ സമൂഹങ്ങൾക്കിടയിൽ, കലാപത്തിന് കാരണമായേക്കാവുന്ന, ഊറിക്കൂടിയ പരാതികളെ ആളിക്കത്തിക്കുകയും ചെയ്തു. അങ്ങനെ സുഡാനീസ് ജനത ആഭ്യന്തര കലഹങ്ങളിൽ അകപ്പെടുകയും, എന്നും ദരിദ്രരും, അവികസിതരും, ദുർബലരുമായി തുടരുകയും ചെയ്തു. ഈ സാമ്രാജ്യത്വ സ്രാവുകൾ വിവിധ വിമത ഗ്രൂപ്പുകൾക്ക് രഹസ്യമായി സാമ്പത്തിക–സൈനിക സഹായം നൽകിക്കൊണ്ട് സുഡാനിലെ കലാപങ്ങളും, സാമുദായിക–വംശീയ സംഘർഷങ്ങളും കൂടുതൽ ശക്തമാക്കുന്നത് തുടർന്നു.

തൽഫലമായി, മുസ്ലീം–അറബ് സ്വാധീനമുള്ള വടക്കൻ സുഡാനും ആഫ്രിക്കൻ ക്രിസ്ത്യൻ സ്വാധീനമുള്ള തെക്കൻ സുഡാനും, ഒരു രാഷ്ട്രമായിരുന്നിട്ടും, ഫലത്തിൽ വേർപിരിഞ്ഞുനിന്നു. അങ്ങനെ സുഡാൻ, ദുഷ്ടലാക്കോടെയുള്ള സാമ്രാജ്യത്വ ഗൂഢാലോചനകളുടെ വിളനിലമായി തുടരുകയും, തുടർച്ചയായ വംശീയ സംഘർഷങ്ങളാലും ഏറ്റുമുട്ടലുകളാലും തകർക്കപ്പെടുകയും, സാധാരണ ജീവിതം താറുമാറാവുകയും ചെയ്തു.

## മുൻ സുഡാൻ പ്രസിഡന്റ് ബാഷിർ യുഎസ് സാമ്രാജ്യത്വവാദികളുടെ കോപത്തിന് ഇരയായി

ഇത്തരമൊരു പ്രക്ഷുബ്ധമായ സാഹചര്യത്തിൽ, 1989ൽ അധികാരമേറ്റ സുഡാൻ പ്രസിഡന്റ് ഒമർ ഹസ്സൻ അൽ–ബാഷിർ, യുഎസ്-യുകെ സാമ്രാജ്യത്വത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങാതെ ഉറച്ചുനിന്നു. അദ്ദേഹം തന്റെ രാജ്യത്തെ എണ്ണ വിഭവങ്ങളിൽ യുഎസിന് പ്രവേശനം അനുവദിച്ചില്ല, അതുപോലെ ഇറാഖിനെതിരായ യുഎസ് അധിനിവേശ യുദ്ധത്തെ പിന്തുണച്ചുമില്ല. അതിനാൽ, അദ്ദേഹം യുഎസ് സാമ്രാജ്യത്വ ഭരണകൂടത്തിന്റെ കോപത്തിന് പാത്രമായി. 1998ൽ രാജ്യത്തെ അസ്ഥിരപ്പെടുത്താൻ വേണ്ടി, സുഡാനിലെ ആഭ്യന്തര ഉപഭോഗത്തിനുള്ള മരുന്നുകളുടെ 60%വും ഉത്പാദിപ്പിച്ചിരുന്ന ഏറ്റവും വലിയ ഫാർമസ്യൂട്ടിക്കൽ പ്ലാന്റുകളിലൊന്നിൽ, രാസായുധങ്ങൾ നിർമ്മിക്കുന്നു എന്ന് ആരോപിച്ചുകൊണ്ട് അമേരിക്ക മിസൈൽ ആക്രമണം നടത്തി. കൂടാതെ, പ്രതികാര നടപടിയെന്ന നിലയിൽ, പ്രസിഡന്റ് സദ്ദാം ഹുസൈന്റെ പക്കൽ വൻ നശീകരണ ശേഷിയുള്ള ആയുധങ്ങൾ ഉണ്ടായിരുന്നു എന്ന വ്യാജ കാരണം പറഞ്ഞ് സ്വതന്ത്ര പരമാധികാര ഇറാഖിനെ ആക്രമിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തതുപോലെ, പെന്റഗണിലെ ഭരണാധികാരികൾ 2008ൽ സുഡാൻ പ്രസിഡന്റിനെതിരെ കെട്ടിച്ചമച്ച ആരോപണങ്ങൾ ഉയർത്തി. പടിഞ്ഞാറൻ സുഡാനിലെ ദാർഫൂറിൽ നടന്നുവെന്ന പറയപ്പെടുന്ന വൻതോതിലുള്ള കൊലപാതകങ്ങൾ ചൂണ്ടിക്കാട്ടി, അവരുടെ കൽപ്പനകൾക്ക് വഴങ്ങുന്ന അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ(ICC) ഇടപെടൽ ആവശ്യപ്പെട്ട്, യുദ്ധക്കുറ്റങ്ങൾക്കും മനുഷ്യരാശിക്കെതിരായ കുറ്റകൃത്യങ്ങൾക്കും അദ്ദേഹത്തെ പ്രതിചേർത്തു. 30 വർഷത്തിലധികം നീണ്ടുനിന്ന ഉപരോധങ്ങളാൽ രാജ്യത്തെ ഞെരുക്കിക്കൊണ്ട്, സുഡാനെ അസ്ഥിരപ്പെടുത്തുന്നതിലും വിഭജിക്കുന്നതിലും യുഎസ് ശ്രദ്ധ കേന്ദ്രീകരിച്ചു. യുഎസിന്റെ റബ്ബർ സ്റ്റാമ്പായി മാറിയ യുഎന്നും ദാർഫൂറിലെ അക്രമ സംഭവങ്ങളോട് പ്രതികരിച്ച് സുഡാനുമേൽ ആയുധ ഉപരോധം, ആസ്തി മരവിപ്പിക്കൽ, യാത്രാ വിലക്ക് എന്നിവ ഏർപ്പെടുത്തി.

മറുവശത്ത്, ചൈനയും റഷ്യയും സ്വന്തം സാമ്രാജ്യത്വ താല്പര്യാർത്ഥം സുഡാനെ തങ്ങളുടെ നിയന്ത്രണത്തിൽ നിർത്താനാണ് ശ്രമിക്കുന്നത്. അതിനാൽ അവർ സുഡാനെതിരായ യുഎസ് ഉപരോധങ്ങളെയും, ദാർഫൂറിലെ യുദ്ധക്കുറ്റങ്ങൾ ആരോപിച്ചുള്ള ഒമർ അൽ ബാഷിറിനെതിരായ ഐസിസി അറസ്റ്റ് വാറണ്ടിനെയും എതിർത്തു. റഷ്യയും ചൈനയും ഇറാനും പോർട്ട് സുഡാനിൽ സാന്നിധ്യം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. ചൈന അടിസ്ഥാന സൗകര്യ വികസനത്തിൽ വൻതോതിൽ നിക്ഷേപം നടത്തുകയും പോർട്ട് സുഡാനിൽ സ്വന്തമായി ഒരു കേന്ദ്രം സ്ഥാപിക്കുന്നതിൽ "താൽപര്യം പ്രകടിപ്പിക്കുകയും" ചെയ്തു. റഷ്യ അവിടെ ഒരു സൈനിക താവളം സ്ഥാപിക്കുന്നതിന് കൂടുതൽ പരിശ്രമം നടത്തി. ഒരു റഷ്യൻ നാവിക താവളം സ്ഥാപിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ലെന്ന് സുഡാനീസ് വിദേശകാര്യ മന്ത്രി അലി യൂസഫ് ഫെബ്രുവരിയിൽ പ്രസ്താവിച്ചത് പല പാശ്ചാത്യ സാമ്രാജ്യത്വ ശക്തികളെയും ആശങ്കപ്പെടുത്തി. ഈ കരാർ പ്രകാരം, റഷ്യക്ക് 300 ഉദ്യോഗസ്ഥരെയും യുദ്ധക്കപ്പലുകളെയും, കൂടാതെ മുങ്ങിക്കപ്പലുകളെയും ഉൾപ്പെടുത്തി ഒരു നാവിക താവളം സ്ഥാപിക്കാൻ കഴിയും. ഇത് റഷ്യക്ക് മേഖലയിൽ തങ്ങളുടെ ശക്തി പ്രയോഗിക്കാനും, പാശ്ചാത്യ താൽപ്പര്യങ്ങളെ പ്രതിരോധിക്കാനും, ആഗോള സമുദ്ര വ്യാപാര പാതകളെ സ്വാധീനിക്കാനും, നാറ്റോയുടെ തെക്കൻ ഭാഗത്തിനുപോലും ഭീഷണിയാകാനും കഴിയും.

യുഎസ്-യുകെ നീക്കത്തെ പ്രതിരോധിക്കാൻ, 1990കളിൽ രാജ്യത്തിന്റെ എണ്ണ മേഖലയുടെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നതിനായി പ്രസിഡന്റ് ബാഷിർ ചൈനയുമായും ഇന്ത്യയുമായും അടുത്ത ബന്ധം സ്ഥാപിച്ചത് ഓർക്കേണ്ടതുണ്ട്. പ്രതിവിപ്ലവത്തിനുശേഷം റഷ്യ ഒരു സാമ്രാജ്യത്വ രാജ്യമായി മാറുകയും, പ്രത്യേകിച്ച് ഒരു സൈനിക ശക്തിയെന്ന നിലയിൽ യുഎസ് സാമ്രാജ്യത്വത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത ആഗോള ആധിപത്യത്തെ ക്രമേണ വെല്ലുവിളിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ, സാങ്കേതികവും സൈനികവുമായ പിന്തുണയ്ക്കായി ഒമർ അൽ ബാഷിർ പുടിന്റെ റഷ്യയുമായി പെട്ടെന്ന് അടുത്ത ബന്ധം സ്ഥാപിച്ചു. മുതലാളിത്ത അനുകൂല സൈനിക സ്വേച്ഛാധിപത്യ ഭരണമായിരുന്നിട്ടും, 2010ഓടെ, ബാഷിർ യുഎസ് സാമ്രാജ്യത്വ വിരുദ്ധ നിലപാടുകൾ കാരണം അറബ് ലോകത്തും ആഫ്രിക്കയിലും ഒരു വീരനായകനായി ഉയർന്നുവന്നു.

## രാജ്യത്തിന്റെ വിഭജനം

തുടർന്ന്, പെന്റഗണിലെ ഭരണാധികാരികളുടെ നിർദ്ദേശപ്രകാരം, തങ്ങളുടെ രാജ്യത്തിന്റെ ഭരണരീതി തീരുമാനിക്കാനുള്ള പ്രാദേശിക ജനതയുടെ അനിഷേധ്യമായ അവകാശത്തെ അട്ടിമറിച്ച്, 2011ൽ സുഡാനെ വടക്കൻ സുഡാനെന്നും തെക്കൻ സുഡാനെന്നും വിഭജിച്ചു. പടിഞ്ഞാറൻ സുഡാനിലെ ദാർഫൂറിൽ സംഭവിച്ചതുപോലെ, വിഘടന ശ്രമങ്ങളെ പിന്തുണയ്ക്കുന്നത് ഉൾപ്പെടെയുള്ള യുഎസ് തന്ത്രങ്ങൾ രാജ്യത്തെ വിഭജിക്കുന്നതിന് കാരണമായി. രാജ്യം വിഭജിക്കപ്പെട്ടിട്ടും, ജനങ്ങൾക്കിടയിലെ ഭിന്നിപ്പ് വർദ്ധിക്കുകയും, യുഎസ് സാമ്രാജ്യത്വവാദികൾക്കും അവരുടെ സഖ്യകക്ഷികൾക്കും സന്തോഷം നൽകിക്കൊണ്ട് സഹോദര ജനങ്ങളുടെ രക്തച്ചൊരിച്ചിൽ തടസ്സമില്ലാതെ തുടരുകയും ചെയ്തു.

വിഭജനത്തിനുശേഷം ബാഷിർ വടക്കൻ സുഡാൻ ഭരിച്ചു. യുഎസ് സൈനിക ഇടപെടൽ തടയാൻ, ചെങ്കടലിലെ പോർട്ട് സുഡാനിൽ ഒരു നാവിക താവളം നിർമ്മിക്കാൻ റഷ്യയെ അനുവദിച്ചുകൊണ്ട് ബാഷിർ 2019ൽ ഒരു കരാറിൽ ഒപ്പുവച്ചു. ഇത് യുഎസ് സാമ്രാജ്യത്വ ഭരണാധികാരികളുടെ കടുത്ത അനിഷ്ടത്തിന് കാരണമായി.

യുഎസ് സൈനിക ദൂതന്മാർ എസ്എഎഫിലെ(സുഡാൻ സായുധ സേന) ചില ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തുകയും, അതിനു തൊട്ടുപിന്നാലെ, ജനറൽ ബുർഹാൻ നയിക്കുന്ന എസ്എഎഫും, ഹെമദ്തി നയിക്കുന്ന റാപ്പിഡ് സപ്പോർട്ട് ഫോഴ്സസുമായി(ആർഎസ്എഫ്) ചേർന്ന് 2019 ഏപ്രിൽ 11ന് പ്രസിഡന്റ് ഒമർ അൽ ബാഷിറിനെ പുറത്താക്കാൻ സംയുക്തമായി ഒരു സൈനിക അട്ടിമറി സംഘടിപ്പിക്കുകയും ചെയ്തു. ബാഷിറിനെ പുറത്താക്കിയ ശേഷം സുഡാനിൽ വീണ്ടും സൈനിക ഭരണം ഏർപ്പെടുത്തി. യുഎസ് സാമ്രാജ്യത്വവാദികളുടെ പിന്തുണയോടെയുള്ള സുഡാനിലെ ഇടക്കാല സൈനിക കൗൺസിൽ അധികാരം പിടിച്ചെടുക്കുകയും, വാഗ്ദാനം ചെയ്ത പൗരഭരണം ആവശ്യപ്പെട്ട് ഖാർത്തൂമിൽ പ്രതിഷേധിച്ചിരുന്ന സമാധാനപരമായ ജനാധിപത്യ അനുകൂല പ്രക്ഷോഭകർക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മുസ്ലീം–അറബ് സ്വാധീനമുള്ള ഖാർത്തൂം ആസ്ഥാനമായുള്ള വടക്കൻ സുഡാനുമായി വേർപിരിയാനുള്ള ആഫ്രിക്കൻ ക്രിസ്ത്യൻ സ്വാധീനമുള്ള തെക്കൻ സുഡാനിലെ രാഷ്ട്രീയ ശക്തികളുടെ ആവശ്യത്തെ യുഎസ് പിന്തുണച്ചു. അതേ സമയം, എല്ലാത്തരം വംശീയ–വർഗ്ഗീയ ഭ്രാന്തും, ക്രിസ്ത്യൻ, ഇസ്ലാ

(ശേഷം 7–ാം പേജിൽ)

# സുഡാനിലെ സാമൂഹ്യ അസ്ഥിരത അമേരിക്കൻ-ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തികളുടെ സൃഷ്ടി

*(6-ാം പേജിൽ നിന്ന്)*

മിക മൗലികവാദവും ആളിക്കത്തിക്കുന്നത് അവർ തുടർന്നു. തങ്ങളുടെ വിശാലമായ സാമ്പത്തികസ്വാധീനം,ആഗോളസൈനിക ശക്തി, ഇന്റലിജൻസ് ഏജൻസികൾ, ബൂർഷ്വാ മാധ്യമങ്ങൾ, കൂടാതെ സർക്കാർ ഇതര സ്ഥാപനങ്ങളുടെയും(NGOs) മറ്റ് മികച്ച സാമ്പത്തിക പിന്തുണയുള്ള സംഘടനകളുടെയും വലയം എന്നിവ ഉപയോഗിച്ച്, കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാനും, നേരായി ചിന്തിക്കുന്ന സുഡാനീസ് ജനതയുടെ എല്ലാ സാമ്രാജ്യത്വവിരുദ്ധ, ഭരണകൂടവിരുദ്ധ പ്രക്ഷോഭങ്ങളെയും തടയാനും അവർ ശ്രമിച്ചു.

വിഭജനത്തിനുശേഷം, വടക്കൻ സുഡാനിൽ യുഎസിന്റെ പിന്തുണയുള്ള അബ്ദുല്ല ഹംദോക് പ്രധാനമന്ത്രിയായി. അതേസമയം, തെക്കൻ സുഡാൻ സാൽവാ കീർ മയാർദിത്ത് തലവനായുള്ള ഫെഡറൽ പ്രസിഡൻഷ്യൽ റിപ്പബ്ലിക് ആയി മാറി, ജൂബ തലസ്ഥാനവുമായി.

## സുഡാനിൽ യുഎസ് ആഗ്രഹിച്ചത് അവർക്കു വഴങ്ങുന്ന ഒരു ഭരണകൂടത്തെയാണ്

മറ്റ് പല രാജ്യങ്ങളെയും പോലെ, പെന്റഗൺ ഭരണാധികാരികൾ സുഡാനിലും ജനാധിപത്യമെന്ന വ്യാജേന അവർക്ക് വഴങ്ങുന്ന ഒരു ഭരണകൂടം സ്ഥാപിക്കാൻ ശ്രമിക്കുകയാണെന്ന് വ്യക്തമായിരുന്നു. ധാരാളം പ്രകൃതിവിഭവങ്ങൾക്കുപുറമെ, സുഡാന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനവും യുഎസ് സാമ്രാജ്യത്വവാദികൾക്ക് തന്ത്രപ്രധാനമായിരുന്നു. ചെങ്കടലിലൂടെയുള്ള 500 മൈൽ തീരദേശത്ത് സുഡാനുള്ള പ്രവേശനം, ആഗോള കടൽ വ്യാപാരത്തിന്റെ ഏകദേശം 12% വരുന്നതിനാൽ, ബൃഹത്തായ മിഡിൽ ഈസ്റ്റിലും ആഗോള വ്യാപാരത്തിലും യുഎസ് സാമ്രാജ്യത്വത്തിന് ഉടനടി സാമ്പത്തികവും രാഷ്ട്രീയപരവും സൈനികപരവുമായ സ്വാധീനം നേടിക്കൊടുക്കാൻ അത് സാഹചര്യമുണ്ടാക്കും.

യുഎസ് സാമ്രാജ്യത്വവാദികളും അവരുടെ സഖ്യകക്ഷികളും ഒരു വിഭാഗത്തെ മറ്റൊന്നിനെതിരെ തിരിച്ചുവിട്ട് വംശീയ അതിക്രമങ്ങൾ സജീവമാക്കി നിർത്തുകയാണ്. വടക്കൻ സുഡാനെ ആകർഷിക്കാൻ, യുഎസ്, സുഡാന്റെ തകർന്ന സമ്പദ്‌വ്യവസ്ഥയിൽ അന്താരാഷ്ട്ര നാണയ നിധിയുടെ (IMF) വിനാശകരമായ ഇടപെടൽ പുനഃസ്ഥാപിക്കുന്നതിനെ പിന്തുണച്ചു. ജൂണിൽ ഇന്ധനത്തിനും ഭക്ഷണത്തിനുമുള്ള സബ്‌സിഡികൾ നിർത്തലാക്കണമെന്ന് ഐഎംഎഫ് സുഡാനോട് ആവശ്യപ്പെട്ടു, ഇത് പെട്രോളിന്റെയും ഡീസലിന്റെയും വില ഒറ്റരാത്രികൊണ്ട് ഇരട്ടിയാക്കുകയും, ഭക്ഷണത്തിന്റെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധിപ്പിക്കുകയും, പണപ്പെരുപ്പം കുതിച്ചുയരാൻ കാരണമാവുകയും ചെയ്തു. ഈ വംശീയ അതിക്രമങ്ങളുടെയും സാമ്പത്തിക തകർച്ചയുടെയും ഭാരം പേറുന്നത് സാധാരണക്കാരായ, നിരപരാധികളായ സുഡാനീസ് പൗരന്മാരാണ്.

## നിലവിലെ സാഹചര്യം

SAFഉം RSFഉം തമ്മിലുള്ള നിലവിലെ യുദ്ധം 2023 ഏപ്രിൽ 15ന് പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ആരംഭം മുതൽ, സുഡാൻ യുദ്ധം ലോകത്തിലെ ഏറ്റവും വിനാശകരമായ സംഘർഷങ്ങളിൽ ഒന്നായി മാറി. പടിഞ്ഞാറൻ സുഡാനീസ് മേഖലയായ ദാർഫൂറിൽ വംശഹത്യ നടക്കുന്നതായും റിപ്പോർട്ടുകളുണ്ട്.

സംഘർഷം യുദ്ധക്കുറ്റങ്ങളാൽ നിറഞ്ഞിരിക്കുന്നു. SAF-ഉം RSF-ഉം കൂട്ടക്കൊലകൾ നടത്തുകയും, കുട്ടികളെ സൈനികരാക്കുകയും, സാധാരണക്കാരെയും തടവുകാരെയും പീഡിപ്പിക്കുകയും, മാധ്യമപ്രവർത്തകരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.



ജീവൻ അപകടപ്പെടുത്തുന്നവിധത്തിൽ ക്ഷാമം പെരുകിയിരിക്കുന്നു. സാധാരണക്കാർ പതിവായി ആക്രമണങ്ങൾക്കും മനുഷ്യാവകാശ ലംഘനങ്ങൾക്കും വിധേയരാവുകയാണ്. രാജ്യത്തിന്റെ ആരോഗ്യ പരിപാലന സംവിധാനം തകർന്നു. മാനുഷിക സഹായ പ്രവർത്തകർക്ക് നേരെയുള്ള ആക്രമണങ്ങൾ കാരണം ലോകത്തിലെ ഏറ്റവും ദുർബലരും അശരണരുമായ ഒരു ജനവിഭാഗത്തിന് സഹായം അപ്രാപ്യമായിത്തീർന്നിരിക്കുന്നു.

വൻതോതിൽ ആളുകൾ ഇവിടെനിന്ന് പലായനം ചെയ്യപ്പെടുകയും അവിടെ കുടുങ്ങുകയും ചെയ്യുന്ന രീതിയിൽ, സുഡാൻ ലോകത്തിൽ ഇന്നേവരെ രേഖപ്പെടുത്തിയതിൽ വെച്ച് ഏറ്റവും വലുതും വേഗതയേറിയതുമായ പലായന പ്രതിസന്ധിയെയാണ് അഭിമുഖീകരിക്കുന്നത്. ദാർഫൂറിൽ ആവശ്യങ്ങൾ രൂക്ഷമാണ്: രാജ്യത്തെ ഏറ്റവും വലിയ നഗരമായ എൽ ഫാഷറിൽ നിന്ന് ആയിരക്കണക്കിന് കുടുംബങ്ങൾ പലായനം ചെയ്യുന്നു, അയൽപ്രദേശമായ തവിലയിൽ സുരക്ഷയും മാനുഷിക സേവനങ്ങളും തേടുന്ന പലായനം ചെയ്യപ്പെട്ട 4,00,000ത്തോളം ആളുകളോടൊപ്പം ചേരുന്നതിനുവേണ്ടി. “ഈ ചെറിയ കുട്ടികൾ തനിച്ചെത്തുന്ന കാഴ്ച-ബാക്കിയുള്ള അവരുടെകുടുംബാംഗങ്ങളുടെസ്ഥാനമോവിധിയോ അറിയാതെയാണ്-അത് വേദനാജനകമാണ്,” ‘ഇന്റർനാഷണൽ റെസ്ക്യൂ കമ്മിറ്റി’ (IRC) പറയുന്നു. “അങ്ങേയറ്റം അസ്വസ്ഥജനകമായ റിപ്പോർട്ടുകളും ഉപഗ്രഹ ചിത്രങ്ങളും സ്ഥിരീകരിക്കുന്നത് ആളുകൾക്ക് അൽ ഫാഷറിൽ നിന്ന് തവില പോലുള്ള സുരക്ഷിത സ്ഥലങ്ങളിലേക്ക് പലായനം ചെയ്യാൻ കഴിയുന്നില്ല എന്നാണ്. അതിനർത്ഥം അവർ കുടുങ്ങിക്കിടക്കുകയോ, തടങ്കലിൽ ആക്കപ്പെടുകയോ അല്ലെങ്കിൽ തീരെ മോശമായ അവസ്ഥയിലോ ആണ്,” അവർ കൂട്ടിച്ചേർത്തു.

സുഡാനിലെ 70%ത്തിലധികം ആശുപത്രികൾ നശിപ്പിക്കപ്പെട്ടു. ഒരുവശത്ത് രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് വർധിക്കുമ്പോൾ ദശലക്ഷക്കണക്കിന് ആളുകൾക്ക് അത്യാവശ്യ വൈദ്യ പരിചരണം ലഭ്യമല്ലാതാക്കി. ആരോഗ്യ പരിരക്ഷ പരിമിതമായതോടെ, സുഡാനിലുടനീളം കോളറ പടർന്നു, 1,20,000ത്തിലധികം സ്ഥിരീകരിച്ച കേസുകളും 3,000ത്തിലധികം മരണങ്ങളും ഉണ്ടായി. 2023 ഏപ്രിലിൽ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുൻപ് പോലും, 1.58 കോടി ആളുകൾക്ക് സഹായം ആവശ്യമുള്ള ഒരു കടുത്ത മാനുഷിക പ്രതിസന്ധി സുഡാൻ അഭിമുഖീകരിക്കുകയായിരുന്നു. രണ്ടുവർഷത്തിലേറെ നീണ്ട ആഭ്യന്തര യുദ്ധം സുഡാനെ തകർത്തു, 1.2 കോടിയിലധികം ആളുകളെ പലായനം ചെയ്യിക്കുകയും 3.04 കോടി ആളുകളെ—സുഡാനിലെ ജനസംഖ്യയുടെ പകുതിയിലധികം പേരെ—മറ്റ് മനുഷ്യരുടെ പിന്തുണ ആവശ്യമുള്ളവരാക്കിത്തീർക്കുകയും ചെയ്തു.

ചാഡ്, ദക്ഷിണ സുഡാൻ തുടങ്ങിയ അയൽരാജ്യങ്ങൾ സംഘർഷത്തിൽനിന്ന് പലായനം ചെയ്യുന്ന സുഡാനീസ് അഭയാർത്ഥികൾക്ക് താമസസൗകര്യം നൽകിയിട്ടുണ്ടെങ്കിലും, അന്താരാഷ്ട്ര പിന്തുണയില്ലാതെ, അതിർത്തി കടന്നെത്തുന്നവരുടെ അടിയന്തര മാനുഷിക ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ അവർക്കില്ല. അതേസമയം, പ്രസിഡന്റ് ട്രംപിന്റെ കീഴിലുള്ള യുഎസ് നടത്തുന്ന സഹായ വെട്ടിക്കുറക്കലുകൾ പ്രതിസന്ധി രൂക്ഷമാക്കി, ഇത് അഭയാർത്ഥികൾക്ക്, പ്രത്യേകിച്ചും ദക്ഷിണ സുഡാനിൽ നൽകിവന്ന, ചില അത്യാവശ്യ സേവനങ്ങൾ കുറയ്ക്കാൻ സംഘടനകളെ നിർബന്ധിതമാക്കി.

## ആരാണ് പോരാടുന്ന സംഘങ്ങളെ ആയുധമണിയിക്കുന്നത്?

സുഡാനെപ്പോലെ പതിറ്റാണ്ടുകളായി കലഹങ്ങൾ നിറഞ്ഞതും, പട്ടിണി ബാധിച്ചതുമായ ഒരു രാജ്യത്തിന് വംശീയ സംഘർഷം നിലനിർത്താൻ ആവശ്യമായ ആയുധങ്ങൾ നിർമ്മിക്കാൻ കഴിയില്ല എന്നത് പറയേണ്ടതില്ലല്ലോ. അങ്ങനെയെങ്കിൽ, ആരാണ് അവർക്ക് ആയുധം നൽകുന്നത്?

റിപ്പോർട്ടുകൾ പ്രകാരം, സുഡാൻ സായുധ സേനയ്ക്ക് (SAF) ഇറാൻ, ഈജിപ്ത്, തുർക്കി തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ആയുധങ്ങൾ ലഭിക്കുന്നുണ്ട്. മറുവശത്ത്, യുകെയിൽ നിന്ന് നിരവധി ആയുധങ്ങൾ വാങ്ങിക്കൂട്ടുന്ന യുണൈറ്റഡ് അറബ് എമിറേറ്റ്സ് (UAE) ആണ് ദ്രുത പിന്തുണ സേനയ്ക്ക് (RSF) ആയുധം നൽകുന്നതായി പറയപ്പെടുന്നത്. യു.കെ. നിർമ്മിത സൈനിക ഉപകരണങ്ങൾ സുഡാനിൽ കണ്ടെത്തിയതായും റിപ്പോർട്ടുണ്ട്. യുഎഇയുമായി RSFന് ദീർഘകാലമായി സൈനിക ബന്ധങ്ങളുണ്ട്. ദാർഫുറിലെ സ്വർണ്ണ ഖനികളിൽ എമിറേറ്റ്സിന് താൽപ്പര്യങ്ങളുമുണ്ട്.

എമിറേറ്റ്സ് സർക്കാർ ഔദ്യോഗികമായി നിഷേധിച്ചിട്ടുണ്ടെങ്കിലും, ചാഡ്, ദക്ഷിണ സുഡാൻ വഴി ഡ്രോണുകൾ, ആയുധങ്ങൾ, വൈദ്യസഹായം എന്നിവ നൽകി യുഎഇ RSFന്റെ സൈനിക ശേഷി ഗണ്യമായി വർദ്ധിപ്പിച്ചു. യുഎഇ RSFന് നൽകിയ പല ബോംബുകളും ഹോവിറ്റ്സറുകളും ചൈനയിൽ നിർമ്മിച്ചവയാണ് എന്ന് ആംനസ്റ്റി ഇന്റർനാഷണൽ സ്ഥിരീകരിച്ചു. ഈ ആരോപണങ്ങളെ തുടർന്ന് യുഎഇ-യിലേക്കുള്ള യുഎസ് ആയുധ വിൽപ്പന തടയാൻ നിരവധി യുഎസ് സെനറ്റർമാർ ആവർത്തിച്ച് ശ്രമിച്ചു എന്നതും ശ്രദ്ധേയമാണ്.

## സാമ്രാജ്യത്വ ശക്തികൾ യുദ്ധം സൃഷ്ടിക്കുകയും മനുഷ്യത്വം ചവുട്ടിമെതിക്കുകയും ചെയ്യുന്നു

ഓരോ സാമ്രാജ്യത്വ ശക്തിക്കും അതിന്റെ സഖ്യകക്ഷികൾക്കും അവരുടേതായ ലക്ഷ്യങ്ങളുണ്ട്. സാമ്പത്തിക-രാഷ്ട്രീയ താൽപ്പര്യങ്ങൾ നിറവേറ്റാനായാണ് അവർ അവിടെ ഇടപെടുന്നത്. സുഡാനെ നിയന്ത്രിക്കുക എന്നാൽ സബ്-സഹാറൻ പ്രദേശത്തു മുഴുവൻ സ്വാധീനം ചെലുത്തുക എന്നാണ് അർത്ഥമാക്കുന്നത്. അതിനാൽ, സുഡാൻ ഒരു പരോക്ഷ യുദ്ധഭൂമിയായി മാറിയിരിക്കുന്നു, ഇത് വിവിധ സാമ്രാജ്യത്വ ശക്തികളുടെ താൽപ്പര്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഗുരുതരമായ, പരിഹരിക്കാനാവാത്ത കമ്പോള പ്രതിസന്ധിയിൽ അകപ്പെട്ട ഈ ശക്തികൾക്ക് സമ്പദ്‌വ്യവസ്ഥയെ സൈനികവൽക്കരിക്കുക, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികവും ഭാഗികവും പൂർണ്ണവുമായ യുദ്ധങ്ങൾക്ക് തിരികൊളുത്തി ആയുധ ശേഖരങ്ങൾ വിറ്റഴിക്കുക, ഉപരോധങ്ങൾ, ഗൺബോട്ട് നയതന്ത്രം, താരതമ്യേന ദുർബലമായ രാജ്യങ്ങളെ ഭീഷണിപ്പെടുത്തി കീഴ്പ്പെടുത്തൽ തുടങ്ങിയ രൂപങ്ങളിൽ സാമ്പത്തിക-രാഷ്ട്രീയ സമ്മർദ്ദം ചെലുത്തി മറ്റുള്ളവരുടെ വിഭവങ്ങൾ കൊള്ളയടിക്കുക എന്നിവയല്ലാതെ മറ്റ് വഴികളില്ല. വർഷങ്ങളായുള്ള ഭീകരമായ അക്രമങ്ങൾ സുഡാനെ ദുർബലപ്പെടുത്തുകയും, അതിന്റെ നിലനിൽപ്പിനെത്തന്നെ അപകടപ്പെടുത്തുകയും, അവിടുത്തെ ജനസംഖ്യയെ കൂടുതൽ ദുർബലവും ദുരിതപൂർണ്ണവുമായ അവസ്ഥയിലേക്ക് തള്ളിവിടുകയും ചെയ്തിരിക്കുന്നു.

സുഡാനിലെ സാഹചര്യം എത്ര ഗുരുതരമാണെങ്കിലും, അവരുടെ സ്വന്തം വിധി തീരുമാനിക്കേണ്ടത് സുഡാനിലെ ജനങ്ങളാണ് എന്ന കാര്യത്തിൽ രണ്ടാമതൊരു അഭിപ്രായമില്ല. അവരാണ് അവരുടെ രാജ്യത്തിന്റെ ഏക അവകാശികൾ. അവരുടെ മാതൃരാജ്യത്തിന്റെ വിധി തീരുമാനിക്കാൻ അവർക്ക് മാത്രമേ അവകാശമുള്ളൂ. സാമ്രാജ്യത്വ ഇടപെടലുകൾക്കും, പ്രത്യേകിച്ച് യുഎസ്, യുകെ സാമ്രാജ്യത്വവാദികളുടെ രാഷ്ട്രീയ ഭീഷണിക്കും എതിരെ പ്രതിഷേധിക്കുകയും, തങ്ങളുടെ മാതൃരാജ്യത്തിന്റെ അഭിമാനവും അന്തസ്സും സംരക്ഷിക്കാൻ ദൃഢനിശ്ചയം ചെയ്ത സമാധാനകാംക്ഷികളായ സുഡാനിലെ ജനങ്ങളോടൊപ്പം നിലകൊള്ളുകയും ചെയ്യേണ്ടത്, ജനാധിപത്യ ചിന്താഗതി പേറുന്ന എല്ലാ സാമ്രാജ്യത്വ വിരുദ്ധ പക്ഷങ്ങളുടെയും ശക്തികളുടെയും സംഘടനകളുടെയും കടമയാണ്.

യുദ്ധത്തിന്റെയും മുതലാളിത്ത-സാമ്രാജ്യത്വ ചൂഷണത്തിന്റെയും വിപത്തിൽനിന്ന് അന്തിമമായി മോചനം നേടുന്നതിനായുള്ള വിപ്ലവ പാതയിലൂടെ ഒരു തീവ്രമായ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം അനിവാര്യമാണ്. അതിന് ശരിയായ വിപ്ലവ നേതൃത്വംകൂടിയേ തീരൂ. അതിലൂടെ മാത്രമേ തങ്ങളുടെ നീണ്ടുനിൽക്കുന്ന ദുരിതത്തിന് ആശ്വാസം കണ്ടെത്താൻ കഴിയൂ എന്ന സത്യം സുഡാനിലെ ജനങ്ങൾ മനസ്സിലാക്കണം. ആ പോരാട്ടത്തിന് ഐക്യദാർഢ്യവും പിന്തുണയും നൽകാൻ ലോകത്തെ പൊരുതുന്ന തൊഴിലാളിവർഗ്ഗം ബാധ്യസ്ഥമാണ്. ■

# 2024 പാർലമെന്റ് തിരഞ്ഞെടുപ്പ്

# വോട്ടിംഗ് മെഷീന്റെ സോഫ്റ്റ്‌വെയർ തിരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതെങ്ങനെ ?

**2024**ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ, രഹസ്യ സോഫ്റ്റ്‌വെയർ ഇടപെടലുകൾ വഴി ഡിജിറ്റൽ കൃത്രിമം നടത്താൻ ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ സൗകര്യമൊരുക്കി എന്ന് ഞെട്ടിക്കുന്ന ഒരു പൗരസമൂഹ റിപ്പോർട്ട് കുറ്റപ്പെടുത്തി. ഈ ആരോപിക്കപ്പെടുന്ന കൃത്രിമത്തിലൂടെ 79 മണ്ഡലങ്ങളിലെ മത്സരത്തെ ഒരു 'കോഡ് അട്ടിമറി'യാക്കി മാറ്റി. സാങ്കേതികവിദ്യ, ഉദ്യോഗസ്ഥമേധാവിത്വം, ഫാസിസ്റ്റ് സ്വേച്ഛാധിപത്യ രാഷ്ട്രീയം എന്നിവ, ഇന്ന് ബിജെപി സർക്കാർ ഏറ്റവും വിനീതസേവകനായി നടപ്പിലാക്കുന്ന മുതലാളിത്ത ഭരണത്തിൽ എങ്ങനെ ലയിച്ചുചേർന്നിരിക്കുന്നു എന്ന് ഇത് തുറന്നുകാട്ടുന്നു.

## സംഖ്യകൾ മാറിമറിഞ്ഞ രാത്രി

2024 ജൂണിൽ, 18–ാമത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അന്തിമ കണക്കുകൾ ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിട്ടു. ഭരണകക്ഷിയായ ബിജെപി തങ്ങളുടെ സഖ്യകക്ഷികളോടൊപ്പം കഷ്ടിച്ച് ഭൂരിപക്ഷം നേടി. എന്നാൽ, ഒഡീഷ മുതൽ മഹാരാഷ്ട്ര വരെയുള്ള വോട്ടെണ്ണൽ മുറികളിൽ, പ്രതിപക്ഷ ഏജന്റുമാർ അസാധാരണമായ ഒരു കാര്യം ശ്രദ്ധിച്ചു: പോളിംഗ് ദിവസം പൂർത്തിയായിട്ടുള്ള താൽക്കാലിക പോളിംഗ് കണക്കുകൾക്കും പിന്നീട് പ്രഖ്യാപിച്ച "അന്തിമ" കണക്കുകൾക്കും ഇടയിൽ, ലക്ഷക്കണക്കിന് പുതിയ വോട്ടുകൾ എവിടെ നിന്നൊക്കെയോ പ്രത്യക്ഷപ്പെട്ടിരുന്നു.

നേരം പുലർന്നതോടെ, ചില വിരമിച്ച ഉന്നത ഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ധർ, അക്കാദമിക് വിദഗ്ധർ എന്നിവരടങ്ങിയ ഒരു സ്വതന്ത്ര ശൃംഖല—അവർ സ്വയം 'വോട്ട് ഫോർ ഡെമോക്രസി'(വിഎഫ്ഡി) പ്രവർത്തകരെന്ന പേരു സ്വീകരിച്ചു—തെളിവുകൾ ശേഖരിക്കാൻ തുടങ്ങി. അൽ ജസീറക്ക് ലഭിച്ച, 2024 ജൂലൈയിലെ അവരുടെ റിപ്പോർട്ട്, ഒരു ഡിജിറ്റൽ കുറ്റകൃത്യത്തിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പോലെ നമുക്ക് വായിക്കാനാകും. 79 പാർലമെന്റ് മണ്ഡലങ്ങളിൽ ഇലക്ട്രോണിക് വോട്ട് കൃത്രിമവുമായി പൊരുത്തപ്പെടുന്ന "വോട്ട് ഡമ്പിംഗും", സോഫ്റ്റ്‌വെയർ ക്രമക്കേടുകളും, ബാക്കെൻഡ് കൃത്രിമങ്ങളും ദൃശ്യമാകുന്നതായി റിപ്പോർട്ട് അവകാശപ്പെടുന്നു.

"ഈ തിരഞ്ഞെടുപ്പ് ഫലം തീരുമാനിച്ചത് ജനങ്ങളല്ല," അന്വേഷണത്തിന് ഏകോപനം നൽകിയ മുൻ ഐഎഎസ് ഉദ്യോഗസ്ഥനായ എം.ജി.ദേവസഹായം പറയുന്നു. "അത് അൽഗോരിതം ആയിരുന്നു."

## കൃത്രിമത്വത്തിന്റെ ക്രമം

15 സംസ്ഥാനങ്ങളിലായി, വിഎഫ്ഡിയുടെ വിശകലന വിദഗ്ധർ സമാനമായ വർദ്ധനവുകൾ കണ്ടെത്തി—പോളിംഗ് അവസാനിച്ചതിന് മണിക്കൂറുകൾക്ക് ശേഷമോ ദിവസങ്ങൾക്ക് ശേഷമോ 3 മുതൽ 12 ശതമാനം വരെയാണ് പോളിംഗ് ശതമാനത്തിലുണ്ടായ വർദ്ധനവ്. ഓരോ കേസിലും, ഈ കുതിച്ചുചാട്ടം ബിജെപിക്കോ അവരുടെ സഖ്യകക്ഷികൾക്കോ അനുകൂലമായി ഫലങ്ങൾ മാറ്റിമറിച്ചു. ഒഡീഷ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലാണ് ഈ അപാകതകൾ ഏറ്റവും ശക്തമായി കണ്ടത്—മൊത്തത്തിൽ ഇത് ദേശീയ ഫലം നിർണ്ണയിക്കാൻ മതിയായതായിരുന്നു.

ഒരു ഉദാഹരണം: മഹാരാഷ്ട്രയിലെ അകോള മണ്ഡലത്തിൽ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രാഥമിക റിപ്പോർട്ട് 58 ശതമാനം പോളിംഗ് രേഖപ്പെടുത്തി. രണ്ട് ദിവസത്തിന് ശേഷം അത് 66 ശതമാനമായി മാറി. 90,000 വരുന്ന അധിക വോട്ടുകൾ, ബിജെപി സ്ഥാനാർത്ഥിക്ക് നേരിയ ഭൂരിപക്ഷത്തിലുള്ള വിജയം നേടിക്കൊടുത്തു. ബാലൂർഘട്ട് (പശ്ചിമ ബംഗാൾ), ഫത്തേപൂർ സിക്രി (യുപി), പുരി (ഒഡീഷ) എന്നിവിടങ്ങളിലും സമാനമായ "വോട്ട് ഡമ്പുകൾ" പ്രത്യക്ഷപ്പെട്ടു, ഇത്, ക്രമരഹിതമായ പിശകിനേക്കാൾ ഒരു ഏകോപിത ഡിജിറ്റൽ ഓപ്പറേഷനാണ് നടന്നതെന്ന് സൂചിപ്പിക്കുന്നു.

## സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള കൃത്രിമം

ഇന്ത്യയുടെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ (ഇവിഎം) കൃത്രിമം നടത്താൻ കഴിയാത്തവയാണെന്നാണ് അവകാശവാദം. എന്നാൽ ഓരോ യന്ത്രത്തിലും വോട്ടുകൾ "ബേൺഡ് മെമ്മറിയിൽ" (burnt memory) സംഭരിക്കുന്ന ഒരു മൈക്രോകൺട്രോളർ ചിപ്പ് ഉണ്ട്. 2024 ഏപ്രിലിൽ സുപ്രീംകോടതി ഈ ചിപ്പുകളുടെ 5 ശതമാനം ക്രമരഹിതമായി പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തിരഞ്ഞെടുപ്പ് കമ്മീഷൻ ഇത് നിശബ്ദമായി അവഗണിച്ചു.

പകരം, ജില്ലകളിലെ കൺട്രോൾ യൂണിറ്റുകളിൽനിന്ന് കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (എൻഐസി) പ്രവർത്തിപ്പിക്കുന്ന കേന്ദ്ര ടാബുലേഷൻ സോഫ്റ്റ്‌വെയറിലേക്ക് വോട്ടുകളുടെ ആകെത്തുക കൈമാറ്റം ചെയ്യപ്പെടുന്നതിനിടയിൽ ഫേംവെയർ കൃത്രിമവും (firmware manipulation) ബാക്കെൻഡ് ഡാറ്റാ ഫീഡിൽ ഇടപെടലും സംഭവിച്ചു എന്നാണ് വിഎഫ്ഡി വിദഗ്ധർ ആരോപിക്കുന്നത്.

ഈ തെളിവുകൾ സെർവർ തലത്തിലുള്ള കൃത്രിമത്തിലേക്ക് വിരൽചൂണ്ടുന്നു: വോട്ട് ഫയലുകൾ തിരുത്തിയെഴുതപ്പെട്ടു, പോളിംഗ് വിവരങ്ങൾ പെരുപ്പിച്ചു കാണിക്കപ്പെട്ടു, ഓരോ ബൂത്തിലും രേഖപ്പെടുത്തിയ വോട്ടുകളുടെ നിയമാനുസൃത രേഖയായ ഫോം 17സി നിഷേധിച്ചതിലൂടെ പൊരുത്തക്കേടുകൾ മറച്ചുവെക്കപ്പെട്ടു. സംസ്ഥാനങ്ങളിലുടനീളമുള്ള പ്രതിപക്ഷ സ്ഥാനാർത്ഥികൾക്ക് ഈ നിർണ്ണായക രേഖയുടെ പകർപ്പുകൾ നിഷേധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇത് സ്വതന്ത്രമായ പരിശോധന അസാധ്യമാക്കി.

"17സി ഡാറ്റ ഇല്ലാതെ, വോട്ടെണ്ണൽ ഒരു ഇരുളടഞ്ഞ ദുരൂഹതയായി മാറുന്നു."–വിഎഫ്ഡി റിപ്പോർട്ടിന്റെ സഹരചയിതാക്കളിൽ ഒരാളായ ഡോ.പ്യാരേലാൽ ഗാർഗ് പറയുന്നു. "കൃത്രിമം ഒളിഞ്ഞിരിക്കുന്നത് യന്ത്രത്തിലല്ല, മറിച്ച് യന്ത്രത്തിനും കമ്മീഷനും ഇടയിലുള്ള സോഫ്റ്റ്‌വെയറിലാണ്."

## തിരഞ്ഞെടുപ്പ് കമ്മീഷന്റെ പങ്കാളിത്തം

ഈ സംഭവം കേവലം ഭരണപരമായ വീഴ്ചയിൽനിന്ന് ഒരു അഴിമതിയുടെ തലത്തിലേക്ക് ഉയരുന്നത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംശയമുണർത്തുന്ന പങ്കോടെയാണ്. തിരഞ്ഞെടുപ്പ് കമ്മീഷൻ "സജീവ ഒത്തുകളിയും മറച്ചുവെക്കലും" നടത്തിയതായി വിഎഫ്ഡി റിപ്പോർട്ട് ആരോപിക്കുന്നു. അതിൽ ചൂണ്ടിക്കാണിക്കുന്നത്:

1. ദശാബ്ദങ്ങളുടെ കീഴ്‌വഴക്കം ലംഘിച്ച്, കൃത്യസമയത്ത് പോളിംഗ് വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ പരാജയപ്പെട്ടു.
2. കോടതി ഉത്തരവുകൾ ഉണ്ടായിട്ടും ഇവിഎം മൈക്രോകൺട്രോളറുകൾ ഓഡിറ്റ് ചെയ്യാൻ വിസമ്മതിച്ചു.
3. സുതാര്യത നിഷേധിച്ചുകൊണ്ട് പ്രതിപക്ഷ പാർട്ടികൾക്ക് ഫോം 17സി പകർപ്പുകൾ നൽകുന്നത് തടഞ്ഞുവെച്ചു.
4. തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച "സാങ്കേതിക തിരുത്തലുകൾ" എന്ന പേരിൽ പല വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പിന് ശേഷമുള്ള ഡാറ്റ തിരുത്തി.

മാധ്യമപ്രവർത്തകർ ബന്ധപ്പെട്ടപ്പോൾ, "എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചു" എന്ന ഒരു ലളിത മറുപടിയാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയത്. എന്നാൽ ഈ നിശ്ശബ്ദത സംശയം വർദ്ധിപ്പിച്ചതേയുള്ളൂ. മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ എസ്.വൈ.ഖുറേഷി പോലും, ഒരു സ്വതന്ത്ര ഫോറൻസിക് ഓഡിറ്റിനായി ആഹ്വാനം ചെയ്തു. "ഇന്ത്യയുടെ ജനാധിപത്യത്തിലുള്ള പൊതുവിശ്വാസം ഇതിന് മുമ്പൊരിക്കലും ഇത്രയും താഴ്ന്നിട്ടില്ല" എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

## വാട്ടർഗേറ്റ് 2.0 – ഇന്ത്യയുടെ ഡിജിറ്റൽ അഴിമതി

1972ൽ നടന്ന വാട്ടർഗേറ്റ് അഴിമതി ഓർമ്മിക്കുന്നത് ഉചിതമാണ്. 1972ൽ വാഷിംഗ്ടൺ ഡി.സി.യിലെ വാട്ടർഗേറ്റ് ഓഫീസ്-അപ്പാർട്ട്മെന്റ്-ഹോട്ടൽ കോംപ്ലക്സിലുള്ള ഡെമോക്രാറ്റിക് നാഷണൽ കമ്മിറ്റി (ഡിഎൻസി) ആസ്ഥാനത്ത് അഞ്ച് കള്ളന്മാരെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് വെളിപ്പെട്ടതാണിത്. റിപ്പബ്ലിക്കൻ പാർട്ടിക്കാരനായ അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സന്റെ ഭരണകൂടവുമായി ബന്ധപ്പെട്ട രാഷ്ട്രീയ അഴിമതിയായിരുന്നു അത്. 1972ൽ നിക്സന്റെ ആളുകൾ രേഖകൾ മോഷ്ടിക്കുന്നതിനായി ഡെമോക്രാറ്റിക് ഓഫീസുകളിൽ അതിക്രമിച്ച് കടന്നു. ഒടുവിൽ, അഴിമതി മറച്ചുവെച്ചതിലെ പങ്ക് കാരണം ഇംപീച്ച്മെന്റിന് സാധ്യത നേരിട്ടതോടെ, 1974 ഓഗസ്റ്റ് 9ന് നിക്സൺ രാജി വെച്ചു. അങ്ങനെ രാജിവെയ്ക്കുന്ന ഏക അമേരിക്കൻ പ്രസിഡന്റായി അദ്ദേഹം.

സാങ്കേതികവിദ്യ, രഹസ്യാത്മകത, അധികാരം എന്നിവ സംയോജിച്ച് ഉത്തരവാദിത്തബോധത്തെ അട്ടിമറിച്ച നിമിഷത്തിൽ, വാട്ടർഗേറ്റ് അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തിന് എന്തായിരുന്നോ, അത് ഇന്ത്യയുടെ തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന് സംഭവിക്കാം. നിക്സന്റെ ഏജന്റുമാർ എതിരാളികളായ ഡെമോക്രാറ്റിക് പാർട്ടിയുടെ ഓഫീസിൽനിന്ന് രേഖകൾ മോഷ്ടിച്ചതുപോലെ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ മൂകസാന്നിധ്യത്തിൽ, അല്ലെങ്കിൽ ഒരുപക്ഷേ അവർ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചക്കാരന്റെ പങ്ക് ഏറ്റെടുക്കുമ്പോൾ, ഇന്നത്തെ ഭരണകക്ഷിയുടെ പ്രവർത്തകർ ഡാറ്റാബേസുകളിലും സോഫ്റ്റ്‌വെയറുകളിലും നുഴഞ്ഞുകയറിയിരിക്കാം. ഉപകരണങ്ങൾ വ്യത്യാസപ്പെടുന്നു, എന്നാൽ കുറ്റവാളികൾക്ക് ശിക്ഷയില്ല എന്ന അടിസ്ഥാന നിയമം നിലനിൽക്കുന്നു. വാട്ടർഗേറ്റിനെപ്പോലെ, ഈ മറച്ചുവെക്കൽ കുറ്റകൃത്യത്തേക്കാൾ കൂടുതൽ വിനാശകരമാണെന്ന് തെളിഞ്ഞേക്കാം.

തിരഞ്ഞെടുപ്പ് കമ്മീഷൻ അവരുടെ സോഫ്റ്റ്‌വെയർ, ഓഡിറ്റിനായി തുറന്നുകൊടുക്കാൻ വിസമ്മതിക്കുന്നത് "അദൃശ്യമായ കൃത്രിമത്തിനായുള്ള ശാശ്വതമായ ഒരു രൂപകൽപ്പന" സൃഷ്ടിക്കുന്നു എന്ന് വിഎഫ്ഡി റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. ആധുനിക ബൂർഷ്വാ റിപ്പബ്ലിക്കുകളിൽ, വിരലടയാളങ്ങൾ അവശേഷിപ്പിക്കാത്ത അട്ടിമറിയാണ് ഏറ്റവും അപകടകരമായ അട്ടിമറി.

## സാങ്കേതികവിദ്യയും ഫാസിസ്റ്റ് സ്വേച്ഛാധിപത്യ ഭരണകൂടവും

ആഗോളവൽക്കരണത്തിന് ശേഷമുണ്ടായ ടെക്നോക്രസിയെ സ്വേച്ഛാധിപത്യ രാഷ്ട്രീയവുമായി ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടം എങ്ങനെ സമന്വയിപ്പിച്ചു എന്നതാണ് ഇതിന്റെ പിന്നിലെ ആഴത്തിലുള്ള കഥ. 2014 മുതൽ, പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ "ഡിജിറ്റൽ ഇന്ത്യ" എന്ന പദ്ധതിക്ക് പ്രാധാന്യം നൽകിക്കൊണ്ട് ബയോമെട്രിക് തിരിച്ചറിയൽ കാർഡുകൾ, ഡിജിറ്റൽ ക്ഷേമം, ഇലക്ട്രോണിക് ഭരണം എന്നിവ നടപ്പിലാക്കി. പക്ഷേ, ഇതേ അടിസ്ഥാന സൗകര്യങ്ങൾ പൗരരുടെ ഡാറ്റയുടെ മേലുള്ള നിയന്ത്രണത്തെ കേന്ദ്രീകരിക്കുന്നു. കൂടാതെ, വിമർശകർ വാദിക്കുന്നതുപോലെ, അതിലൂടെ, തിരഞ്ഞെടുപ്പുകളുടെ മേലുള്ള നിയന്ത്രണവും കേന്ദ്രീകരിക്കുന്നു.

എതിർപ്പ് കുറ്റകരമാക്കുകയും ഭരണാധികാരികളുടെ ഭാഗത്തുനിന്നുള്ള നിരീക്ഷണം സാധാരണമാക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ, കോഡ് പുതിയ അടിച്ചമർത്തലിനായി മാറുന്നു. ആധുനിക സാങ്കേതികവിദ്യയുടെ പ്രതീകമായി വിപണനം ചെയ്യപ്പെട്ട ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം (ഇവിഎം) ഒരു രാഷ്ട്രീയ ആയുധമായി പരിണമിച്ചു കഴിഞ്ഞു. വെളിപ്പെടുത്താത്ത, ഓഡിറ്റ് ചെയ്യാൻ കഴിയാത്ത, ഭരണകൂടത്തിന്റെ കത്തകയിലുള്ള ഒന്ന്. "ജനാധിപത്യം നിർത്തിവെച്ചിട്ടില്ല; അത് പ്രോഗ്രാം ചെയ്യപ്പെട്ടിരിക്കുന്നു," എന്ന് വിഎഫ്ഡി റിപ്പോർട്ട് പരിഹാസത്തോടെ ഉപസംഹരിക്കുന്നു.

## ബൂത്ത് പിടിച്ചെടുക്കലിൽനിന്നും കോഡ് പിടിച്ചെടുക്കലിലേക്ക്

ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കൃത്രിമത്തിന് ഒരു ചരിത്രമുണ്ട്. 1970കളിൽ, "ബൂത്ത് പിടിത്തം" എന്നാൽ സായുധ സംഘങ്ങൾ പോളിംഗ് സ്റ്റേഷനുകൾ പിടിച്ചെടുക്കുകയും ഏതെങ്കിലും ഒരു ബൂർഷ്വാ പാർട്ടിക്ക് അനുകൂലമായി ബാലറ്റ് പേപ്പറുകളിൽ കൂട്ടത്തോടെ മുദ്ര കുത്തുകയും ചെയ്യുക എന്നതായിരുന്നു. ഇന്ന്, അത് അൽഗോരിതം ഉപയോഗിച്ചുള്ള കൈയടക്കലാണ്—വടികളുള്ള മനുഷ്യർക്ക് പകരം കോഡിന്റെ

(ശേഷം 9–ാം പേജിൽ)

## സൈദ്ധാന്തിക പാഠം

# സൂക്ഷ്മവും തിരിച്ചറിയാൻ കഴിയാത്തതുമായ അളവിലുള്ള മാറ്റങ്ങളിൽനിന്ന് ഗുണപരമായ മാറ്റത്തിലേക്കുള്ള വികാസമാണ് ഏതൊരു വസ്തുവിന്റെയും പ്രതിഭാസത്തിന്റെയും മാറ്റത്തിന്റെ അടിസ്ഥാന തത്വങ്ങളിലൊന്ന്

പദാർത്ഥഭരിതമായ ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും പ്രതിഭാസത്തിലും വൈരുദ്ധ്യങ്ങൾ നിലനില്ക്കുന്നുവെന്നും ഈ വൈരുദ്ധ്യങ്ങൾ പരസ്പരം ഐക്യത്തോടെ നിലകൊള്ളുന്ന കാലത്തോളം വസ്തുക്കളും പ്രതിഭാസങ്ങളും അതതവസ്ഥയിൽ നിലകൊള്ളുമെന്നും വൈരുദ്ധ്യവാദം പറയുന്നു. ഇവ മറ്റൊരു വസ്തുവോ പ്രതിഭാസമോ ആകുന്നത്, ക്രമാനുഗതമായ മാറ്റങ്ങൾ ഒരു നിർണ്ണായക ബിന്ദുവിൽ വിപ്ലവകരമായ ഒന്നായി മാറുമ്പോഴാണ് എന്നും വൈരുദ്ധ്യവാദം സിദ്ധാന്തിക്കുന്നു.

ഹെഗലിയൻ വൈരുദ്ധ്യവാദത്തെ അതിന്റെ ഭൗതികാടിത്തറയിൽ നേരേനിർത്തി മാർക്സും ഏംഗൽസും അവതരിപ്പിച്ച വൈരുദ്ധ്യാത്മക ഭൗതികവാദത്തെ, ഏറ്റവും ലളിതമായി അവതരിപ്പിച്ച സൈദ്ധാന്തികനും ആചാര്യനുമായിരുന്ന സഖാവ് സ്റ്റാലിൻ. 'ലെനിനിസത്തിന്റെ പ്രശ്നങ്ങൾ' എന്ന കൃതിയിലെ 'വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം' എന്ന അദ്ധ്യായത്തിൽ നിന്നുള്ള ഏതാനും ഭാഗങ്ങൾ, അളവിലുള്ള മാറ്റം ഗുണപരമായ മാറ്റത്തിലേക്ക് എന്ന പരികല്പനയെ വിശദീകരിക്കുന്നു.

"അതിഭൗതികവാദത്തിനു നേർവിപരീതമായി വൈരുദ്ധ്യാത്മക ഭൗതികവാദം വികാസപ്രക്രിയയെ, അളവിലുള്ള മാറ്റങ്ങൾ ഗുണപരമായ മാറ്റത്തിലേക്കു നയിക്കാത്ത ലളിതമായ വളർച്ചയുടെ ഒരു പ്രക്രിയയായിട്ടല്ല മറിച്ച്, തുച്ഛവും തിരിച്ചറിയാൻ കഴിയാത്തതുമായ അളവിലുള്ള മാറ്റങ്ങളിൽനിന്ന്, തുറന്നതും അടിസ്ഥാനപരവുമായ, ഗുണപരമായ മാറ്റത്തിലേക്കുള്ള വികാസമായാണ്; ഒരു ഘട്ടത്തിൽനിന്ന് അടുത്തതിലേക്കുള്ള കുതിപ്പിന്റെ രൂപത്തിൽ, ക്രമാനുഗതമായല്ലാതെ വേഗത്തിലും പൊടുന്നനെയും നടക്കുന്ന വികാസമായാണ്; ആകസ്മികമായല്ലാതെ അളവിലുള്ള തിരിച്ചറിയാൻ കഴിയാത്തതും സാവധാനത്തിലുമുള്ള മാറ്റങ്ങളുടെ സ്വാഭാവികഫലമായാണ് കാണുന്നത്. അതിനാൽ വൈരുദ്ധ്യാത്മകരീതി വികാസത്തിന്റെ പ്രക്രിയയെ ഒരു വൃത്തത്തിലൂടെയുള്ള ചലനമായല്ല, ഇതുവരെ നടന്നതിന്റെ ലളിതമായ ഒരു ആവർത്തനമായല്ല മറിച്ച്, മുന്നോട്ടും മുകളിലേക്കുമുള്ള ചലനമായി, ഗുണപരമായ പഴയ അവസ്ഥയിൽ നിന്ന് ഗുണപരമായ പുതിയ അവസ്ഥയിലേക്കുള്ള പരിവർത്തനമായി, ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്കുള്ള, താഴ്ന്നതിൽ നിന്ന് ഉയർന്നതിലേക്കുള്ള വികാസമായാണ കാണുന്നത്."

ഏംഗൽസ് പറയുന്നു, "പ്രകൃതി വൈരുദ്ധ്യാത്മകതയുടെ പരിശോധനയാണ്, ആധുനിക പ്രകൃതിശാസ്ത്രം ഈ പരിശോധനക്കായുള്ള അങ്ങേയറ്റം സമ്പന്നവും ദിനംതോറും വർദ്ധിച്ച വരുന്നതുമായ വസ്തുതകൾ നൽകുന്നുവെന്നു പറയണം, അങ്ങനെ, അന്തിമ വിശകലനത്തിൽ പ്രകൃതി പ്രക്രിയകൾ അതിഭൗതികവാദപരമല്ലെന്നും വൈരുദ്ധ്യാധിഷ്ഠിതമാണെന്നും ചിരന്തനമായി ഒരേ രൂപത്തിലുള്ള, സ്ഥിരമായി ആവർത്തിക്കപ്പെടുന്ന ഒരു വൃത്തത്തിലൂടെയല്ല ചലിക്കുന്നതെന്നും അതു തെളിയിച്ചിട്ടുണ്ട്. ഇന്നത്തെ ജീവലോകം, സസ്യജന്തുജാലങ്ങൾ, അങ്ങനെ മനുഷ്യർ ഇവയെല്ലാം ദശലക്ഷക്കണക്കിനു വർഷങ്ങളിലെ വികാസപ്രക്രിയയുടെ ഫലമായി ഉണ്ടായതാണെന്നു തെളിയിച്ച്, പ്രകൃതിയെക്കുറിച്ചുള്ള അതിഭൗതികവാദപരമായ സങ്കല്പനത്തിന് കനത്ത പ്രഹരമേല്പിച്ച ഡാർവിനെ ഇത്തരുണത്തിൽ പ്രധാനമായും പരാമർശിക്കേണ്ടതാണ്." [സോഷ്യലിസം: സാങ്കല്പികവും ശാസ്ത്രീയവും]

അളവിലുള്ള മാറ്റങ്ങളിൽ നിന്ന് ഗുണപരമായ മാറ്റത്തിലേക്കുള്ള പരിവർത്തനമായി വൈരുദ്ധ്യാത്മകവികാസത്തെ വിശദീകരിച്ചുകൊണ്ട് ഏംഗൽസ് പറയുന്നു: "ഭൗതികത്തിൽ...ഒരു വസ്തുവിൽ നിലനില്ക്കുന്നതോ അതിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ ആയ, നിശ്ചിത രൂപത്തിലുള്ള ചലനത്തിന്റെ, അളവിലെ മാറ്റത്തിന്റെഫലമെന്നനിലയിൽ ഏതൊരു മാറ്റവും അളവിൽ നിന്നു ഗുണത്തിലേക്കുള്ള മാറ്റമാണ്. ഉദാഹരണത്തിന്, വെള്ളത്തിന്റെ താപനിലയ്ക്ക് തുടക്കത്തിൽ അതിന്റെ ദ്രാവകാവസ്ഥയുടെമേൽ യാതൊരു സ്വാധീനവുമില്ല; എന്നാൽ, ദ്രാവകാവസ്ഥയിലെ വെള്ളത്തിന്റെ താപനില ഉയരുകയോ താഴുകയോ ചെയ്യുമ്പോൾ, അതിന്റെ സംയോജിതാവസ്ഥ മാറുന്ന നിമിഷമെത്തുകയും വെള്ളം നീരാവിയോ ഐസോ ആയി മാറുകയും ചെയ്യും... ഒരു പ്ലാറ്റിനം കമ്പിയെ ദീപ്തമാക്കാൻ ഒരു നിശ്ചിത അളവിലുള്ള കറന്റ് ആവശ്യമാണ്; ഏതൊരു ലോഹത്തിനും അതിന്റെ ഉരുകൽ താപനിലയുണ്ട് (melting temperature); ഒരു നിശ്ചിത മർദ്ദത്തിൽ ഏതൊരു ദ്രാവകത്തിനും അതിന്റെ നിശ്ചിത ഉറയൽ താപനിലയും (freezing temperature) തിളയ്ക്കൽ താപനില (boiling point) യുമുണ്ട്, വേണ്ട അളവിലുള്ള ആ താപനില കൈവരിക്കാനുള്ള മാർഗ്ഗങ്ങൾ നമ്മുടെ വരുതിയിലുള്ളിടത്തോളം; അവസാനമായി, ഏതൊരു വാതകത്തെയും ഉചിതമായ മർദ്ദവും തണുപ്പിക്കലും കൊണ്ട് ദ്രാവകാവസ്ഥയിലേക്കു മാറ്റാവുന്ന അതിന്റെ നിർണ്ണായക ഘട്ടവുമുണ്ട്... ഭൗതികത്തിലെ സ്ഥിരാങ്കങ്ങളെന്ന് അറിയപ്പെടുന്നവ (ഒരു അവസ്ഥ മറ്റൊന്നിലേക്കു മാറുന്ന ഘട്ടം - ജെ.സ്റ്റാലിൻ) മിക്ക സന്ദർഭങ്ങളിലും ചലനത്തിന്റെ അളവിലുള്ള ഒരു (മാറ്റം) കൂടലോ കുറയലോ ഒരു വസ്തുവിന്റെ അവസ്ഥയിലുള്ള ഗുണപരമായ ഒരു മാറ്റത്തിനു കാരണമാകുകയോ തൽഫലമായി, അളവ് ഗുണമായി മാറുകയോ ചെയ്യുന്ന നിർണ്ണായകബിന്ദുവിനെ സൂചിപ്പിക്കുന്നവയാണ്." [പ്രകൃതിയുടെ വൈരുദ്ധ്യാത്മകത ]

രസതന്ത്രത്തിലേക്കു കടന്നുകൊണ്ട് എംഗൽസ് തുടരുന്നു:

"സംയുക്തങ്ങളുടെ അളവിലുള്ള മാറ്റങ്ങളുടെ ഫലമായി, വസ്തുക്കളിൽ സംഭവിക്കുന്ന ഗുണപരമായ മാറ്റത്തിന്റെ ശാസ്ത്രമെന്നു രസതന്ത്രത്തെ വിളിക്കാവുന്നതാണ്. ഹെഗലിന് ഇത് മുമ്പുതന്നെ അറിയാമായിരുന്നു... ഓക്സിജനെ എടുക്കുക: തന്മാത്രയിൽ സാധാരണ കാണുന്ന രണ്ട് ആറ്റങ്ങൾക്കുപകരം മൂന്ന് ആറ്റങ്ങളുണ്ടെങ്കിൽമണത്തിലും പ്രതിപ്രവർത്തനത്തിലും ഓക്സിജനിൽ നിന്നു തീർത്തും വ്യത്യസ്തമായ ഓസോൺ ആണു ലഭിക്കുക. നൈട്രജനോ സൾഫറോ ആയി ഓക്സിജൻ സംയോജിക്കുന്ന വിവിധ അനുപാതങ്ങളെക്കുറിച്ചും ഓരോന്നിന്റെയും ഫലമായി ഉണ്ടാകുന്ന ഗുണപരമായി തികച്ചും വ്യത്യസ്തമായ ഉല്പന്നങ്ങളെക്കുറിച്ചും നാമെന്തു പറയും!" [പ്രകൃതിയുടെ വൈരുദ്ധ്യാത്മകത]

അവസാനമായി, ഹെഗലിന്റെ മഹത്വത്തിനു നിദാനമായ എല്ലാറ്റിനേയും നിന്ദിക്കുകയും, അചേതനവസ്തുക്കളുടെ ലോകത്തുനിന്ന് സചേതനവസ്തുക്കളുടെ ലോകത്തിലേക്കും അജൈവവസ്തുക്കളുടെ ലോകത്തുനിന്ന് ജൈവവസ്തുക്കളുടെ ലോകത്തിലേക്കുമുള്ള പരിവർത്തനം പുതിയൊരു അവസ്ഥയിലേക്കുള്ള കുതിപ്പാണെന്ന അദ്ദേഹത്തിന്റെ സിദ്ധാന്തം ഗോപ്യമായി എടുത്തുപയോഗിക്കുകയും ചെയ്യുന്നഡൂറിങ്ങിനെവിമർശിച്ചുകൊണ്ട് ഏംഗൽസ് പറയുന്നു:

"നിശ്ചിതമായ ചില നിർണ്ണായകബിന്ദുക്കളിൽ, അളവിലുള്ള കൂടലോ കുറയലോ ഗുണപരമായ ഒരു കുതിപ്പിനു ജന്മം കൊടുക്കുന്നു, അളവുബന്ധങ്ങളെക്കുറിച്ചുള്ള ഹെഗലിയൻ നിർണ്ണായകരേഖ തന്നെയാണ് കൃത്യമായും ഇത്. ഉദാഹരണത്തിന്, ചൂടാക്കുകയോ തണുപ്പിക്കുകയോ ചെയ്യുന്ന വെള്ളത്തിന്റെ തിളയ്ക്കൽ നിലയും (boiling point) ഉറയൽ നിലയും, (freezing point) സാധാരണ മർദ്ദത്തിൽ പുതിയൊരു ആകമാനാവസ്ഥയിലേക്കുള്ള കുതിപ്പ് സംഭവിക്കുകയുംതൽഫലമായിഅളവ് ഗുണമായി മാറുകയും ചെയ്യുന്ന നിർണ്ണായകബിന്ദുക്കൾ തന്നെയാണ്." [ഡൂറിങ്ങിനെതിരെ] ■

(8-ാം പേജിൽ നിന്ന്)

വരികൾ. സമാനതകൾ ശ്രദ്ധേയമാണ്.

1975-77 കാലഘട്ടത്തിൽ പ്രഖ്യാപിച്ച അടിയന്തരാവസ്ഥയുടെ സമയത്ത്, അന്നത്തെ കോൺഗ്രസ് ഭരണാധികാരികൾ പ്രതിഷേധത്തിന്റെ ശബ്ദം അടിച്ചമർത്താനും, ബലാൽക്കാരേണയുള്ള അനുസരിപ്പിക്കൽ ശക്തമാക്കാനും, പൗര-ജനാധിപത്യ അവകാശങ്ങളെ നിശ്ചലമാക്കാനും, ജനാധിപത്യ നിയമങ്ങളെയും മാനദണ്ഡങ്ങളെയും പ്രവർത്തനരഹിതമാക്കാനും, വഴങ്ങുന്ന ഉദ്യോഗസ്ഥരെയും പോലീസിനെയും ഉപയോഗിച്ചു. ബിജെപി ഭരണത്തിലാകട്ടെ, "ഡിജിറ്റൽ അടിയന്തരാവസ്ഥയിലൂടെ" ജനാധിപത്യത്തെ ഒരു പ്രഹസനമാക്കി മാറ്റാൻ സെർവറുകളും മൈക്രോചിപ്പുകളും ഉപയോഗിക്കുന്നു. ഇവ രണ്ടിനെയും ബന്ധിപ്പിക്കുന്നത് അധികാരത്തിന്റെ കേന്ദ്രീകരണമാണ്—ഒരുകാലത്ത് എക്സിക്യൂട്ടീവിന്റെ അധികാരം പരിധിവിടുന്നതിനെ നിയന്ത്രിച്ചിരുന്ന സ്വതന്ത്രവും സ്വയംഭരണപരവുമായ സ്ഥാപനങ്ങളുടെ ശോഷണമാണിത്.

വോട്ടുകൾ കൂട്ടിക്കലർത്തി വോട്ടിംഗ് പാറ്റേണിലെ ബൂത്ത് തിരിച്ചുള്ള വിവരങ്ങൾ മറച്ചുവെച്ച്, വോട്ടർമാരുടെ രഹസ്യ സ്വഭാവം സംരക്ഷിക്കുന്ന ഒരു സംവിധാനമായ ടോട്ടലൈസർ സിസ്റ്റം 2007ൽ മുന്നോട്ട് വെച്ചപ്പോൾ, ബിജെപി സർക്കാർ അതിന്റെ രാജ്യവ്യാപകമായ നടപ്പാക്കൽ തടഞ്ഞു. ഇതിന്റെ കാരണം വിശകലന വിദഗ്ധർ ഇപ്പോൾ മനസ്സിലാക്കുന്നു: ടോട്ടലൈസറുകൾ ബൂത്ത് തലത്തിലുള്ള വോട്ടിംഗ് രീതി കണ്ടെത്തുന്നത് തടയുന്നു. അതില്ലാതെ മാത്രമേ ലക്ഷ്യമിട്ട ഡാറ്റാ കൃത്രിമം നടത്താൻ കഴിയൂ.

## വോട്ടിംഗ് മെഷീൻ സോഫ്റ്റ്‌വെയർ

### അൽഗോരിതം ഉപയോഗിച്ചുള്ള സ്വേച്ഛാധിപത്യം – ആഗോളമാതൃക

ഇന്ത്യയിലെ തിരഞ്ഞെടുപ്പ് ഫലങ്ങളുടെ ഡിജിറ്റലൈസ്ഡ് കൃത്രിമം ഒറ്റപ്പെട്ട ഒരു പിഴവല്ല. ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, ഓഷ്യാനിയ എന്നിവിടങ്ങളിലെ ബൂർഷ്വാ സർക്കാരുകൾ—ബോൾസോനാരോയുടെ ബ്രസീൽ, ഡ്യൂട്ടേർട്ടെയുടെ ഫിലിപ്പീൻസ്, എൽ സാൽവഡോറിലെ നായിബ് ബുക്കേലെ— ഇവരെല്ലാം ജനകീയ വിധി അട്ടിമറിക്കാൻ സാങ്കേതിക വിദ്യയെ ആയുധമാക്കാൻ പഠിച്ചിട്ടുണ്ട്. എന്നാൽ ഈ മാതൃകയുടെ സ്ഥാപനവൽക്കരണത്തിൽ ഇന്ത്യ വേറിട്ട് നിൽക്കുന്നു. ഇവിടെ, സാമ്രാജ്യത്വ-മുതലാളിത്ത ഭരണകൂടം തന്നെ ഡിജിറ്റൽ കൃത്രിമത്തിന്റെ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നു.

കോഡ്, കോർപ്പറേറ്റ് മൂലധനം, ദേശീയത എന്നിവയുടെ ഈ ലയനം പണ്ഡിതന്മാർ "അൽഗോരിതത്തിലൂടെയുള്ള സ്വേച്ഛാധിപത്യം" (algorithmic authoritarianism) എന്ന് വിളിക്കുന്ന ഒന്നിലേക്ക് നയിക്കുന്നു. സർക്കാരുകൾക്ക് ബൂർഷ്വാ ജനാധിപത്യത്തിന്റെ ഒരു മുഖം, അതുപോലെ അതിന്റെ 'കളങ്കമില്ലാത്ത' വോട്ടിംഗ് പ്രക്രിയ എന്നിവ വ്യാജമായി പ്രദർശിപ്പിക്കാൻ ഇത് അനുവദിക്കുന്നു. അതേസമയം, വോട്ടെടുപ്പ് വിധികളെ തകിടം മറിക്കുന്നതിനുള്ള ഡിജിറ്റലൈസ്ഡ് നിയന്ത്രണ സംവിധാനം പൂർണ്ണ രഹസ്യാത്മകതയിൽ നിലനിർത്തുകയും ചെയ്യുന്നു. നൂതന വിവരസാങ്കേതിക വിദ്യയുടെയും ചിപ്പുകളുടെയും ക്ലൗഡിന്റെയും യുഗത്തിൽ, ബൂർഷ്വാസിക്ക് തങ്ങൾ ക്കിഷ്ടപ്പെട്ട ശക്തിയെ അധികാരത്തിൽ പ്രതിഷ്ഠിക്കാൻ ഇനി പേശീബലം പ്രയോഗിക്കേണ്ട ആവശ്യമില്ല. അവർക്ക് വേണ്ടത് ഡിജിറ്റൽ മൊഡ്യൂളിലേക്കുള്ള പ്രവേശനമാണ്.

### ധാർമ്മിക വിധിനിർണയം

ഇന്ത്യയിലെ 97 കോടി വോട്ടർമാരെ സംബന്ധിച്ചിടത്തോളം ചോദ്യം വളരെ വ്യക്തമാണ്: സോഫ്റ്റ്‌വെയറിന് വോട്ട് തിരുത്തിയെഴുതാൻ കഴിയുമെങ്കിൽ, ബൂർഷ്വാ പാർലമെന്ററി ജനാധിപത്യത്തിൽ എന്ത് ബാക്കിയുണ്ടാകും? തിരഞ്ഞെടുപ്പ് ഫലത്തിന്റെ ആധികാരികതയെക്കുറിച്ച് സ്വതന്ത്രമായ അന്വേഷണം ആവശ്യപ്പെട്ട് പൗരസമൂഹ കൂട്ടായ്മകൾ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. യൂറോപ്യൻ യൂണിയനിലെ തിരഞ്ഞെടുപ്പ് നിരീക്ഷകരും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പണ്ഡിതരും ഉൾപ്പെടെയുള്ള അന്താരാഷ്ട്ര നിരീക്ഷകർ സുതാര്യതയ്ക്കായി അഭ്യർത്ഥിച്ചിട്ടുണ്ട്.

എങ്കിലും, തിരഞ്ഞെടുപ്പ് കമ്മീഷൻ ക്രമക്കേടുകൾ നിഷേധിക്കുന്നത് തുടരുന്നു. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാരാകട്ടെ, വിമർശനങ്ങളെ "രാജ്യവിരുദ്ധ പ്രചാരണം" എന്ന് മുദ്രകുത്തിയിരിക്കുകയാണ്. എല്ലാ ഫോം 17സികളും പരസ്യമാക്കുക, ഇവിഎം ചിപ്പുകൾ ഓഡിറ്റ് ചെയ്യുക, വോട്ട് ടാബുലേഷൻ സോഫ്റ്റ്‌വെയർ തേർഡ്-പാർട്ടി റിവ്യൂവിന് വിധേയമാക്കുക, എന്നിവ പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെ, ഈ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ശേഷം 10-ാം പേജിൽ)

# വന്ദേമാതരത്തെച്ചൊല്ലി ബിജെപി നേതാക്കൾ വിവാദമുണ്ടാക്കുന്നതിന്റെ ലക്ഷ്യമെന്ത് ?

**ഈ** കഴിഞ്ഞ നവംബർ 7ന് വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യത്തിന്റെ 150 വിവിധ പ്രദേശങ്ങളിൽ ബിജെപിയുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ആ അവസരത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു: “സ്വാതന്ത്ര്യസമര സമയത്ത് വന്ദേമാതരം രാജ്യമെമ്പാടും ആവേശമുയർത്തി. എന്നാൽ നിർഭാഗ്യവശാൽ 1937ൽ വന്ദേമാതരത്തിലെ പ്രധാന ശ്ലോകങ്ങൾ മുറിച്ച് മാറ്റി, പല കഷണങ്ങളാക്കി, അതിന്റെ സത്ത തകർത്തു. വന്ദേമാതരത്തിന്റെ വിഭജനമാണ് രാജ്യത്തിന്റെ വിഭജനത്തിനുള്ള വിത്തുപാകിയത്.” പ്രധാനമന്ത്രിയുടെ നിരീക്ഷണങ്ങൾ അത്യുതകരമെന്നേ പറയാനാകൂ. നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രത്തെക്കുറിച്ച് തികഞ്ഞ അജ്ഞതയാണ് ഇത് കാണിക്കുന്നത്. ആർഎസ്എസും ഹിന്ദു മഹാസഭയും(ബിജെപിയുടെ മുൻഗാമികൾ) ആയിരുന്ന സ്വാതന്ത്ര്യ സമരത്തിന്റെ കേന്ദ്രബിന്ദുവെന്നും സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭത്തിന്റെ സമര ഗീതമായിരുന്ന വന്ദേമാതരം എന്നും പറഞ്ഞുനടക്കുന്നത് ഈ അജ്ഞതകൊണ്ടു മാത്രമല്ല. അതിന്റെ ഉദ്ദേശങ്ങൾ നമുക്ക് വഴിയെ പരിശോധിക്കാം.

## വന്ദേമാതരത്തിന്റെ ചരിത്രം

1875 നവംബർ 7നാണ് വിഖ്യാത എഴുത്തുകാരൻ ബങ്കിംചന്ദ്ര ചാറ്റർജി ‘ബംഗദർശൻ’ എന്ന സാഹിത്യ മാസികയിൽ വന്ദേമാതരം ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. പിന്നീട് 1882ൽ പ്രസിദ്ധീകരിക്കപ്പെട്ട അദ്ദേഹത്തിന്റെ ആനന്ദമഠം എന്ന നോവലിൽ ഈ ഗാനം കൂട്ടിച്ചേർക്കുകയുണ്ടായി. 1950 ജനവരി 24ന് നമ്മുടെ നിയുക്തപാർലമെന്റ് ജനഗണമനയെ ദേശീയ ഗാനമായും വന്ദേമാതരത്തെ ദേശീയ ഗീതമായും സ്വീകരിച്ചു. ആർഎസ്എസും ബിജെപിയും സ്വാതന്ത്ര്യ സമരത്തോട് മുഖംതിരിച്ചു നിന്നപ്പോൾ നമ്മുടെ സ്വാതന്ത്ര്യസമര പോരാളികൾ ബ്രിട്ടീഷ് അധികാരികളെ നേരിട്ടത് ഈ ഗാനങ്ങൾ പാടിക്കൊണ്ടായിരുന്നു. അക്കാലത്ത് ആർഎസ്എസിന്റെ സൈദ്ധാന്തികർ പറഞ്ഞുകൊണ്ടിരുന്നത് ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യസമരം പിന്തിരിപ്പനാണ് എന്നായിരുന്നു. ഭൗമാതിർത്തിയെ അടിസ്ഥാനമാക്കിയ ദേശീയതയല്ല മറിച്ച് ഹൈന്ദവ ദേശീയതയാണ് നമുക്ക് വേണ്ടതെന്നായിരുന്നു അവരുടെ പക്ഷം.

ഈയിടെ, ബിജെപി-ആർഎസ്എസ് നേതാവായ റാംമാധവ് എഴുതിയ ഒരു ലേഖനത്തിൽ ആരോപിക്കുന്നത് വന്ദേമാതരത്തിലെ രണ്ട് ശ്ലോകങ്ങൾ മാത്രം സ്വീകരിച്ചതിന് പിറകിൽ മുസ്ലീങ്ങൾ ആണ് എന്നാണ്. 1937ലെ തിരഞ്ഞെടുപ്പിന് മുസ്ലിം വോട്ട് ലഭിക്കാൻവേണ്ടി കോൺഗ്രസ് നേതൃത്വം അവസരവാദ നിലപാടെടുത്തതാണത്രെ. 1937ൽ കോൺഗ്രസ് അങ്ങനെയൊരു തീരുമാനമെടുത്തിരുന്നു എന്നത് നേരാണ്. അതിനു പക്ഷേ തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നു താനും. അത് മനസ്സിലാകണമെങ്കിൽ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രം നാം അറിയണം.

19-ാം നൂറ്റാണ്ടിൽ ഇന്ത്യൻ നവോത്ഥാന പ്രസ്ഥാനത്തിന്റെ പുഷ്കലകാലത്ത് ലോകമെമ്പാടും ബൂർഷ്വാ മാനവവാദവും ജനാധിപത്യ സങ്കൽപ്പങ്ങളും അതിന്റെ ചെറുപ്പകാലം കഴിഞ്ഞ് പിന്തിരിപ്പനായി മാറിക്കഴിഞ്ഞിരുന്നു. ഇന്ത്യയിൽ മുതലാളിത്തം ഉദയം ചെയ്യുന്നതേ ഉണ്ടായിരുന്നുള്ളു എങ്കിലും ലോകത്ത് മുതലാളിത്തം തികച്ചും പ്രതിലോമകരമായ ഒരു വ്യവസ്ഥയായി മാറിക്കഴിഞ്ഞിരുന്നു. മുതലാളിത്തത്തിന്റെ ഉദയകാലത്ത് അത് കാലഹരണപ്പെട്ട വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും മാതാന്ധതക്കുമെതിരെ, ജന്മിത്വത്തിനെതിരെ തികച്ചും സന്ധിയില്ലാത്ത സമരം നടത്തിയിരുന്നുവെങ്കിൽ പിൽക്കാലത്ത് അത് ജന്മിത്ത മൂല്യങ്ങളോട് അനുരഞ്ജനത്തിൽ ഏർപ്പെടാൻ തുടങ്ങി. അങ്ങനെ ഇന്ത്യയിൽ മുതലാളിത്തം ഉള്ളിൽനിന്ന് തന്നെ വീര്യം നഷ്ടപ്പെട്ട അവസ്ഥയിലാണ് ആരംഭിക്കുന്നത്. മതേതര മാനവവാദത്തെ കലർപ്പില്ലാതെ ഉൾക്കൊള്ളാൻ സാധിച്ചത് അക്കാലത്ത് ഈശ്വരചന്ദ്ര വിദ്യാസാഗറിന് മാത്രമായിരുന്നു. അദ്ദേഹം എല്ലാ മതചിന്തകളെയും നിരാകരിച്ചു. ഒരു പ്രകൃത്യാതീത ശക്തിയെയും അംഗീകരിക്കാൻ തയ്യാറായില്ല. എന്നാൽ ഇന്ത്യൻ നവോത്ഥാനത്തിന്റെ മുഖ്യധാര അങ്ങനെ ആയിരുന്നില്ല.

പിന്തിരിപ്പൻ ജന്മിത്ത ആശയങ്ങളുമായുള്ള ഈ അനുരഞ്ജന നിലപാട് സാഹിത്യസൃഷ്ടികളിലും പ്രകടമായിരുന്നു. സ്വാതന്ത്ര്യസമരത്തിലെ ഈ അനുരഞ്ജന നിലപാടിന്റെ സാഹിത്യ മേഖലയിലെ മികച്ച പ്രതിനിധി ആയിരുന്നു ബങ്കിംചന്ദ്ര ചാറ്റർജി. രാജ്യം വിദേശശക്തികളിൽ നിന്ന് മോചിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അതേസമയം മതനവീകരണ ചിന്തകൾ അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു. ഒട്ടനവധി വിദ്യാസമ്പന്നരായ ഇന്ത്യക്കാർക്ക് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലെ ജീവിതം അപമാനകരമായി തോന്നിയിരുന്നു. ജനങ്ങളുടെ മനസ്സിൽ ബ്രിട്ടീഷ് ആധിപത്യത്തോടുള്ള പ്രതിഷേധവും അന്തസ്സോടെ സ്വതന്ത്രരായി ജീവിക്കാനുള്ള ആഗ്രഹവും നാൾക്കുനാൾ വർദ്ധിച്ചുവന്നു. എന്നാൽ ഈ പ്രതിഷേധാഗ്നി പ്രകടമായത് ഒരു ആത്മീയ മുന്നേറ്റമായും പാരമ്പര്യത്തിലേക്കുള്ള തിരിച്ചുപോക്കായുമാണ്. വിദേശ ചങ്ങലയിൽ നിന്ന് മോചിതരായി അന്തസ്സോടെ തലയുയർത്തി നിൽക്കാനുള്ള ഭാരതീയരുടെ അഭിലാഷത്തെ ഉയർത്തിക്കാട്ടാൻ ബങ്കിംചന്ദ്ര ആശ്രയിച്ചത് ഹൈന്ദവ പാരമ്പര്യത്തെയാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് ആനന്ദമഠം എഴുതുന്നത്. നമ്മുടെ നാട്ടിൽ ദേശീയതയുടെ ആദ്യ ബഹിർസ്ഫുരണങ്ങൾ സാഹിത്യത്തിൽ പ്രകടമാകുന്നത് ആനന്ദമഠത്തിലൂടെ ആണെന്ന് പറയാം. 1772-73ൽ ഉത്തരബംഗാളിൽ വാറൻ ഹേസ്റ്റിംഗിന്റെ സമയത്ത് നടന്ന സന്യാസി കലാപമാണ് നോവലിന്റെ ഇതിവൃത്തം. നമ്മുടെ നാട്ടിൽ ജനങ്ങളുടെ മനസ്സിൽ സ്വാതന്ത്ര്യത്തോടുള്ള വാഞ്ഛ ഉണർത്തുന്നതായിരുന്നു നോവൽ. എങ്കിൽപോലും അത് ഹിന്ദുമത പരിഷ്കരണത്തിൽ ഊന്നിയതായിരുന്നു എന്നത് കാണാതിരുന്നുകൂടാ. ഭാരതം എന്നാൽ എല്ലാവരുടെയും പൊതു രാഷ്ട്രം എന്നതിന് പകരം ആരാധിക്കപ്പെടേണ്ട ഒരു മാതാവായാണ്, ദേവതയായാണ് നോവലിൽ വരുന്നത്. നോവലിൽ ഉടനീളം വരുന്ന ദുർഗ്ഗാമാതാവും ബ്രഹ്മചാരികളായ പോരാളികളും ഹിന്ദുമതത്തിന്റെ ഉയർച്ചയ്ക്കായുള്ള ആഹ്വാനങ്ങളും നോവലിന്റെ പശ്ചാത്തലത്തിൽ ഒതുങ്ങി നൽക്കുന്നതല്ല. കഥയുടെ നട്ടെല്ല് തന്നെ ഈ ചിഹ്നങ്ങളാണ്.

വന്ദേമാതരം ഗാനമാരംഭിക്കുന്നത് വളരെ സൗമ്യമായാണ്. ഭാരതത്തിന്റെ ഭൂമിയുടെ സമ്പന്നതയും ഹരിതാഭയുമാണ് അത് വർണ്ണശബളവും മൃദുവുമായ സംസ്കൃത പദങ്ങൾ ഉപയോഗിച്ച് വരച്ചു വയ്ക്കുന്നത്. എന്നാൽ പൊടുന്നനെ അത് വാളുകളുടെ ശീൽക്കാരവും ആക്രോശങ്ങളും നിറഞ്ഞ ഒരു രണഭേരിയായി രൂപാന്തരം പ്രാപിക്കുന്നു. ശത്രുവിനെതിരായുള്ള സംഹാരതാണ്ഡവം അതിന്റെ വരികളിലും താളത്തിലും ഉറഞ്ഞുകൂടുന്നു. ഭൂമി പത്തു കൈകളിലും ആയുധമേന്തിയ, ശത്രുസംഹാരത്തിനായി ദാഹിക്കുന്ന കാളിയായി മാറുന്നു.

വന്ദേമാതരത്തിന്റെ ഈ ഒരു മുഖം ആദ്യമായി തിരിച്ചറിഞ്ഞത് രവീന്ദ്രനാഥ ടാഗോർ തന്നെയാണ്. തന്റെ ചെറുപ്പകാലത്ത് ഈ ഗാനം പാടിയാണ് അദ്ദേഹം വളർന്നത്. ഗാനത്തിൽ വരുന്ന ‘ദുർഗ്ഗാദശയേകരണ ധരണി’ എന്ന 10 കൈകളിലും 10 ആയുധങ്ങളുമായി ശത്രുസംഹാരത്തിന് തയ്യാറെടുക്കുന്ന ദേവി ബങ്കിംചന്ദ്രന്റെ ഭാവന സൃഷ്ടിയായിരുന്നു. എന്നാൽ ഈ ദേവീസങ്കല്പം ഹൈന്ദവർ ഏറ്റെടുത്തതോടെ ഈ ഗാനം ഹിന്ദുക്കൾ അല്ലാത്ത വലിയൊരു ജനവിഭാഗത്തെ സ്വാതന്ത്ര്യ സമരത്തിൽ നിന്നും അകറ്റി നിർത്തുമെന്ന് ടാഗോർ തിരിച്ചറിഞ്ഞു. അദ്ദേഹം കോൺഗ്രസ് നേതൃത്വത്തിന് എഴുതി. “വന്ദേമാതരം അതിന്റെ മുഴുവൻ രൂപത്തിൽ നോവലിൽ വരുന്ന സന്ദർഭം കൂടി പരിഗണിച്ചാൽ, അത് മുസ്ലിം വിഭാഗത്തെ വേദനിപ്പിക്കാൻ ഇടയുണ്ട് എന്നത് ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിന്റെ ആദ്യത്തെ രണ്ട് ശ്ലോകങ്ങളെ അടിസ്ഥാനമാക്കി ഒരു ദേശീയഗീതം ഉണ്ടാക്കിയാൽ അത് മുഴുവൻ പദ്യത്തെയോ യാദൃശ്ചികമായി ആ ഗാനവുമായി ചേർക്കപ്പെട്ട കഥയോ ഓർമ്മിപ്പിക്കണമെന്നില്ല.” *(അമൃത ബസാർ പത്രിക, 02-11-1937)*

വന്ദേമാതരത്തിലെ ദേശീയ വികാരത്തെയും അതിലെ ഭക്തിയുടെ ഘടകത്തെ

*(ശേഷം 11-ാം പേജിൽ)*

*(9-ാം പേജിൽ നിന്ന്)*

**വോട്ടിംഗ് മെഷീൻ സോഫ്റ്റ്‌വെയർ**

## ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ നേരിടുന്ന വെല്ലുവിളികൾ

ഇന്ത്യയിലെ 2024ലെ ലോക്സഭാ തിരഞ്ഞെടുപ്പിലെ ആരോപിക്കപ്പെടുന്ന അഴിമതി രാജ്യത്തിന്റെ അതിർത്തികൾക്കപ്പുറം പ്രതിധ്വനിക്കുന്നു. വികസ്വര രാജ്യങ്ങൾ തങ്ങളുടെ തിരഞ്ഞെടുപ്പുകൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ, ഇന്ത്യ ഒരു മാതൃകയും മുന്നറിയിപ്പുമായി മാറിയിരിക്കുന്നു. ഇന്ത്യയുടെ ‘ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യ വികസന പരിപാടി’ (Digital Public Infrastructure programme) വഴി ഇപ്പോൾ കയറ്റുമതി ചെയ്യുന്ന ഇതേ സോഫ്റ്റ്‌വെയർ ശൈലി, ഏഷ്യയിലും ആഫ്രിക്കയിലും സമാനമായ അപകടസാധ്യതകൾ ഉറപ്പിച്ചേക്കാം. 140 കോടി ജനങ്ങളുള്ള ഒരു ജനാധിപത്യ രാജ്യത്തെ നിശ്ശബ്ദമായി പുനഃപ്രോഗ്രാം ചെയ്യാൻ കഴിയുമെങ്കിൽ, ഈ കീഴ്‌വഴക്കം മറ്റ് ഭൂഖണ്ഡങ്ങളിലെ തിരഞ്ഞെടുപ്പിന്റെ പരമാധികാരത്തെയും അപകടപ്പെടുത്തും.

## യന്ത്രത്തിന്റെ ദുരുപയോഗത്തിൽനിന്നും ജനാധിപത്യത്തെ തിരിച്ചുപിടിക്കാൻ

വാട്ടർഗേറ്റിന് ശേഷം അമേരിക്കയിലെ മാധ്യമപ്രവർത്തനം സ്വയം നവീകരിക്കുകയുണ്ടായി. അന്വേഷണാത്മകവും, വിമർശനാത്മകവും, അധികാരത്തെ ഭയക്കാത്തതുമായ ഒരു രീതിയിലേക്ക് അത് മാറി. ഇന്ത്യയും ഇപ്പോൾ സമാനമായ ഒരു നിർണ്ണായക ഘട്ടത്തിലാണ് നിൽക്കുന്നത്. വിഎഫ്ഡി റിപ്പോർട്ട് ഒരു പുതിയ ഉത്തരവാദിത്ത പ്രസ്ഥാനത്തിന്റെ തുടക്കമായേക്കാം. ഡിജിറ്റൽ സംവിധാനങ്ങൾ സുതാര്യവും, ഓഡിറ്റ് ചെയ്യാവുന്നതും, പൗരന്മാർക്ക് പരിശോധിക്കാവുന്നതും ആയിരിക്കണമെന്ന് അത് ആവശ്യപ്പെടുന്നു. ഈയിടെ പ്രസിദ്ധീകരിച്ച ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പ് ഫലങ്ങളിൽ ചില കാര്യങ്ങൾ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് എസ്ഐആർ പൂർത്തിയായപ്പോൾ വോട്ടർമാരുടെ അന്തിമ എണ്ണം 7,43,55,976 ആയിരുന്നു. എന്നാൽ വോട്ടെടുപ്പ് സമയമായപ്പോഴേക്കും അത് 7,45,26,858 ആയി ഉയർന്നു. അതായത്, 1,70,882 വോട്ടുകളുടെ വിശദീകരിക്കാനാകാത്ത വർദ്ധനവ് ഉണ്ടായി. ബീഹാറിൽ നീക്കം ചെയ്യപ്പെട്ട 65 ലക്ഷത്തിലധികം വോട്ടർമാരുടെ കാര്യത്തിൽ, തിരഞ്ഞെടുപ്പ് കമ്മീഷന്റെ മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടികയുടെ വിശദമായ പരിശോധനയിൽ നിരവധി അപാകതകൾ വെളിപ്പെടുന്നു. കൂടുതൽ ആഴത്തിലുള്ള അന്വേഷണം ആവശ്യപ്പെടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേക്കാണ് ഈ പാറ്റേണുകൾ വിരൽ ചൂണ്ടുന്നത്.

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രൂപകൽപ്പന ഓപ്പൺ സോഴ്സ് ആക്കണമെന്നും, തിരഞ്ഞെടുപ്പ് വിവരങ്ങൾ സ്വതന്ത്രമായി ഓഡിറ്റ് ചെയ്യണമെന്നും സാങ്കേതിക വിദഗ്ധരും ആക്റ്റിവിസ്റ്റുകളും ഇതിനകം ആവശ്യപ്പെടുന്നുണ്ട്. പേപ്പർ ബാലറ്റുകളിലേക്കുള്ള തിരിച്ചുപോക്കല്ല ഇതിന്റെ ലക്ഷ്യം, മറിച്ച് കോഡുകളുടെ മേൽ ജനാധിപത്യപരമായ മേൽനോട്ടം ഉറപ്പാക്കുക എന്നതാണ്. സാങ്കേതികവിദ്യ പൗരന്മാരെയാണ് സേവിക്കേണ്ടത്, അല്ലാതെ അടിച്ചമർത്തുന്ന ബൂർഷ്വാ ഭരണാധികാരികളെയല്ല.

## പുതുക്കിയെഴുതപ്പെടുന്ന ബൂർഷ്വാ പാർലമെന്ററി ജനാധിപത്യം

2024ൽ സംഭവിച്ചത് കേവലം പാളിപ്പോയ ഒരു തിരഞ്ഞെടുപ്പായിരുന്നില്ല. ലോകത്തിലെ ഏറ്റവും വലിയ ബൂർഷ്വാ പാർലമെന്ററി ജനാധിപത്യം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരു സംവിധാനത്തെ ഇഞ്ചോടിഞ്ച് തിരുത്തിയെഴുതിയ സംഭവമായിരുന്നു അത്. സാങ്കേതികവിദ്യയ്ക്ക് മുന്നിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സുതാര്യതയെ അടിയറവെച്ചു. ഇത്, പൊതുസമ്മതത്തിൽ നിന്ന് കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന കണക്കുകൂട്ടലിലേക്ക് ഇന്ത്യയിലെ ബൂർഷ്വാ ജനാധിപത്യം കടന്ന, തിരിച്ചുവരാനാവാത്ത നിമിഷത്തെ അടയാളപ്പെടുത്തുന്നു. വിഎഫ്ഡി റിപ്പോർട്ട് നിരീക്ഷിച്ചതിങ്ങനെയാണ്: “ബാലറ്റ് കോഡായി മാറിയിരിക്കുന്നു, ആ കോഡ് ഭരണകൂടത്തിന്റേതാണ്.” ■

# ഇന്ത്യയുടെ നവോത്ഥാന മൂല്യങ്ങളെ ആർഎസ്എസിന്റെ രാഷ്ട്രീയം തിരസ്കരിക്കുന്നു

(10-ാം പേജിൽ നിന്ന്)


യും രണ്ടു വ്യത്യസ്ത ഘടകങ്ങളായാണ് ടാഗോർ ദർശിച്ചത്. “വന്ദേമാതരത്തിന് ഒരു ദേശീയ ഗാനം ആവാൻ സാധിക്കില്ല അതിലെ വാക്കുകൾ മുഴുവൻ ഹൈന്ദവമയമാണ്; അത് മുസ്ലിം വിഭാഗത്തിന് അഹിതകരമാവാൻ സാധ്യതയുണ്ട്. രാഷ്ട്രം എന്നത് ഏതെങ്കിലും ഒരു മതവിഭാഗത്തിന്റേത് മാത്രമല്ല.” 1937 ലെ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ പ്രസ്താവന ടാഗോറിന്റെ വാദം ഉൾക്കൊള്ളുന്നതായിരുന്നു. തന്റെ ഗരെബൈരെ(1915) എന്ന നോവലിൽ ആനന്ദമഠത്തിന്റെ വർഗീയതയെക്കുറിച്ച് ടാഗോർ പറയുന്നുണ്ട്. എന്നാൽ, എല്ലാ ഇന്ത്യക്കാരേയും ഒറ്റച്ചരടിൽ കൂട്ടിച്ചേർക്കാനുള്ള വന്ദേമാതരത്തിന്റെ കഴിവിനെ അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. “ഏക് സൂത്രേ ബന്ദിയാച്ചി സഹസ്രതി മോൻ, ഏക് കർജേ സൊപിയാച്ചി സഹസ്ര ജീബൻ, വന്ദേമാതരം(ആയിരം മനസ്സുകളെ ഒന്നിച്ചു കോർത്ത ഒറ്റ ചരട്, ആയിരം ജീവനുകൾ ഒന്നിക്കുന്ന ഒരൊറ്റ ദൗത്യം... വന്ദേമാതരം)... ആയിരക്കണക്കിന് പ്രതിബന്ധങ്ങളെയും രൂക്ഷമായ വെള്ളപ്പൊക്കത്തെയും നാം നേരിടും, നാം, ആയിരക്കണക്കിന് മനുഷ്യർ, ഭയപ്പെടില്ല വന്ദേമാതരം...”

ബങ്കിംചന്ദ്ര തന്നെ തന്റെ അവസാന നോവലായ ‘സീതാറാമി’ൽ ഹിന്ദുരാഷ്ട്രത്തിന്റെ അർത്ഥശൂന്യത തുറന്നു കാണിക്കുന്നുണ്ട്. മുസ്ലിം ശത്രുക്കളെ തോൽപ്പിച്ച് ആദർശശാലിയായ ഒരു ഹിന്ദു രാജാവ് ഒരു ഹൈന്ദവരാഷ്ട്രം സ്ഥാപിക്കുന്നതാണ് ഇതിലെ പ്രമേയം. എന്നാൽ, പിന്നീട് അതേ രാജാവ് തന്നെ മുസ്ലീങ്ങളിൽ ആരോപിക്കുന്ന എല്ലാ തിന്മകളുടെയും കേന്ദ്രമായി മാറുന്നു. രാജാവിന്റെ കിങ്കരന്മാർ അയാളെ ഉപേക്ഷിച്ചു പോകുന്നു. ഏറ്റവുമവസാനം വിട്ടുപോകുന്നത് ഒരു ഫക്കീറാണ്. ഹിന്ദു രാഷ്ട്രത്തിൽ ജീവിക്കാൻ ഇനി സാധ്യമല്ല എന്ന തിരിച്ചറിവോടെയാണ് ആ ഫക്കീർ സ്ഥലംവിടുന്നത്.

ഇത്രയും പറഞ്ഞത് വന്ദേമാതരത്തിലെ ശ്ലോകങ്ങളെ നീക്കം ചെയ്തതിന് പിന്നിൽ മുസ്ലീങ്ങൾ ആയിരുന്നു എന്ന വാദത്തെ തുറന്നു കാണിക്കാനാണ്. അന്നത്തെ കോൺഗ്രസ് സ്വാതന്ത്ര്യ വാഞ്ഛയുള്ള എല്ലാ മനുഷ്യരുടെയും ഒരു പൊതുവേദി ആയിരുന്നു. വന്ദേമാതരത്തിലെ വർഗീയ ഉള്ളടക്കം തിരിച്ചറിഞ്ഞ ടാഗോറിനെ പോലെയുള്ളവരാണ് അതിലെ രാജ്യസ്നേഹത്തെ പ്രചോദിപ്പിക്കുന്ന ഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തി ഒരു ദേശീയഗീതം രൂപപ്പെടുത്താൻ മുൻകൈ എടുത്തത്.

## ഇന്ത്യയെ വിഭജിച്ചതിന് ആരാണ് ഉത്തരവാദി

പ്രധാനമന്ത്രി പറയുന്നത് ‘വന്ദേമാതരത്തിന്റെ വിഭജനമാണ് ഭാരതത്തിന്റെ വിഭജനത്തിന് വിത്തിട്ടത്’ എന്നാണ്. വന്ദേമാതരത്തിന്റെ രണ്ട് ശ്ലോകങ്ങൾ മാത്രം ദേശീയഗീതത്തിന് തിരഞ്ഞെടുക്കുന്നത് 1937ലാണ്. എന്നാൽ 1923ൽ തന്നെ ഹിന്ദുമഹാസഭയുടെ നേതാവായിരുന്ന സവർക്കർ തന്റെ ‘എസ്സെൻഷ്യൽസ് ഓഫ് ഹിന്ദുത്വ’ എന്ന പുസ്തകത്തിൽ ദ്വിരാഷ്ട്രവാദം ഉയർത്തുന്നുണ്ട്. 1937ൽ ഒരു കോൺഫറൻസിൽ ഹിന്ദു മഹാസഭ ഇത് തങ്ങളുടെ ഔദ്യോഗിക നയമായി പ്രഖ്യാപിക്കുന്നുണ്ട്. 1939ലാണ് മുസ്ലിം ലീഗ് ദ്വിരാഷ്ട്രവാദത്തെ പിന്തുണയ്ക്കുന്നത്. ഹിന്ദുമഹാസഭയുടെ അക്കാലത്തെ നേതാവും ബംഗാളിൽ മുസ്ലിം ലീഗുമൊത്തുള്ള സഖ്യകക്ഷി ഭരണത്തിന്റെ തലവനുമായിരുന്ന ശ്യാമപ്രസാദ് മുഖർജി 1947ൽ, അന്നത്തെ വൈസ്രോയായിരുന്ന മൗണ്ട് ബാറ്റൺ പ്രഭുവിന് എഴുതിയത് ഇന്ത്യയെ വിഭജിച്ചില്ലെങ്കിൽ പോലും ബംഗാളിനെ വിഭജിച്ചേ മതിയാവൂ എന്നാണ്.


ബങ്കിംചന്ദ്ര ചാറ്റർജി | രബീന്ദ്രനാഥ ടാഗോർ | റാംമോഹൻ റായ്

ഇതേ മാന്യദ്ദേഹമാണ് 1942 ജൂലൈ 26ന് ക്വിറ്റ് ഇന്ത്യാ സമരത്തെ എങ്ങനെ അടിച്ചൊതുക്കാം എന്ന് ഉപദേശിച്ച് ബംഗാൾ ഗവർണർ ജനറലിന് കത്തെഴുതിയതും.

അപ്പോൾ വന്ദേമാതരത്തിന്റെ രണ്ട് ശ്ലോകങ്ങൾ മാത്രമായി തിരഞ്ഞെടുത്തതാണ് രാജ്യത്തിന്റെ വിഭജനത്തിലേക്ക് നയിച്ചത് എന്ന് ദുഷ്പ്രചാരണം അഴിച്ചുവിടുന്നത് ഈ ഹീനമായ ചരിത്രം മറച്ചുവെക്കാനല്ലെങ്കിൽ പിന്നെ എന്തിനാണ്.

## ഇവർക്ക് വന്ദേമാതരത്തോട് പൊടുന്നനെ സ്നേഹമുണ്ടായത് എപ്പോൾ?

ആർഎസ്എസുകാർ ഒരുകാലത്തും തങ്ങളുടെ ശാഖകളിലോ ഓഫീസുകളിലോ ‘വന്ദേമാതരമോ’ ‘ജനഗണമനയോ’ ആലപിക്കാറില്ല. തങ്ങളുടെ വർഗീയ വിഷപ്പല്ലുകൾ പുറത്തുകാട്ടുന്ന ‘നമസ്തേ സദാ വത്സലേ’ എന്ന ഗാനമായിരുന്നു അവർ ആലപിക്കാറ്. പൊടുന്നനെ അവർക്ക് ‘വന്ദേമാതര’ത്തോട് സ്നേഹം വഴിഞ്ഞൊഴുകുന്നത് എന്തുകൊണ്ടാണ്? നമ്മുടെ സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ വൈവിധ്യമാർന്ന ചരിത്രത്തിലെ ഒരു ഏട് മാത്രമായല്ല അവർ വന്ദേമാതരത്തെ കാണുന്നത്. വർഗീയ ഹിന്ദുത്വ പ്രത്യയശാസ്ത്രത്തോടുള്ള കൂറ് തെളിയിക്കുന്ന ഗാനമായി അവർ വന്ദേമാതരത്തെ പുനർസൃഷ്ടിച്ചിരിക്കുകയാണ്.

## ബിജെപി രവീന്ദ്രസംഗീതം നിരോധിക്കുന്നു

ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ് അസമിലെ ബിജെപി ഗവൺമെന്റ് രവീന്ദ്രനാഥ ടാഗോർ എഴുതിയ ദേശഭക്തിഗാനം നിരോധിച്ചത്. അത് ബംഗ്ലാദേശിന്റെ ദേശീയ ഗാനമാണെന്നും അത് ആലപിക്കുന്നത് രാജ്യദ്രോഹത്തിന് തുല്യമാണെന്നുമാണ് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വശർമ്മ പറയുന്നത്. മുഴുവൻ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും തങ്ങളുടെ രാജ്യത്തിന്റെ ഭാഗമാണ് എന്ന ബംഗ്ലാദേശിന്റെ അവകാശവാദത്തെ ന്യായീകരിക്കുന്നതാണത്രേ ഈ ഗാനം. എന്തൊരു വിചിത്ര വാദം!

ഈ ഗാനത്തിന് പിന്നിൽ ഒരു വീരചരിത്രമുണ്ട്. 1905ൽ കഴ്സൺ പ്രഭു അവിഭക്ത ബംഗാളിനെ വിഭജിക്കാൻ ഉത്തരവിട്ടപ്പോൾ അതിനെതിരെ വലിയ പ്രതിഷേധം ഉയർന്നുവന്നിരുന്നു. സ്വാതന്ത്ര്യ സമരത്തിന് ആക്കം വർദ്ധിപ്പിക്കാൻ ഈ പ്രതിഷേധത്തിന് സാധിച്ചു. ആ അവസരത്തിൽ രവീന്ദ്രനാഥ ടാഗോർ രചിച്ചതാണ് ‘അമർ സോനാർ ബംഗ്ലാ, അമി തൊമേയ് ഭലോബഷി’ (എന്റെ സുവർണ്ണ ബംഗാൾ, ഞാൻ നിന്നെ സ്നേഹിക്കുന്നു) എന്ന ഗാനം. അക്കാലത്ത് എല്ലാവരുടെയും ചുണ്ടുകളിൽ ആ ഗാനമായിരുന്നു. ദേശീയ വികാരം ഉണർത്താനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ജനരോഷത്തെ പ്രതിഫലിപ്പിക്കാനും ആ ഗാനത്തിന് കഴിഞ്ഞു. ബംഗാൾ വിഭജനമാണ് പശ്ചാത്തലം എങ്കിലും ആ ഗാനം ബംഗാളിന്റെ അതിർത്തികളെ ഭേദിച്ച് ഇന്ത്യ ഒട്ടാകെ പരന്നു. പിന്നീട് സ്വാതന്ത്ര്യത്തിനുശേഷം പാകിസ്ഥാൻ ഗവൺമെന്റ് ഉറുദു ഒരേയൊരു ദേശീയ ഭാഷയായി പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ ബംഗാളി സംസാരിക്കുന്ന കിഴക്കൻ പ്രവിശ്യകളിലെ ജനങ്ങൾക്കിടയിൽ പ്രതിഷേധം ഉയർന്നു. 1952 ഫെബ്രുവരി 21ന് ധാക്കയിൽ വിദ്യാർത്ഥികളും മറ്റു പ്രവർത്തകരും ഒരു പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. പോലീസ് വെടിവെപ്പിൽ ഒട്ടനവധി പേർ മരിച്ചു. അതേതുടർന്ന് പ്രതിഷേധം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു. ഒടുവിൽ പാക്കിസ്ഥാൻ ഭരണാധികാരികൾക്ക് അടിയറവ് പറയേണ്ടി വന്നു. കിഴക്കൻ പാക്കിസ്ഥാനിലെ ഔദ്യോഗിക ഭാഷയായി ബംഗാളി അംഗീകരിച്ചുകൊണ്ട് 1956ൽ അവർ ഉത്തരവിട്ടു. ഈ ഭാഷാ പ്രക്ഷോഭം ബംഗാളി ജനതയെ ഒന്നിപ്പിക്കാനും പിന്നീട് കൂടുതൽ സാംസ്കാരികവും രാഷ്ട്രീയവുമായ ഇടം നേടാനുമുള്ള വിശാല സമരത്തിലേക്ക് അവരെ നയിക്കാനും ഹേതുവായി. ഇതാണ് ഒടുവിൽ 1971ൽ ബംഗ്ലാദേശിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. ആ സമയത്താണ് ടാഗോറിന്റെ ‘അമർ സോനാർ ബംഗ്ലാ’ അവർ ദേശീയഗാനമായി സ്വീകരിക്കുന്നത്. ഇന്ത്യയിലും ബംഗ്ലാദേശിലും വളരെ വികാരവായ്പോടെ ആലപിക്കുന്ന ഗാനമാണിത്. ബംഗാളിലെ ജനങ്ങളെ ആകർഷിക്കാൻവേണ്ടി തിരഞ്ഞെടുപ്പ് റാലിയിൽ ഈ ഗാനമാലപിക്കാൻ പ്രധാനമന്ത്രി മോദിയും ശ്രമിക്കുകയുണ്ടായി.

എന്നാൽ, ബംഗ്ലാദേശിൽ ജനകീയ പ്രക്ഷോഭത്തെ തുടർന്ന് ഷേക്ക് ഹസീന രാജ്യം വിട്ട് ഇന്ത്യയിൽ അഭയം തേടുകയും മുഹമ്മദ് യൂനസിന്റെ നേതൃത്വത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വരികയും ചെയ്തതോടെ ബിജെപി ഗവൺമെന്റും അവരുമായുള്ള ബന്ധം ഉലഞ്ഞിരിക്കുകയാണ്. ഇന്ത്യയിലെ ഹിന്ദു ഭൂരിപക്ഷ വർഗീയതയ്ക്ക് മറുപടി എന്നോണം ബംഗ്ലാദേശിൽ മുസ്ലിം ഭൂരിപക്ഷ വർഗീയതയും വളർന്നുവരുന്നുണ്ട്. ഇതേ തുടർന്ന് ന്യൂനപക്ഷ ഹിന്ദുക്കൾക്കെതിരെ ആക്രമണങ്ങൾ നടക്കുന്നു. മോദി ഗവൺമെന്റ് ആരോപിക്കുന്നത് ഇത് ബംഗ്ലാദേശ് അധികാരികളുടെ സമ്മതത്തോടെയാണെന്നാണ്. ആർഎസ്എസും ബിജെപിയും ഈ അവസരം മുതലെടുത്ത് ബംഗ്ലാദേശിനെ ഉപയോഗിച്ച് ഇന്ത്യയിൽ മുസ്ലിംവിരുദ്ധ വികാരം ആളിക്കത്തിക്കാൻ ശ്രമിക്കുന്നു. ഇതാണ് രവീന്ദ്രനാഥ ടാഗോറിന്റെ ‘അമർ സോനാർ ബംഗ്ലാ’ നിരോധിക്കുന്നതിന്റെ പശ്ചാത്തലം. എന്നാൽ ഇന്ത്യയിലെ ജനങ്ങൾക്ക് ഇത് അംഗീകരിക്കാൻ സാധിക്കുമോ?

## ബിജെപിക്കാർ റാംമോഹൻ റായിയെ ബ്രിട്ടീഷ് ഏജന്റായി ചിത്രീകരിക്കുന്നു

ഇന്ത്യൻ നവോത്ഥാനത്തിലെ മറ്റ് അധികായരായ നേതാക്കളെയും ബിജെപിക്കാർ വെറുതെ വിടുന്നില്ല. ബിജെപി നേതാവും മധ്യപ്രദേശിലെ വിദ്യാഭ്യാസ മന്ത്രിയുമായ ഇന്ദർസിംഗ് വർമാർ രാജാ റാംമോഹൻ റായിയെ ബ്രിട്ടീഷ് ഏജന്റ് എന്ന് വിളിച്ച് അധിക്ഷേപിച്ചു. ഇന്ത്യയിൽ മതപരിവർത്തനത്തിന് തുടക്കമിട്ടത് റാംമോഹൻ റായ് ആണത്രേ. ബ്രിട്ടീഷുകാർ ഇത്തരം ആളുകളെ കപട സാമൂഹ്യപരിഷ്കർത്താക്കളെ ഉയർത്തിക്കാട്ടി എന്നും അത് അവരുടെ മതപരിവർത്തന അജണ്ടയെ സഹായിക്കാനായിരുന്നുവെന്നും ഇയാൾ പറഞ്ഞുവെച്ചു. ഇന്ത്യൻ നവോത്ഥാനത്തിന്റെ അഗ്രഗാമിയായിരുന്ന, ഫ്യൂഡൽ യാഥാസ്ഥിതികത്വത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിച്ച് ആധുനിക മനുഷ്യരാക്കി നമ്മെ മാറ്റിയ മഹാനായ സാമൂഹ്യ പരിഷ്കർത്താവിനെതിരെ ഇത്രയും നീചമായി സംസാരിച്ചപ്പോൾ ഇന്ത്യയെങ്ങും ആളുകൾ അതിനോട് രൂക്ഷമായി പ്രതികരിച്ചു ഇത് മനസ്സിലാക്കി ബിജെപി നേതാവ് ഒടുവിൽ മലക്കം മറിഞ്ഞ് അത് തന്റെ നാക്കിന്റെ പിഴയാണ് എന്ന് പറഞ്ഞ് തടിതപ്പി. ഇത്രയും വലിയ പിഴവ് ഏതെങ്കിലും നാവിന് വരുന്നത് നമ്മൾ ആദ്യമായി കാണുകയാണ്.

എന്നാൽ, ഇത് ഒരു പിഴവൊന്നുമല്ല. ആർഎസ്എസിന്റെ രാഷ്ട്രീയം ഇന്ത്യയുടെ നവോത്ഥാന മൂല്യങ്ങൾക്ക് നേർവിപരീതമാണ്. കാലഹരണപ്പെട്ട വിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും നമ്മെ മോചിപ്പിച്ച് ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ ആധുനിക രാഷ്ട്രം കെട്ടിപ്പടുക്കുകയായിരുന്നു ഇന്ത്യൻ നവോത്ഥാനത്തിന്റെ ലക്ഷ്യം. എന്നാൽ, ബിജെപി നിലകൊള്ളുന്നതാവട്ടെ പഴഞ്ചൻ വിശ്വാസപ്രമാണങ്ങൾക്കും ആചാരങ്ങൾക്കും വേണ്ടിയാണ്. കൽക്കട്ടയിൽ സംസ്കൃത കോളേജ് ആരംഭിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് ശ്രമിച്ചപ്പോൾ അതിനെ എതിർത്ത് ആധുനിക വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന കോളേജ്(ഇന്നത്തെ പ്രസിഡൻസി കോളജ്) ആരംഭിച്ചു. അങ്ങനെ താഴ്ന്ന ജാതിക്കാരെ ഹിന്ദു ജാതിവ്യവസ്ഥിതിയുടെ കരാളഹസ്തങ്ങളിൽനിന്ന് മോചിപ്പിക്കാൻ ശ്രമിച്ച മഹാനാണ് റാംമോഹൻ റായ്. തികച്ചും മനുഷ്യത്വഹീനമായ സതി നിർത്തലാക്കാൻ ബ്രിട്ടീഷ് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതും റാംമോഹൻ ആയിരുന്നു. അന്നത്തെ ഹിന്ദുമതത്തിന്റെ വക്താക്കൾ അദ്ദേഹത്തെ ശത്രുപക്ഷത്ത് നിർത്തിയതാണ്. അപ്പോൾ പിന്നെ ഇതെങ്ങനെ നാക്കുപിഴയാകും. ഇന്ത്യൻ നവോത്ഥാനത്തിന്റെ നായകരെ കരിവാരിത്തേക്കുന്ന ഒരു പ്രചരണ പരിപാടി ബിജെപി-ആർഎസ്എസ് നടപ്പിലാക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. നവോത്ഥാന മൂല്യങ്ങൾ ഇല്ലാതാക്കി തങ്ങൾക്കുവേണ്ട പഴഞ്ചൻ മതമൂല്യങ്ങൾ തിരിച്ചുകൊണ്ടുവരാനും അതുവഴി ജനങ്ങളെ അജ്ഞതയിൽ തളച്ചിടാനും വേണ്ടിയാണ് അവരിത് ചെയ്യുന്നത്. ഇന്ത്യൻ മുതലാളി വർഗ്ഗത്തിന്റെ വിശ്വസ്ത സേവകരായ ആർഎസ്എസും ബിജെപിയും ഇതുവഴി മുതലാളിത്തത്തിന് ആയുസ്സ് വർദ്ധിപ്പിച്ചെടുക്കാമെന്ന് കണക്കുകൂട്ടുന്നു. ഈ ഗൂഢപദ്ധതി തിരിച്ചറിയണമെന്നാണ് ഞങ്ങൾക്ക് ജനങ്ങളോട് പറയാനുള്ളത്. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2025 December
Price: ₹ 10.00

# നടി ആക്രമിക്കപ്പെട്ട കേസിലെ കോടതിവിധി നീതിന്യായ സംവിധാനത്തിന്റെ വിശ്വാസ്യതയെ തകർക്കുന്നു

നടി ആക്രമിക്കപ്പെട്ട കേസിൽ നടൻ ദിലീപടക്കം നാല് പ്രതികളെ കുറ്റവിമുക്തരാക്കിയ സെഷൻസ് കോടതിവിധി അങ്ങേയറ്റം നീതിരഹിതവും സ്ത്രീവിരുദ്ധവുമാണെന്ന് അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് എസ്.സൗഭാഗ്യ കുമാരി, സെക്രട്ടറി കെ.എം. ബീവി എന്നിവർ അഭിപ്രായപ്പെട്ടു. കോടതിയിലും നീതിന്യായ സംവിധാനത്തിലും ജനങ്ങൾക്കുള്ള വിശ്വാസത്തെ തകർക്കുന്ന ഒരു വിധി പ്രസ്താവമാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. ഇത് സമൂഹത്തിൽ അരാജകത്വം വളർത്തുകയും തെറ്റായ സന്ദേശം നൽകുകയും ചെയ്യും.



നടി ആക്രമിക്കപ്പെട്ട കേസിലെ സെഷൻസ് കോടതി വിധിക്കെതിരെ പാളയം രക്തസാക്ഷി മണ്ഡപത്തിനുമുന്നിൽ നടന്ന പ്രതിഷേധ കൂട്ടായ്മ.

ഈ കേസിന്റെ നാൾവഴികളിലൂടനീളം നടന്ന കാര്യങ്ങൾ വച്ച് കേസ് അട്ടിമറിക്കപ്പെടാൻ സാദ്ധ്യതയുള്ളതായി അതിജീവിതയും പൊതുസമൂഹവും സംശയിച്ചിരുന്നു. പ്രതികളുടെ ഉന്നതതലത്തിലുള്ള സ്വാധീനം പ്രകടമായിരുന്നു.

കുറ്റകൃത്യങ്ങൾക്കും കുറ്റവാളികൾക്കും വിധി പ്രോത്സാഹനം നൽകും. അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പെൺകുട്ടികൾ ആജീവനാന്തം അതിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടിവരുന്ന എന്ന ദുര്യോഗം തുടരുകയാണ്.

അടുത്ത കാലത്ത് നടന്ന പോക്സോ അടക്കമുള്ള പീഡന കേസുകളിൽ പോലീസും കോടതിയും രാഷ്ട്രീയ നേതാക്കളും സ്വാധീനശേഷിയുള്ള കുറ്റവാളികളോടൊപ്പം നിൽക്കുന്നതായാണ് പൊതുവിൽ കാണുന്നത്. ഇത് ഒരു ജനാധിപത്യ സമൂഹത്തിന് ഒട്ടും ഉചിതമല്ല. സ്ത്രീകൾക്ക് സുരക്ഷയും ജനാധിപത്യ അവകാശങ്ങളും ഉറപ്പാക്കേണ്ടത് ഭരിക്കുന്ന സർക്കാരാണ്. എത്രയും വേഗം അതിജീവിതക്ക് നീതി ഉറപ്പാക്കുവാൻ വേണ്ടി നിയമപരമായ ഇടപെടൽ നടത്താൻ തയ്യാറാകണമെന്ന് സർക്കാരിനോട് അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന ശക്തമായി ആവശ്യപ്പെടുന്നു. ■



വിനാശകരമായ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ (എൻഇപി 2020) സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന വിദ്യാഭ്യാസ രക്ഷാ സദസ്സ് ജനകീയ പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് ഡോ.എം.പി. മത്തായി ഉദ്ഘാടനം ചെയ്യുന്നു.



ആലപ്പുഴ മുനിസിപ്പൽ ലൈബ്രറിയിലെ ഒരുലക്ഷത്തിലേറെവരുന്ന പുസ്തകശേഖരം സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട്, 'ചിതലരിക്കാനുള്ളതല്ല പുസ്തകങ്ങൾ, അവ മനുഷ്യസംസ്കൃതിയുടെ അമൂല്യനിധികൾ' എന്ന മുദ്രാവാക്യമുയർത്തി ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ) ആലപ്പുഴ എസ്ഡിവി സ്കൂളിനു മുന്നിൽ നടത്തിയ പ്രതിഷേധ പരിപാടി സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ് ഉദ്ഘാടനം ചെയ്യുന്നു.

# ഇൻഷുറൻസിൽ 100% നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിക്കരുത്

എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

സ്വകാര്യവൽക്കരണത്തിനായുള്ള നെട്ടോട്ടത്തിൽ, ബിജെപി നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ ഇപ്പോൾ ഇന്ത്യൻ ഇൻഷുറൻസ് കമ്പനികളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണത്തിന് വഴി തുറന്നിരിക്കുകയാണ്. 34 ലക്ഷം കോടിയിലധികം രൂപയുടെ ഫണ്ടുള്ള എൽഐസി ഉൾപ്പെടെയുള്ള ഇൻഷുറൻസ് മേഖലയിൽ 100% നേരിട്ടുള്ള വിദേശ നിക്ഷേപം (എഫ്ഡിഐ) അനുവദിക്കാനുള്ള തീരുമാനമെടുത്തുകൊണ്ടാണ് ഇത് ചെയ്തിരിക്കുന്നത്. മാത്രമല്ല, കുറഞ്ഞ പെയ്ഡ്-അപ്പ് മൂലധന ആവശ്യകതകൾക്കും (അംഗീകൃതമൂലധനത്തിന്റെയഥാർത്ഥത്തിൽ അടച്ച ഭാഗം) അതുപോലെ സംയോജിത ലൈസൻസിംഗ് സംവിധാനത്തിനും (നിയന്ത്രണങ്ങൾ ലളിതമാക്കിയും ചെലവ് കുറച്ചും ജനറൽ, ലൈഫ് ഇൻഷുറൻസുകളിലേക്ക് പ്രവേശിക്കാനുള്ള ഒറ്റ പെർമിറ്റ്) അംഗീകാരം നൽകിയിട്ടുണ്ട്.

ഇതുവഴിവേഗത്തിലുള്ളക്ലെയിം തീർപ്പാക്കൽ, വിപുലമായ ഉൽപ്പന്ന തിരഞ്ഞെടുപ്പുകൾ, മികച്ച ഡിജിറ്റൽ സേവനങ്ങൾ, കൂടുതൽ മത്സരാധിഷ്ഠിത വിലനിർണ്ണയം, ശക്തമായ നിയന്ത്രണസംരക്ഷണം എന്നിവ എളുപ്പമാകുമെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. എന്നാൽ, ഇത്തരം ആനുകൂല്യങ്ങൾ ഇൻഷ്വർ ചെയ്തവർക്ക് എങ്ങനെ ലഭിക്കുമെന്നതിനെക്കുറിച്ച് വ്യക്തമാക്കുന്നില്ല. നേരെമറിച്ച്, സ്വകാര്യ കമ്പനികൾ ലാഭം പരമാവധിയാക്കാൻ ശ്രമിക്കുന്നതിനാൽ പ്രീമിയം വർദ്ധിപ്പിക്കാൻ ഈ തീരുമാനം കാരണമാകും. അവർ കൂടുതൽ ലാഭകരമായ നഗരമേഖലകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും, ക്ലെയിമുകൾ ശക്തമായി നിഷേധിക്കുകയും ചെയ്തേക്കാം, ഇത് കവറേജിന്റെ മൊത്തത്തിലുള്ള ചെലവിനെ പരോക്ഷമായി ബാധിച്ചേക്കാം. സർക്കാർ അവകാശവാദങ്ങൾക്ക് വിപരീതമായി, ഈ സമ്പൂർണ്ണ സ്വകാര്യവൽക്കരണം വിപണി ഏകീകരണത്തിലേക്ക് നയിക്കും. അതിലൂടെ ആധിപത്യമുള്ള ഏതാനും ചില ശക്തികൾ മാത്രമാകും രംഗത്ത് ഉണ്ടാകുക. തന്മൂലം ആരോഗ്യകരമായ മത്സരമില്ലായ്മ പ്രീമിയം വർദ്ധനവിന് കാരണമാകും. അമേരിക്ക, ജർമ്മനി, യു.കെ. എന്നിവിടങ്ങളിൽ വേരുകളുള്ള വിദേശ ഭീമൻ മൾട്ടിനാഷണലുകളെ ആകർഷിക്കാൻ വേണ്ടിയാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാണ്.

ഇൻഷുറൻസ് വ്യവസായത്തിൽ കടുത്ത മത്സരം നിലനിൽക്കുന്ന അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പോലും, ലാഭം വർദ്ധിപ്പിക്കുന്നതിനായി ക്ലെയിമുകൾ നിഷേധിക്കുകയും പേയ്മെന്റുകൾ വൈകിപ്പിക്കുകയും ചെയ്യുന്ന കുടിലതന്ത്രങ്ങളിലും അധാർമ്മികപെരുമാറ്റങ്ങളിലും ഏർപ്പെട്ടതിലൂടെ നിരവധി വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് എടുത്തുപറയേണ്ടതുണ്ട്. വലിയ സാമ്രാജ്യത്വരാജ്യങ്ങളിലെ ഡസൻ കണക്കിന് സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ ഊഹക്കച്ചവട നിക്ഷേപങ്ങളും അധാർമ്മികപ്രവർത്തനങ്ങളും കാരണം ഓരോ വർഷവും പാപ്പരായി പ്രഖ്യാപിക്കപ്പെടുന്നുണ്ട്.

അതുകൊണ്ട്, ബിജെപി സർക്കാരിന്റെ തികച്ചും ജനവിരുദ്ധവും ബഹുരാഷ്ട്ര കമ്പനികൾക്ക് അനുകൂലവുമായ ഈ നയത്തെ ഞങ്ങൾ ശക്തമായി എതിർക്കുന്നു. വിനാശകരമായതും അവിവേകപരവുമായ സ്വകാര്യവൽക്കരണ ശ്രമത്തെ ചെറുക്കാൻ, എല്ലാ വ്യവസായമേഖലകളിലുമുള്ള തൊഴിലാളിവർഗ്ഗം ഒരുമിക്കുകയും സുസംഘടിതവും ശക്തവുമായ പ്രക്ഷോഭം കെട്ടഴിച്ചുവിടുകയും ചെയ്യണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# കേന്ദ്ര സർക്കാരിന്റെ വിത്തു ബിൽ 2025 ഉടൻ പിൻവലിക്കുക

എഐകെകെഎംഎസ് സംസ്ഥാന പ്രസിഡന്റ് കെ.അബ്ദുൾ അസീസും സംസ്ഥാന സെക്രട്ടറി എൻ.വിനോദ് കുമാറും ചേർന്ന് പുറപ്പെടുവിച്ച പ്രസ്താവന

കാർഷിക മേഖലയിലെ ഉൽപ്പാദനവും സംഭരണ-വിതരണ രംഗങ്ങളും സ്വദേശ-വിദേശ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ പൂർണ്ണ നിയന്ത്രണത്തിലാക്കുവാൻ അവസരം ഒരുക്കുന്നതിന് കേന്ദ്രത്തിലെ ബിജെപിയുടെ മോദി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളിൽ ഏറ്റവും ഒടുവിലത്തേതാണ് കേന്ദ്ര കൃഷി, കർഷക ക്ഷേമ വകുപ്പ് മന്ത്രാലയം 2025 നവംബർ 12ന് വിജ്ഞാപനം ചെയ്ത വിത്ത് ബിൽ -2025.

കാർഷിക ഉല്പാദനത്തിന് ആവശ്യമായ സാമഗ്രികളിൽ ഏറ്റവും അടിസ്ഥാന ഘടകമായിട്ടുള്ള വിത്തും സസ്യ വൈവിധ്യങ്ങളും നിലവിൽ 1966ലെ വിത്തു നിയമത്തിന്റെയും, 1968 ൽ രൂപീകരിച്ച അതിന്റെ ചട്ടങ്ങളുടെയും, തുടർന്ന് 1983 ൽ ഇറക്കിയ വിത്ത് നിയന്ത്രണ ഉത്തരവിന്റെയും ( Seed Control Order -1983) നിയന്ത്രണത്തിൻ കീഴിലായിരുന്ന കൈകാര്യം ചെയ്തിരുന്നത്. അവശ്യ വസ്തുക്കൾ നിയമം-1955ൽ ഉൾപ്പെടുന്ന വിത്ത് നിർദ്ദിഷ്ട വിത്തു ബിൽ നിയമമാകുന്നതോടെ വിത്തിന്റെ ഉല്പാദന - വിതരണ - വ്യാപാര രംഗങ്ങളിൽ ഇതിനകം ചുവടുറപ്പിച്ചിട്ടുള്ള അഗ്രി ബിസിനസ്സ് ഭീമന്മാർക്കും ഇടനിലക്കാർക്കും ഈ രംഗം മുഴുവൻ കൈയടക്കാനും അതുവഴി കാർഷിക വിളകളുടെ ഉല്പാദന ചെലവ് അതിഭീമമായി വർദ്ധിക്കുവാനും ഇടവരുത്തും. അനന്തരഫലമെന്നോണം പതിറ്റാണ്ടുകളായി ഇന്ത്യയിലെ കാർഷികരംഗത്ത് നിലനില്ക്കുന്ന പ്രതിസന്ധികളും അങ്ങേയറ്റം രൂക്ഷമാകും എന്നതിനാൽ ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

കാർഷിക ഉല്പാദന ചെലവ് തുടർച്ചയായി വർഷംതോറും ഭീമമായി വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. എന്നാൽ ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തിയ ന്യായവില (C2 + 50 % നിരക്കിൽ) കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ലഭ്യമാക്കുന്നതിനോ കുറ്റമറ്റ രീതിയിൽ യഥാസമയം സംഭരിക്കുന്നതിനോ നിലവിൽ സംവിധാനങ്ങളില്ല. അതിനാൽ ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള കർഷകർക്ക് ന്യായവില ലഭിക്കാറില്ല. വിളവെടുപ്പു കാലത്ത് നേരിടുന്ന വിലത്തകർച്ചയും വില്പന പ്രതിസന്ധികളും കർഷകരെ കടക്കെണിയിലേക്കും ആത്മഹത്യയിലേക്കും തള്ളിവിടുന്നത് ഒരു പ്രതിഭാസമായി മാറിയിരിക്കുന്നു. ഇന്ത്യയിലെ മൊത്തം കർഷകരിൽ 86.2 ശതമാനത്തിലധികവും (2015-16ലെ കാർഷിക സെൻസസ് പ്രകാരം) ചെറുകിട, നാമമാത്ര കർഷകരാണ്. ഗ്രാമീണ മേഖലയിലെ ഈ മഹാഭൂരിപക്ഷത്തെയാണ് കാർഷിക പ്രതിസന്ധി ഏറ്റവും രൂക്ഷമായി പിടിമുറുക്കിയിരിക്കുന്നത്. നിലവിലുള്ള ദുരിതപൂർണ്ണമായ ഈ സാഹചര്യത്തെ അങ്ങേയറ്റം കൊടുമ്പിരിക്കൊള്ളിക്കുന്ന വിത്തു ബിൽ-2025 കേന്ദ്ര സർക്കാർ ഉടൻ പിൻവലിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ■

Volume: 52 No:9 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Web : kerala.sucicommunist.org Phone: 0471-3557684. Editor: Jaison Joseph.